# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 4
April 2024


"For their sake I consecrate myself , that they also may be consecrated in truth" (John 17:19)




ВОСКРЕСЕНІЕ ХРИСТОВО
ഈസ്റ്റർ മംഗളങ്ങൾ

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 15 | ഏപ്രിൽ 2024 | ലക്കം 4

ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ഇടയലേഖനം............................................................................ 7
രൂപതാ കച്ചേരി വാർത്തകൾ........................................................... 14
റിപ്പോർട്ട് - വൈദികസമിതി........................................................... 16
മതബോധനരംഗം .................................................................... 18
ചെറുപുഷ്പ മിഷൻലീഗ്.................................................................. 33
Department of Youth Ministry..................................................... 37
കെ.സി.വൈ.എം.......................................................................... 40
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.............................................. 48
കുടുംബപ്രേഷിതത്വം........................................................................ 52
സീയോൻ വാർത്ത............................................................................ 61
വിൻസെന്റ് ഡി പോൾ സൊസൈറ്റി............................................. 62
സാമൂഹ്യ സേവനരംഗം (WSSS)................................................... 64
ജീവസ് & കെ.എൽ.എം ……………............................................. 68
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി....................................... 71
ബയോവിൻ അഗ്രോ റിസർച്ച്......................................................... 75
കത്തോലിക്കാ കോൺഗ്രസ്.................................................... 78
റേഡിയോ മാറ്റൊലി ........................................................................ 83
Mary Matha Arts & Science College........................................ 85
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ............................................ 88
ബിഷപ്സ് പ്രോഗ്രാം.......................................................................... 95

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church
Prot. No. 0205/2024

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.*

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ! ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ, സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി ചുമതലയേറ്റതിനുശേഷം ഒരു ഇടയ ലേഖനത്തിലൂടെ ഞാൻ ആദ്യമായി നിങ്ങളെ അഭിസംബോധന ചെയ്യുകയാണ്. സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ ജനുവരി 8 മുതൽ 10 വരെ നടന്ന മുപ്പത്തിരണ്ടാമതു സിനഡിന്റെ ഒന്നാം സമ്മേളനം സഭയുടെ നാലാമത്തെ മേജർ ആർച്ചു ബിഷപ്പായി എന്നെ തെരഞ്ഞെടുക്കുകയും പ്രസ്തുത തെരഞ്ഞെടുപ്പു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിക്കുകയും ചെയ്തു. ജനുവരി പതിനൊന്നാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ ചുമതല ഞാൻ ഏറ്റെടുത്തു. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനായി ആത്മാർഥമായി പ്രാർഥിച്ച സഭമുഴുവനോടും ഞാൻ ഹൃദയപൂർവം നന്ദി പറയുന്നു. സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ സിനഡു വിളിച്ചുകൂട്ടുകയും മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ദൈവാനുഗ്രഹപ്രദമായും സൂക്ഷ്മതയോടെയും കൃത്യതയോടെയും അവതരിപ്പിക്കുകയും ചെയ്ത കൂരിയാ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിനും ഏറ്റം ഹൃദ്യമായി നന്ദിപറയുന്നു.

സീറോമലബാർ സഭയുടെ ചരിത്രം ദൈവിക ഇടപെടലുകളുടെ അത്ഭുത വിവരണമാണ്. വി. തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപമെടുത്ത ഈ ക്രൈസ്തവ സമൂഹത്തിനു നൂറ്റാണ്ടുകൾനീണ്ട സങ്കീർണവും വേദനാജനകവുമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകേണ്ടവന്നത്. കത്തോലിക്കാ കൂട്ടായ്മയിൽ

നിന്നു വിഘടിച്ചുപോകാനുള്ള പ്രലോഭനങ്ങളെ അതിജീവിച്ച ഈ സഭാസമൂഹം സ്വന്തം അസ്തിത്വം രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നിരന്തരം തുടർന്നുകൊണ്ടേയിരുന്നു. 1923-ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിതമായെങ്കിലും 1992-ൽ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേക്ക് ഉയർത്തപ്പെട്ടതോടെയാണു സീറോമലബാർ സഭയിൽ കാനോനികമായ സംവിധാനങ്ങൾ പൂർണമായും രൂപപ്പെട്ടത്. നമ്മുടെ സഭയെ കഴിഞ്ഞ രണ്ടു സഹസ്രാബ്ദങ്ങളിൽ വഴിനടത്തിയ ദൈവപരിപാലനയ്ക്കു നന്ദിപറയാം. സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ആന്റണി പടിയറ പിതാവിനെയും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചു ബിഷപ്പ് മാർ അബ്രാഹം കാട്ടുമന പിതാവിനെയും രണ്ടാമത്തെ മേജർ ആർച്ചു ബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽ പിതാവിനെയും ഈ അവസരത്തിൽ ആദരവോടും കൃതജ്ഞതയോടും കൂടെ അനുസ്മരിക്കുന്നു.

സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പായ കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ ശുശ്രൂഷകൾ സമാനതകളില്ലാത്തതാണ്. ജീവിതലാളിത്യവും നലംതികഞ്ഞ സഭാസ്നേഹവും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും വിശ്രമരഹിതമായ അധ്വാനവും സ്വന്തമാക്കിയ ജീവിതമാണ് പിതാവിന്റേത്. ഭാരതംമുഴുവനും ഭരണാധികാരമുള്ള സഭയായി സീറോ മലബാർസഭയെ വളർത്തുകയും ഭാരതത്തിനുപുറത്തു മെൽബൺ, മിസ്സിസാഗാ, ഗ്രേറ്റ് ബ്രിട്ടൺ രൂപതകളുടെയും യുറോപ്പിലെ അപ്പസ്തോലിക്ക് വിസിറ്റേഷന്റെയും സ്ഥാപനത്തിലൂടെ നമ്മുടെ സഭയ്ക്ക് ആഗോളമാനം നൽകുകയും ചെയ്തത് അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ക്രാന്തദർശനമാണ്. ആരാധനക്രമനവീകരണം എന്നും സങ്കീർണമായിരുന്ന നമ്മുടെ സഭയിൽ വിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണവും യാമപ്രാർഥനകളുടെയും നവീകരണവും ഏറ്റെടുത്തു ലക്ഷ്യത്തിലെത്തിച്ചത് അഭിവന്ദ്യ പിതാവിന്റെ നിശ്ചയദാർഢ്യവും നേതൃത്വപാടവവുമാണ്. വന്ദ്യപിതാവു സഭയ്ക്കുവേണ്ടി ചെയ്ത ത്യാഗപൂർണമായ സമർപ്പണത്തിനു നമുക്കു പിതാവിനോടു നന്ദിപറയാം.

പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ എന്റെ തെരഞ്ഞെടുപ്പിന് സ്ഥിരീകരണം നല്കിക്കൊണ്ട് എഴുതിയ കത്തിൽ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും തണലാകണമെന്ന പ്രത്യേക നിർദേശം നല്കിയിട്ടുണ്ട്. ഭക്ഷണവും

വെള്ളവും വസ്ത്രവും കിടപ്പാടവും സ്വന്തമായ ഭൂമിയും സ്വാതന്ത്ര്യവുമില്ലാത്തവരോടാണ് ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയത് (മത്താ. 25: 35-36). 'പാവങ്ങളുടെ സഭ' എന്ന ഫ്രാൻസിസ് പാപ്പായുടെ സഭാദർശനം ജീവിക്കാൻ നാം ശ്രദ്ധിക്കണം. ധൂർത്തും ആഡംബരവും പ്രദർശനപരതയും സുവിശേഷവിരുദ്ധമായ പാപങ്ങളാണ്. ഈശോ തന്റെ സഭയെക്കുറിച്ചു കണ്ട ലാളിത്യത്തിന്റെ സ്വപ്നം സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും പ്രതിഫലിക്കണം. നമ്മുടെ നിർമാണപ്രവൃത്തികളിലും തിരുനാൾ, വിവാഹം, തിരുപ്പട്ടം തുടങ്ങിയ ആഘോഷങ്ങളിലും സുവിശേഷത്തിന്റെ ലാളിത്യമായിരിക്കണം നമുക്കു മാർഗദീപം. പാവപ്പെട്ടവർക്കു പ്രാപ്യമല്ലാത്ത സ്ഥാപനങ്ങളൊന്നും സഭയുടെ സ്ഥാപനങ്ങളായി അറിയപ്പെടാൻ അവകാശമില്ലാത്തവയാണ്.

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവസമൂഹം നേരിടുന്ന വിവേചനങ്ങളെക്കുറിച്ചു നാം കരുതലുള്ളവരാകണം. ഒരു ന്യൂനപക്ഷമെന്നനിലയിൽ ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും ആവശ്യമായതും ഭരണഘടന ഉറപ്പുനല്കുന്നതുമായ എല്ലാ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാനും അവയെ പരിരക്ഷിക്കാനും നമുക്കു സാധിക്കണം. കർഷകർ, അസംഘടിതരായ തൊഴിലാളികൾ, ചെറുകിട വ്യവസായികൾ തുടങ്ങിയവർ ഇന്ന് എല്ലാ മേഖലകളിലും തഴയപ്പെട്ടുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നു മലയോരമേഖലയിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കുന്നതിൽ ഭരണസംവിധാനങ്ങൾ പരാജയപ്പെടുമ്പോൾ നമുക്കു നഷ്ടമാകുന്നതു മനുഷ്യജീവിതങ്ങളും അവരുടെ ഒരായുസിന്റെ അധ്വാനവുമാണ്. ഇവിടെയെല്ലാം ജനാധിപത്യപരമായ സംഘടിതമുന്നേറ്റങ്ങൾ ആവശ്യമാണ്.

ക്രൈസ്തവർ എക്കാലവും മതസൗഹാർദത്തിന്റെ വക്താക്കളാണെന്ന സത്യം നാം മറക്കരുത്. ഈശോയിലൂടെ കൈവന്ന രക്ഷ സകല മനുഷ്യർക്കും വേണ്ടിയുള്ളതാണെന്ന സാർവ്വത്രിക സാഹോദര്യത്തിലാണു നാം വിശ്വസിക്കുന്നത്. അതിനാൽ വർഗീയതയ്ക്കോ വിഭാഗീയതയ്ക്കോ ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല. എല്ലാ മതങ്ങളും സഹോദരനിർവിശേഷമായ സ്നേഹത്തോടെ വസിക്കുന്ന നമ്മുടെ നാടിന്റെ നന്മ നഷ്ടമാകാതിരി

ക്കാൻ നാം ജാഗ്രതയോടെ വർത്തിക്കണം.

നമ്മുടെ സഭയ്ക്കു ദൈവം നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. 35 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും മറ്റു അസംഘടിത സമൂഹങ്ങളിലുമായി അൻപതുലക്ഷത്തിലധികം വരുന്ന വിശ്വാസികൾ നമുക്കുണ്ട്. വൈദിക സമർപ്പിത ദൈവവിളികളാൽ സമ്പന്നമാണു നമ്മുടെ സഭ. നമ്മുടെ രൂപതകളിലും സംവിധാനങ്ങളിലും മാത്രമല്ല മറ്റു സഭകളിലും ലോകം മുഴുവനിലും ശുശ്രൂഷചെയ്യുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനമാണ്. മാനുഷികമായ പോരായ്മകളും സ്വഭാവരീതികളും പൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും ശോഭ നഷ്ടപ്പെടുത്താതെ ഫലപ്രദമായ ശുശ്രൂഷചെയ്യാൻ വൈദികരും സമർപ്പിതരും കൂടുതൽ ആത്മീയമായ കാഴ്ചപ്പാട് ഉള്ളവരാകണമെന്നു സഭ ആഗ്രഹിക്കുന്നു. പത്തു ലക്ഷത്തോളം വരുന്ന കുടുംബങ്ങളാണു നമ്മുടെ സഭയുടെ ശക്തി. പ്രാർഥനയിലും സ്നേഹത്തിലും പരസ്പര ബഹുമാനത്തിലും രൂപപ്പെടുകയും വളരുകയും ചെയ്യുന്ന കുടുംബങ്ങൾക്കു മാത്രമേ കാലഘട്ടം ഉയർത്തുന്ന ശിഥിലീകരണത്തെ നേരിടാൻ സാധിക്കുകയുള്ളൂ.

നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും അവരുടെ വിശ്വാസജീവിതവും ദൈവം നമുക്കു നല്കിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളാണ്. യുവജനങ്ങളുടെ കൂടെനടക്കാനും ജീവിത സാഹചര്യങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ ശക്തരാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും വിശ്വാസപരിശീലനം സഭ മുഴുവന്റെയും ഉത്തരവാദിത്വമായി കണക്കാക്കണം. ഈശോയെ നാഥനും രക്ഷകനുമായി സ്വന്തം ജീവിതത്തിൽ സ്വീകരിക്കാനും അതു മറ്റുള്ളവർക്കുമുൻപിൽ സാക്ഷ്യപ്പെടുത്താനും നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും ബോധ്യമുള്ളവരാകണം. വിശ്വാസപരിശീലനം ഈ ലക്ഷ്യം നേടുന്നതിനു പര്യാപ്തമാകേണ്ടിയിരിക്കുന്നു.

സാർവ്വത്രികസഭയുടെ പ്രേഷിതസ്വഭാവം അതിന്റെ എല്ലാ തലങ്ങളിലും സ്വാംശീകരിക്കാൻ സീറോമലബാർ സഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മിഷൻ രൂപതകളിലും മിഷൻ പ്രദേശങ്ങളിലും ശുശ്രൂഷ ചെയ്യുന്നവരെ പ്രാർഥനയിൽ

പ്രത്യേകം ഓർക്കണം. ഭാരതത്തിലെ പല അവികസിതമേഖല കളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെയും ആതുരശുശ്രൂഷ കളിലൂടെയും സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും സ്നേഹവും കാരുണ്യവും പകർന്നുകൊടുത്തുകൊണ്ടു സാമൂഹ്യ സേവനത്തി ലേർപ്പെട്ടിരിക്കുന്നവർക്കെതിരേ അടിസ്ഥാനരഹിതമാ ആരോപ ണങ്ങൾ ഉന്നയിച്ചുകൊണ്ടു കേസുകളെടുക്കാനും സേവനമേഖ ലകളിൽ നിന്നു അവരെ പുറത്താക്കാനും ജനോപകാരപ്രവർ ത്തനങ്ങളെ തടസപ്പെടുത്താനും നടത്തുന്ന സംഘടിതശ്രമ ങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. ഇപ്രകാരം സുവിശേഷത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവരെയോർത്തു സഭമുഴുവനും പ്രാർഥിക്കണം. അവരുടെ പ്രവർത്തനങ്ങൾക്കു സാധ്യമായ എല്ലാ പിന്തുണയും നല്കേണ്ടതു നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നതു മറക്കാതിരിക്കാം.

നമ്മുടെ സമൂഹം മറ്റൊരു കുടിയേറ്റാനുഭവത്തിലൂടെ കടന്നു പോയ്ക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ജോലി സാധ്യതയ്ക്കും ഉയർന്ന ജീവിതനിലവാരത്തിനും വേണ്ടി നമ്മുടെ യുവജനങ്ങളും കുടുംബങ്ങളും വിദേശരാജ്യങ്ങളിലേക്കു കുടി യേറിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലുള്ള സീറോമല ബാർ രൂപതകളും നാട്ടിലെ രൂപതകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ ഇത്തരം കുടുംബങ്ങളെയും വ്യക്തികളെയും അനുഗമിക്കാനും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടു ക്കാനും സാധിക്കണം. ചില സാഹചര്യങ്ങളിലെങ്കിലും വാഗ്ദാനം ചെയ്യപ്പെടുന്ന കോഴ്സുകളോ ജോലിയോ ശമ്പളമോ ലഭിക്കാതെ പ്രവാസികൾ വഞ്ചിതരാകുന്നസംഭവങ്ങൾ ഉടലെടുക്കുന്നുണ്ട്. പന്ത്രണ്ടാം ക്ലാസു കഴിഞ്ഞയുടൻ വിദേശത്തേക്കുപോകാനുള്ള പ്രവണതയും കുടുംബങ്ങൾ വലിയ കടബാധ്യത എടുത്തുവച്ചു മക്കളെ വിദേശത്തേക്ക് അയക്കുന്ന സാഹചര്യവും വിശകലന വിധേയമാക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഉന്നതപഠനത്തിനും അതിനനുസൃതമായ ജോലിക്കുമുള്ള സ്വന്തം നാട്ടിലെ സാധ്യത കൾ പ്രയോജനപ്പെടുത്താനും സാധിക്കണം.

സീറോമലബാർസഭയുടെ മുന്നിൽ ചക്രവാളത്തോളം വിശാ ലമായ സാധ്യതകളാണു ദൈവം തുറന്നുതരുന്നത്.സഭയുടെ ഏറ്റവും വലിയ മൂലധനം കൂട്ടായ്മയും വിശ്വാസവുമാണെന്ന സത്യം നാം വിസ്മരിക്കരുത്. ഏതൊരു വ്യക്തിസഭയുടെയും വളർച്ചയിൽ സഭാ പാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും

(resourcement) സമകാലികതയോടുള്ള തുറവിയും (aggiornamento) ഒരുപോലെ പ്രധാനമാണെന്ന വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയുടെ ദർശനം നമുക്കു വഴികാട്ടണം. പാരമ്പര്യവാദവും പുരോഗമനചിന്തയും പരസ്പരപൂരകങ്ങളാകയാൽ അവയെ ഭിന്നതയുടെ കാരണങ്ങളായി നാമാരും കാണരുത്. വ്യത്യസ്ത ചിന്താഗതികളുള്ളവർ ചേരിതിരിഞ്ഞു സാമൂഹിക മാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുമ്പോൾ മുറിവേല്ക്കുന്നതു നമ്മുടെ കർത്താവിന്റെ ശരീരമായ തിരുസഭയ്ക്കാണെന്ന സത്യം നമുക്കു മറക്കാതിരിക്കാം.

വിശുദ്ധ കുർബാനയുടെ ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികളെക്കുറിച്ചു നിങ്ങൾക്കറിയാമല്ലോ. തിരുസഭാഗാത്രത്തിലെ ഈ മുറിവുണക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ഈ വിഷയത്തിനു പരിഹാരം കാണാൻ പൊന്തിഫിക്കൽ ഡെലഗേറ്റായ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പിതാവിനെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ ബിഷപ്പ് മാർ ബോസ്കോ പുത്തൂർ പിതാവിനെയുമാണ് പരിശുദ്ധ സിംഹാസനം ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭയിൽ ഐക്യം സംജാതമാക്കാൻ അവർ നടത്തുന്ന പരിശ്രമങ്ങളോടു എല്ലാവരും ആത്മാർതമായി സഹകരിക്കണം. നമ്മുടെ കുർബാനക്രമത്തിന്റെ സിനഡു തീരുമാനിച്ച ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചു നല്കിയ ഉദ്ബോധനത്തിൽ നിന്നു പിന്നോട്ടുപോകാൻ ആർക്കും സാധിക്കില്ല. കത്തോലിക്കാകൂട്ടായ്മയിൽ നമ്മൾ നിലനിലക്കുന്നതു പരിശുദ്ധ പിതാവിനോടു പൂർണമായ വിധേയത്വം പുലർത്തിക്കൊണ്ടാവണം.

പ്രിയപ്പെട്ടവരേ, സീറോമലബാർസഭയെ നയിക്കുക എന്ന ഭൗത്യം ദൈവം എന്നെ ഭാരമേൽപിക്കുമ്പോൾ നിങ്ങളുടെ പ്രാർഥനയിലും വിശ്വാസത്തിലും സ്നേഹത്തിലുമാണു ഞാൻ പ്രത്യാശ വയ്ക്കുന്നത്. പ്രതിസന്ധികളുടെ നടുവിലൂടെ കടന്നുപോകുമ്പോഴും, ''അവിടുന്ന് തന്റെ കാരുണ്യം ഒരിക്കലും നമ്മിൽനിന്നു പിൻവലിക്കുന്നില്ല. വിപത്തുകൾകൊണ്ടു നമുക്കു ശിക്ഷണം നൽകുമെങ്കിലും അവിടുന്ന് സ്വജനത്തെ കൈവിടുന്നില്ല'' (2 മക്ക . 6:16) എന്ന ആഴമായ വിശ്വാസം നമുക്കുണ്ടാവണം. ''നിങ്ങൾ

എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണു ചെയ്തത്'' (യോഹ. 15:16) എന്ന ഈശോയുടെ വചനം നമുക്കു ബലംപകരുന്നു. ''നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്'' (1 തെസ. 5:24) എന്ന വി. പൗലോസിന്റെ ആഴമായ ബോധ്യവും നമുക്കു കരുത്തേകട്ടെ, സാർവത്രിക സഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ, പൗരസ്ത്യ വ്യക്തി സഭകളിലൊന്നായ സീറോമലബാർസഭയുടെ മക്കളായ നമുക്ക് ഈ കാലഘട്ടം ആവശ്യപ്പെടുന്ന വിശ്വാസ സാക്ഷ്യം നൽകാൻ സ്നേഹത്തിലും ഐക്യത്തിലും വ്യാപരിക്കാം. നിങ്ങളെല്ലാവരെയും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും സമർപ്പിക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ഫെബ്രുവരി മാസം 22-ാം തീയതി നൽകപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

ഈ ഇടയലേഖനം 2024 മാർച്ച് 10-ാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവകദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ 21-ാം ചരമ വാർഷികം**

നമ്മെ വിട്ടുപിരിഞ്ഞ നമ്മുടെ പ്രിയങ്കരനായ മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ചരമദിനം ഏപ്രിൽ 6-ാം തീയതി ശനിയാഴ്ചയാണ്. ഏപ്രിൽ 6 ശനിയാഴ്ച, കത്തീഡ്രൽ ദേവാലയത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ രാവിലെ 6.45 ന് തിരുകർമ്മങ്ങൾ ഉണ്ടായിരിക്കും. സാധിക്കുന്ന വൈദികരും സന്യസ്തരും അത്മായ സഹോദരങ്ങളും ആ തിരുകർമ്മങ്ങളിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**സ്നേഹസ്മരണ**

ഏപ്രിൽ 5 ന് ബഹു. തോമസ് തുരുത്തേലച്ചന്റെയും ഏപ്രിൽ 8 ന് ബഹു. പോൾ മണക്കാട്ടുമറ്റം അച്ചന്റെയും, ഏപ്രിൽ 15 ന് ബഹു. ജേക്കബ് നരിക്കുഴി അച്ചന്റെയും, ഏപ്രിൽ 21 ന് ബഹു. അഗസ്റ്റി കണ്ണാടിക്കരയച്ചന്റെയും, ഏപ്രിൽ 29 ന് ബഹു. ജേസഫ് വെട്ടിക്കുഴിച്ചാലിൽ അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**പാസ്റ്ററൽ കൗൺസിൽ (Pastoral Council)**

നമ്മുടെ രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2024 ഏപ്രിൽ 13 ശനിയാഴ്ച്ച രാവിലെ 10.30 മണി മുതൽ ഉച്ചകഴിഞ്ഞ് 1.00 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണവശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇതു അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കൈക്കാരന്മാർക്കുള്ള കോഴ്സ് 2024 ഏപ്രിൽ 20**

കൈക്കാരന്മാരായി തെരഞ്ഞെടുക്കപ്പെടുന്നവർ സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) സംഘടിപ്പിക്കുന്ന കോഴ്സിൽ സംബന്ധിച്ച് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ ആക

ണമെന്ന് നിർബന്ധമുണ്ടല്ലോ. (രൂപതാ ബുള്ളറ്റിൽ 2023 മാർച്ച് പേജ് 23) ഇപ്രാവശ്യത്തെ കോഴ്സ് 2024 ഏപ്രിൽ 20 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയാണ്. പൊതുയോഗതീരുമാനവും തെരട്ടും അംഗീകാരത്തിനായി രൂപതയിൽ സമർപ്പിക്കുമ്പോൾ കോഴ്സിന്റെ സർട്ടിഫിക്കറ്റിന്റെ ഒരോകോപ്പി കൂടി നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

**രൂപതാദിനം 2024 മെയ് 1 ബുധനാഴ്ച**

ഈ വർഷത്തെ രൂപതാദിനം വിവിധ റീജിയനുകളിലും ഫൊറോനകളിലുമായിട്ടാണ് ആഘോഷിക്കുന്നത്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**New Appointment:**

1. Fr. Saji Paliyathil CMI- Vicar, Niravilpuzha

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

# റിപ്പോർട്ട് - വൈദിക സമിതി

മാനന്തവാടി രൂപതാ വൈദിക സമിതിയുടെ ഒരു സമ്മേളനം 2024 മാർച്ച് 6 നു 10:30 നു ബിഷപ്സ് ഹൗസിൽ വെച്ച് നടന്നു. ബഹു. ജോർജ് കണിപ്പള്ളിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിനു മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് സ്വാഗതം ആശംസിച്ചു. ആനുകാലിക പ്രശ്നനങ്ങളിൽ കൂടുതലായി വൈദികരായ നാം ഇടപെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സ്വാഗത പ്രസംഗത്തിൽ പിതാവ് അഭിപ്രായപ്പെട്ടു.

തുടർന്ന് രൂപതാ പ്രൊക്കുറേറ്റർ ബഹു. ജോസ് കൊച്ചറക്കൽ അച്ചൻ വാർഷിക കണക്കും ബഡ്ജെറ്റും അവതരിപ്പിക്കുകയും യോഗം അത് പാസാക്കുകയും ചെയ്തു. അനുദിനം മാറി വരുന്ന സാമ്പത്തിക നിയമങ്ങളെപ്പറ്റി അഭിവന്ദ്യ പിതാവും ജോസച്ചനും സംസാരിക്കുകയും ഇത്തരം കാര്യങ്ങളെപ്പറ്റി കൂടുതൽ ശ്രദ്ധാലുക്കളാകണം എന്ന് വൈദികരെ ഓർമ്മിപ്പിക്കുകയും ചെയ്തു.

എപ്പാർക്കിയൽ അസംബ്ലിയുടെ തുടർ പദ്ധതികളുമായി ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി രൂപതാ വികാരി ജനറാൾ ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ അവതരിപ്പിച്ചു. വചനാധിഷ്ഠിതമായ കുടുംബ നവീകരണ വർഷം, ബൈബിൾ അപ്പോസ്റ്റലേറ്റ് എന്നിവയുടെ ചർച്ച നടന്നു. താഴെ പറയുന്ന കാര്യങ്ങൾ പ്രധാനമായും ചർച്ച ചെയ്തു:

1. തിരുവചനം പഠിക്കുവാനും തിരുവചനം എല്ലാ ദിവസവും വായിക്കുവാനും പ്രോത്സാഹനം നൽകുന്ന തരത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി വീഡിയോ സന്ദേശങ്ങൾ നിർമ്മിക്കുക, എല്ലാ ഞായറാഴ്ചയും മതബോധന കുട്ടികൾക്കായി 5 മിനിറ്റെങ്കിലും വചന വായന ക്രമീകരിക്കുക, തുടങ്ങിയവ യോഗം ചർച്ച ചെയ്തു. രൂപതയിൽ വചനാധിഷ്ഠിത വർഷമായി പ്രഖ്യാപിക്കുവാനുള്ള അഭിപ്രായം ചർച്ച ചെയ്യുകയും എല്ലാവരും ആ അഭിപ്രായത്തെ സ്വാഗതം ചെയ്യുകയും ചെയ്തു.

2. ഒരു ഇടവകയിൽ ആരംഭിക്കുന്ന അജപാലനപരമായ പദ്ധതികൾക്ക് തുടർച്ച ഉണ്ടാവുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണന്ന് ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ എപ്പാർക്കിയൽ അസംബ്ളിയുടെ ഒരു നിർദ്ദേശമായി യോഗത്തിൽ അവതരിപ്പിച്ചു.

3. രൂപതയിലെ വൈദികരുടെ ഒരു ടീം ഫൊറോനകളിൽ ധ്യാനിപ്പിക്കത്തക്കവിധത്തിൽ ഒരുങ്ങുന്നത് നല്ലതാണെന്ന് അഭിപ്രായപ്പെട്ടു.

തുടർന്ന് രൂപതാ മൈനർ സെമിനാരി റെക്ടർ ബഹു. സജി നെടുംങ്കല്ലേൽ അച്ചൻ ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഇതിനായി വൈദികർ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സഹകരണത്തെപ്പറ്റിയും സംസാരിച്ചു. മൈനർ സെമിനാരിയിലും മേജർ സെമിനാരിയിലുമായി 78 വൈദിക വിദ്യാർത്ഥികളാണ് ഉള്ളതെന്നും കൂടുതൽ പേർ മൈനർ സെമിനാരിയിലേക്ക് കടന്നുവരുവാൻ നമ്മുടെപ്രോത്സാഹനം അത്യന്താപേക്ഷിതമാണെന്നും അച്ചൻ ഓർമ്മിപ്പിച്ചു. ഇവരുടെ പഠന ചെലവുകൾക്കായി നിരവധിപേരുടെ സഹായം ലഭിക്കുന്നുണ്ടെകിലും സാമ്പത്തിക പ്രതിസന്ധി വർദ്ധിച്ചു വരുന്ന ഈ കാലഘട്ടത്തിൽ ഇനിയും എല്ലാവരുടെയും സഹായം അച്ചൻ അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്ന് രൂപതയുടെ മിഷൻ സംരംഭമായ പഞ്ചാബ് മിഷനെപ്പറ്റിയും അവിടുത്തെ മിഷൻ സാഹചര്യത്തെപ്പറ്റിയും സംസാരിച്ചു. കോട്ടെ ഇസൈഖാൻ, ഹസ്തിവാല എന്നിവിടങ്ങളിൽ സ്ഥലം വാങ്ങുന്ന പ്രക്രിയ പുരോഗമിക്കുന്നുവെന്നും ഇതിനായി വലിയ ഇടവകകൾ സാമ്പത്തികമായി സഹകരിക്കണമെന്നും ആവശ്യപ്പെട്ടു. മതബോധന വിദ്യാർത്ഥികൾ പഞ്ചാബ് മിഷനുവേണ്ടി എല്ലാ മാസവും സാമ്പത്തിക സഹായം നൽകുന്നതിനെ യോഗം പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു.

തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അധ്യക്ഷ പ്രസംഗം നടത്തി. രൂപതയുടെ പൊതുവായ കാര്യങ്ങളെക്കുറിച്ചും അജപാലന പരമായ കാര്യങ്ങളെക്കുറിച്ചും പിതാവ് സംസാരിച്ചു. അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് ഇടവക സന്ദർനം നടത്തുമ്പോൾ ഇടവകയിൽ തയ്യാറാക്കി വെക്കേണ്ട ഫയലുകളെപ്പറ്റിയും എല്ലാ മാസവും 20-ാം തീയതിക്ക് മുൻപായി കണക്കുകൾ സബ്മിറ്റ് ചെയ്യണമെന്നതിനെപ്പറ്റിയും പിതാവ് ഓർമ്മിപ്പിച്ചു. ഭാവിയിൽ ഇടവകകൾ ട്രസ്റ്റായി രൂപപ്പെടുത്തേണ്ടതിന്റെ ആവശ്യകത വന്നിരിക്കുകയാണെന്നും ഇതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ കൃത്യതയോടെ ലഭിക്കുന്ന മുറക്ക് അതുമായി മുന്നോട്ട് പോകേണ്ടിവരുമെന്നും പിതാവ് വിശദീകരിച്ചു. കൽപ്പറ്റയിൽ വന്യമൃഗ ശല്യത്തിനെതിരെ രൂപത സംഘടിപ്പിച്ച റാലിക്ക് നേതൃത്വം നൽകിയ എല്ലാ വൈദികർക്കും നന്ദി അറിയിക്കുകയും ചെയ്തുകൊണ്ട് അഭിവന്ദ്യ പിതാവ് അധ്യക്ഷ പ്രസംഗം സമാപിപ്പിച്ചു. രൂപതാ സിഞ്ചെല്ലൂസ് ബഹു. തോമസ് മണക്കുന്നേൽ അച്ചൻ യോഗത്തിന് നന്ദിപ്രകാശിപ്പിക്കുകയും 1.30 ന് യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

## മതബോധനരംഗം

ഈ വിശ്വാസ പരിശീലന വർഷം പൂർത്തിയാക്കുമ്പോൾ, പുതിയ കാലത്തിന്റെ വെല്ലുവിളികൾ ഏറ്റെടുത്ത്, വിശ്വാസ പരിശീലന ശുശ്രൂഷാരംഗത്ത് സഭയിൽ സാക്ഷികളാകുവാൻ ദൈവം നൽകിയ അവസരത്തെ ഓർത്ത് നമുക്ക് നന്ദി പറയാം.

അഭിവന്ദ്യ പിതാക്കന്മാരോട് സഹകരിച്ച ഫൊറോനാ നേതൃത്വങ്ങൾക്കും, ബഹുമാനപ്പെട്ട വികാരിയച്ചൻമാർക്കും, കൊച്ചച്ചന്മാർക്കും എല്ലാ പ്രധാനാധ്യാപകർക്കും, ടീം അംഗങ്ങൾക്കും, വിശ്വാസപരിശീലകർക്കും കുട്ടികൾക്കും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു. ഈ അവധിക്കാലത്തും വിശ്വാസത്തിന് സാക്ഷ്യം വഹിച്ചുകൊണ്ട് നല്ല ഒരുക്കത്തോടെയും, ആഴമായ ബോധ്യത്തോടെയും അടുത്ത അധ്യയന വർഷത്തെ എതിരേൽക്കാൻ നമുക്ക് പരിശ്രമിക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**പ്രതിഭാ സംഗമം ക്ലാസ് 7 – രൂപതാ പ്രതിഭകൾ**

25/02/2024 ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 13 മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രതിഭകൾ സംഗമത്തിൽ പങ്കെടുത്തു. ഇവരിൽനിന്നും മെയ് 16,17,18 തിയ്യതികളിൽ നടത്തപ്പെടുന്ന സംസ്ഥാന പ്രതിഭാ സംഗമത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 4 പ്രതിഭകൾ

1. ഡെൽവിൻ നോബി ചെറിയമ്പനാട്ട് തേൾപാറ – നിലമ്പൂർ
2. ബെഞ്ചമിൻ കളർപാറ കേളകം – ചുങ്കക്കുന്ന്
3. ലെന മരിയ പയ്യംപള്ളി – അടക്കാത്തോട് –ചുങ്കക്കുന്ന്
4. അൽവീന മരിയ സിബി കാരികുന്നേൽ മക്കിയാട് – കല്ലോടി

രൂപതാ പ്രതിഭാ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും പ്രതിഭകളായ 4 കുട്ടികൾക്കും അഭിനന്ദനങ്ങൾ. സംഗമത്തിന് നേതൃത്വം നൽകിയ ശ്രീ. ജോൺസൺ വടക്കേക്കര, സി. ലിഡിയ SABS, സി. ലിജിൻ മരിയ SH എന്നീ രൂപതാ ടീമംഗങ്ങൾക്കും, കുട്ടികളെ ഒരുക്കിയ വികാരിയച്ചന്മാർ, പ്രധാനാധ്യാപകർ, മാതാപിതാക്കൾ എന്നിവർക്കും ഫൊറോന നേതൃത്വങ്ങൾക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി.

**ആമുഖ സെമിനാർ, ക്ലാസ് ട്രെയിനിംഗ്**

2024-25 അധ്യായന വർഷത്തിന്റെ ആരംഭത്തിൽ ആമുഖ സെമിനാർ നടത്തപ്പെടുന്നതാണ്. അധ്യാപന രംഗത്തേക്ക് നിയോഗിക്കപ്പെടുന്ന പുതിയ അധ്യാപകരെ നിർബന്ധമായും ആമുഖ സെമിനാറിൽ പങ്കെടുപ്പിക്കേണ്ടതാണ്. ക്ലാസ് ചാർജ് മാറുന്നവർ അവർക്കുള്ള ക്ലാസ് ട്രെയിനിങ്ങിലും പങ്കെടുക്കേണ്ടതാണ്.

**HM, Conference**

അടുത്ത അധ്യായന വർഷത്തെ ആദ്യ HM Conference May 25 ശനിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതായിരിക്കും. അന്ന്, ജൂബിലേറിയൻസിനെയും, മുഴുവൻ ഹാജരുള്ള കുട്ടികളെയും ആദരിക്കുന്നതായിരിക്കും. ഒപ്പം HCC 2, DCT റാങ്ക് ജേതാക്കൾക്കുള്ള സമ്മാനദാനങ്ങളും നിർവ്വഹിക്കുന്നതായിരിക്കും.

**HCC I & 2 Result**

2023 - 24 അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു റിസൾട്ട് 09/03/2024 ന് മതബോധനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചു. പരീക്ഷയിൽ വിജയിച്ചവർക്കും, HCC 2 ൽ ആദ്യ മൂന്ന് റാങ്കുകളും തുടർന്നുവരുന്ന 10 സ്ഥാനങ്ങളും കരസ്ഥമാക്കിയ കുട്ടികൾക്കും പ്രത്യേക അനുമോദനങ്ങൾ. ജീവിതത്തിൽ ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാൻ നിങ്ങളുടെ വിജയം മുതൽക്കൂട്ടാകട്ടെ.

**HCC 2 Rank holders**

1. Tessa Therese Lijo - Chungakkunnu
2. Ellen Joy - Thalanji
3. Ann Maria Tom - Marakavu

**HCC 2 Top Scores**

1. Remma - Kottiyoor
2. Deonna Ann Manjith - Kaniyaram
3. Mariya Antony - Adakkathode
4. Mariya Jomon - Adakkathode
5. Anumol James - Ambayathode
6. Dona N J - Thalipadam
7. Ann Tresa KS - Poolapadam
8. Joyel Shaji - Puthussery
9. Bisona M - Adakkathode
10. Angel Rose Shaji - Mullenkolly

## HCC I & II 2023-2024 Parish level Result
## HCC I 2023- 24 Result in Parish Level

| | Regd. | Attended | Passed | Failed | Absent | Percentage |
|---|---|---|---|---|---|---|
| **Bathery** | | | | | | |
| Ambalavayal | 21 | 20 | 21 | 0 | 1 | 100% |
| Bathery | 43 | 42 | 34 | 6 | 6 | 81% |
| Chithragiri | 15 | 15 | 15 | 0 | 0 | 100% |
| Chulliode | 6 | 6 | 6 | 0 | 0 | 100% |
| Kadalmad | 2 | 2 | 2 | 0 | 0 | 100% |
| Karani | 2 | 1 | 1 | 0 | 1 | 100% |
| Meenangadi | 13 | 13 | 12 | 1 | 0 | 92% |
| Moolamkavu | 13 | 10 | 10 | 0 | 3 | 100% |
| Pazhoor | 5 | 5 | 5 | 0 | 0 | 100% |
| Thomattucal | 17 | 16 | 15 | 1 | 1 | 93% |
| Vadakkanad | 5 | 5 | 4 | 1 | 0 | 80% |
| Vakery | 10 | 10 | 10 | 0 | 0 | 100% |
| Total | 152 | 145 | 135 | 9 | 7 | 93% |
| **Chungakkunnu** | | | | | | |
| Adakkathode | 20 | 20 | 17 | 3 | 0 | 85% |
| Ambayathode | 13 | 13 | 11 | 0 | 0 | 85% |
| Chungakkunnu | 43 | 43 | 39 | 4 | 0 | 91% |
| Kelakam | 12 | 12 | 12 | 0 | 0 | 100% |
| Kottiyoor | 51 | 51 | 48 | 3 | 0 | 94% |
| Nelliyodi | 8 | 8 | 8 | 0 | 0 | 100% |
| Ottaplavu | 10 | 10 | 10 | 0 | 0 | 100% |
| Palchuram | 12 | 12 | 12 | 0 | 0 | 100% |
| Santhigiri | 6 | 6 | 6 | 0 | 0 | 100% |
| Vellonni | 10 | 10 | 8 | 2 | 0 | 80% |
| **Total** | **185** | **185** | **171** | **12** | **0** | **92%** |
| **Dwaraka** | | | | | | |
| Chulliana | 6 | 6 | 6 | 0 | 0 | 100% |
| Dwaraka | 15 | 15 | 15 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Karakkamala | 17 | 17 | 12 | 5 | 0 | 70% |
| Kommayad | 11 | 11 | 8 | 3 | 0 | 73% |
| Mangalassery | 5 | 5 | 5 | 0 | 0 | 100% |
| Mothakkara | 3 | 3 | 3 | 0 | 0 | 100% |
| Thonichal | 17 | 16 | 15 | 1 | 1 | 94% |
| Vellamunda | 4 | 4 | 4 | 0 | 0 | 100% |
| Vilambukandam | 5 | 5 | 5 | 0 | 0 | 100% |
| **Total** | **83** | **82** | **73** | **9** | **1** | **89%** |
| **Kallody** | | | | | | |
| Deepthigiri | 9 | 8 | 8 | 0 | 1 | 100% |
| Ellumannam | 3 | 2 | 2 | 0 | 1 | 100% |
| Judes mount | 8 | 8 | 8 | 0 | 0 | 100% |
| Kallody | | 24 | 24 | 24 | 0 | 0 |
| Karimbil | 2 | 2 | 2 | 0 | 0 | 100% |
| Kunjhome | 6 | 6 | 6 | 0 | 0 | 100% |
| Makkiyad | 7 | 7 | 7 | 0 | 0 | 100% |
| Puthiyidamkunnu | 11 | 11 | 10 | 1 | 0 | 91% |
| Puthussery | 1 | 1 | 1 | 0 | 0 | 100% |
| Valery | 7 | 7 | 7 | 0 | 0 | 100% |
| Vanjode | 10 | 10 | 10 | 0 | 0 | 100% |
| **Total** | **88** | **86** | **85** | **1** | **2** | **99%** |
| **Kalpetta** | | | | | | |
| Charity | | 7 | 7 | 5 | 2 | 0 |
| Chooralmala | 1 | 1 | 0 | 1 | 0 | 0 |
| Edappetty | 9 | 9 | 6 | 3 | 0 | 67% |
| Kalathuvayal | 6 | 6 | 6 | 0 | 0 | 100% |
| Kalpetta | 27 | 26 | 22 | 4 | 1 | 85% |
| Kolavayal | 11 | 11 | 11 | 0 | 0 | 100% |
| Lakkidi | 3 | 3 | 2 | 1 | 0 | 67% |
| Nedumpala | 7 | 7 | 7 | 0 | 0 | 100% |
| Olivumala | 4 | 3 | 3 | 0 | 1 | 100% |
| Puzhamudi | 1 | 1 | 1 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Rippon | 12 | 12 | 11 | 1 | 0 | 92% |
| Theneri | 14 | 14 | 10 | 4 | 0 | 71% |
| Thrikkaipetta | 4 | 4 | 4 | 0 | 0 | 100% |
| Vazhavatta | 23 | 20 | 14 | 6 | 3 | 70% |
| Vythiri | 3 | 3 | 3 | 0 | 0 | 100% |
| **Total** | **132** | **127** | **105** | **22** | **5** | **83%** |
| **Mananthavady** | | | | | | |
| Alattil | 18 | 17 | 15 | 2 | 1 | 88% |
| Elapeedika | 1 | 1 | 1 | 0 | 0 | 100% |
| Kaniyaram | 29 | 29 | 28 | 1 | 0 | 97% |
| Karimani | 4 | 4 | 4 | 0 | 0 | 100% |
| Kuttimoola | 6 | 6 | 6 | 0 | 0 | 100% |
| Mtdy town | 15 | 13 | 11 | 2 | 2 | 85% |
| Muthireri | 7 | 7 | 5 | 2 | 0 | 71% |
| Parathottam | 5 | 5 | 5 | 0 | 0 | 100% |
| Peria | 6 | 6 | 5 | 1 | 0 | 83% |
| Poroor | 17 | 17 | 17 | 0 | 0 | 100% |
| Prasanthigiri | 7 | 7 | 7 | 0 | 0 | 100% |
| Puthiyidam | 5 | 5 | 5 | 0 | 0 | 100% |
| Thalapuzha | 6 | 6 | 6 | 0 | 0 | 100% |
| Thavinjal | 14 | 12 | 10 | 2 | 2 | 83% |
| Valad | 5 | 5 | 5 | 0 | 0 | 100% |
| Valiyakolly | 8 | 8 | 8 | 0 | 0 | 100% |
| Yavanarkolam | 9 | 8 | 8 | 0 | 1 | 100% |
| **Total** | **162** | **156** | **146** | **10** | **6** | **94%** |
| **Manimooly** | | | | | | |
| Manimooly | 43 | 43 | 43 | 0 | 0 | 100% |
| Marutha | 3 | 3 | 3 | 0 | 0 | 100% |
| Munderi | 1 | 1 | 1 | 0 | 0 | 100% |
| Narivalamunda | 18 | 16 | 15 | 1 | 2 | 94% |
| Palamkara | 24 | 24 | 22 | 2 | 0 | 92% |
| Palemad | 12 | 12 | 12 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Pathiripadam | 12 | 12 | 10 | 2 | 0 | 83% |
| Thalanji | 15 | 15 | 15 | 0 | 0 | 100% |
| Thalipadam | 6 | 6 | 6 | 0 | 0 | 100% |
| **Total** | **134** | **132** | **127** | **5** | **2** | **96%** |
| **Mullankolly** | | | | | | |
| Adikolly | 22 | 22 | 17 | 5 | 0 | 77% |
| Amarakkuni | 7 | 7 | 5 | 2 | 0 | 71% |
| Irulam | 7 | 7 | 7 | 0 | 0 | 100% |
| Kabanigiri | 7 | 6 | 6 | 0 | 1 | 100% |
| Marakavu | 27 | 27 | 26 | 1 | 0 | 96% |
| Marakkadavu | 13 | 13 | 12 | 1 | 0 | 92% |
| Mullankolly | 47 | 44 | 43 | 1 | 3 | 98% |
| Padichira | 31 | 31 | 20 | 11 | 0 | 65% |
| Pattanikoopp | 9 | 9 | 8 | 1 | 0 | 89% |
| Pulpally | 20 | 20 | 16 | 4 | 0 | 80% |
| Seethamount | 20 | 19 | 18 | 1 | 1 | 95% |
| Sisumala | 18 | 18 | 9 | 9 | 0 | 50% |
| **Total** | **228** | **223** | **187** | **36** | **5** | **50%** |
| **Nadavayal** | | | | | | |
| Arinchermala | 17 | 17 | 16 | 1 | 0 | 94% |
| Cherukattoor | 32 | 31 | 31 | 0 | 1 | 100% |
| Chundakkara | 29 | 25 | 23 | 2 | 4 | 92% |
| Kalluvayal | 19 | 19 | 19 | 0 | 0 | 100% |
| Kaniambetta | 2 | 2 | 2 | 0 | 0 | 100% |
| Kenichira | 16 | 15 | 14 | 1 | 1 | 93% |
| Koolivayal | 7 | 7 | 7 | 0 | 0 | 100% |
| Kurumbala kotta | 8 | 8 | 7 | 1 | 0 | 88% |
| Nadavayal | 59 | 55 | 43 | 12 | 4 | 81% |
| Neikuppa | 4 | 4 | 4 | 0 | 0 | 100% |
| Panamaram | 3 | 3 | 3 | 0 | 0 | 100% |
| Paralikunnu | 10 | 10 | 10 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Valavayal | 8 | 8 | 7 | 1 | 0 | 88% |
| **Total** | **214** | **204** | **186** | **18** | **10** | **91%** |
| **Nilambur** | | | | | | |
| Chokkad | 7 | 7 | 1 | 0 | 0 | 100% |
| Edivanna | 8 | 8 | 8 | 0 | 0 | 100% |
| Muttiyel | 3 | 3 | 3 | 0 | 0 | 100% |
| Nilambur | 21 | 21 | 17 | 4 | 0 | 81% |
| Pookkottum | 11 | 11 | 11 | 0 | 0 | 100% |
| padam | 10 | 9 | 9 | 0 | 1 | 100% |
| Poolappadam | 11 | 11 | 11 | 0 | 0 | 100% |
| T. K. Colony | 3 | 3 | 3 | 0 | 0 | 100% |
| Vadapuram | 12 | 12 | 11 | 1 | 0 | 100% |
| Vallikett | 2 | 2 | 2 | 0 | 0 | 100% |
| **Total** | **77** | **76** | **65** | **5** | **1** | **86%** |
| **Nilgiris** | | | | | | |
| Arulnilayam | 8 | 8 | 4 | 4 | 0 | 50% |
| Bekki | 2 | 2 | 2 | 0 | 0 | 100% |
| Bospura | 6 | 5 | 3 | 2 | 1 | 60% |
| Coonnoor | 3 | 3 | 3 | 0 | 0 | 100% |
| Dharmagiri | 9 | 9 | 6 | 3 | 0 | 67% |
| Kalpra | 10 | 10 | 9 | 1 | 0 | 90% |
| Kayyunni | 15 | 15 | 14 | 1 | 0 | 93% |
| Kunnalady | 11 | 11 | 4 | 7 | 0 | 36% |
| Manvayal | 4 | 4 | 3 | 1 | 0 | 75% |
| Ootty | 5 | 4 | 4 | 0 | 1 | 100% |
| Panamchira | 7 | 7 | 7 | 0 | 0 | 100% |
| Vimalagiri | 7 | 7 | 6 | 1 | 0 | 86% |
| **Total** | **87** | **85** | **65** | **20** | **2** | **76%** |
| **Payyampally** | | | | | | |
| Arattuthara | 9 | 9 | 9 | 0 | 0 | 100% |
| Edayoorkunnu | 2 | 2 | 2 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Kammana | 11 | 11 | 10 | 1 | 0 | 91% |
| Kartikulam | 7 | 7 | 7 | 0 | 0 | 100% |
| Martin nagar | 11 | 11 | 11 | 0 | 0 | 100% |
| Padamala | 12 | 12 | 11 | 1 | 0 | 92% |
| Panavally | 2 | 2 | 1 | 1 | 0 | 50% |
| Payyampally | 38 | 37 | 32 | 5 | 1 | 86% |
| Thrissilery | 5 | 5 | 5 | 0 | 0 | 100% |
| **Total** | **97** | **96** | **88** | **8** | **1** | **92%** |
| **Thariode** | | | | | | |
| Chennalode | 25 | 25 | 22 | 3 | 0 | 88% |
| Kavummannam | 12 | 12 | 11 | 1 | 0 | 92% |
| Kurumani | 11 | 10 | 8 | 1 | 1 | 80% |
| Kurumbala | 22 | 22 | 22 | 0 | 0 | 100% |
| Kottathara | 9 | 9 | 8 | 0 | 0 | 89% |
| Mangalam | 10 | 9 | 9 | 0 | 1 | 100% |
| Manjoora | 13 | 13 | 13 | 0 | 0 | 100% |
| Panthipoyil | 1 | 1 | 1 | 0 | 0 | 100% |
| Puthsserykadavu | 5 | 5 | 5 | 0 | 0 | 100% |
| Thariode | 14 | 13 | 13 | 0 | 1 | 100% |
| **Total** | **122** | **119** | **112** | **5** | **3** | **94%** |

**CONSOLIDATED RESULT HCC 1 - FORANE LEVEL**

| | Tot Regd | Attended | Total Passed | Failed | Absent | Percentage |
|---|---|---|---|---|---|---|
| Bathery | 152 | 145 | 135 | 9 | 7 | 93% |
| Chungakkunnu | 185 | 185 | 171 | 12 | 0 | 92% |
| Dwaraka | 83 | 82 | 73 | 9 | 1 | 89% |
| Kallody | 88 | 86 | 85 | 1 | 2 | 99% |
| Kalpetta | 132 | 127 | 105 | 22 | 5 | 83% |
| Mananthavady | 162 | 156 | 146 | 10 | 6 | 94% |
| Manimooly | 134 | 132 | 127 | 5 | 2 | 96% |

| | | | | | | |
|---|---|---|---|---|---|---|
| Mullankolly | 228 | 223 | 187 | 36 | 5 | 84% |
| Nadavayal | 214 | 204 | 186 | 18 | 10 | 91% |
| Nilambur | 77 | 76 | 65 | 5 | 1 | 86% |
| Nilgiris | 87 | 85 | 65 | 20 | 2 | 76% |
| Payyampally | 97 | 96 | 88 | 8 | 1 | 92% |
| Thariode | 122 | 119 | 112 | 5 | 3 | 94% |
| **Total** | **1761** | **1716** | **1545** | **160** | **45** | **90%** |

**HCC II 2023 - 24 Result in Parish Level**

| **Bathery** | | | | | | |
|---|---|---|---|---|---|---|
| Ambalavayal | 23 | 22 | 22 | 0 | 1 | 100% |
| Bathery | 49 | 49 | 42 | 5 | 0 | 86% |
| Chithragiri | 8 | 8 | 7 | 1 | 0 | 88% |
| Chulliode | 10 | 10 | 10 | 0 | 0 | 100% |
| Kadalmad | 2 | 2 | 2 | 0 | 0 | 100% |
| Karani | 1 | 1 | 1 | 0 | 0 | 100% |
| Meenangadi | 16 | 15 | 14 | 1 | 0 | 80% |
| Moolamkavu | 11 | 11 | 10 | 1 | 0 | 91% |
| Pazhoor | 7 | 7 | 7 | 0 | 0 | 100% |
| Thomattucal | 14 | 13 | 13 | 0 | 1 | 100% |
| Vadakkanad | 5 | 5 | 4 | 1 | 0 | 80% |
| Vakery | 10 | 10 | 9 | 1 | 0 | 90% |
| **Total** | **156** | **153** | **141** | **10** | **2** | **92%** |
| **Chungakkunnu** | | | | | | |
| Adakkathode | 40 | 39 | 39 | 0 | 1 | 100% |
| Ambayathode | 15 | 15 | 15 | 0 | 0 | 100% |
| Chungakkunnu | 49 | 48 | 46 | 2 | 1 | 96% |
| Kelakam | 7 | 7 | 7 | 0 | 0 | 100% |
| Kottiyoor | 43 | 42 | 42 | 0 | 1 | 100% |
| Nelliyodi | 6 | 6 | 6 | 0 | 0 | 100% |
| Ottaplavu | 10 | 10 | 10 | 0 | 0 | 100% |
| Palchuram | 9 | 8 | 8 | 0 | 1 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Santhigiri | 5 | 4 | 4 | 0 | 1 | 100% |
| Velloonny | 10 | 10 | 10 | 0 | 0 | 100% |
| **Total** | **194** | **189** | **187** | **2** | **5** | **99%** |
| **Dwaraka** | | | | | | |
| Chulliana | 5 | 5 | 5 | 0 | 0 | 100% |
| Dwaraka | 16 | 16 | 15 | 1 | 0 | 94% |
| Karakkamala | 7 | 6 | 6 | 0 | 1 | 100% |
| Kommayad | 17 | 17 | 16 | 1 | 0 | 94% |
| Mangalassery | 3 | 3 | 3 | 0 | 0 | 100% |
| Mothakkara | 6 | 5 | 5 | 0 | 1 | 100% |
| Thonichal | 11 | 10 | 10 | 0 | 1 | 100% |
| Vellamunda | 9 | 9 | 8 | 1 | 0 | 89% |
| Vilambukandam | 8 | 8 | 8 | 0 | 0 | 100% |
| **Total** | **82** | **79** | **76** | **3** | **3** | **96%** |
| **Kallody** | | | | | | |
| Deepthigiri | 12 | 12 | 12 | 0 | 0 | 100% |
| Ellumannam | 6 | 4 | 4 | 0 | 2 | 100% |
| Judes mount | 6 | 6 | 6 | 0 | 0 | 100% |
| Kallody | 32 | 32 | 31 | 1 | 1 | 97% |
| Karimbil | 4 | 4 | 3 | 1 | 0 | 75% |
| Kunjhome | 7 | 7 | 7 | 0 | 0 | 100% |
| Makkiyad | 6 | 6 | 6 | 0 | 0 | 100% |
| Niravilpuzha | 3 | 3 | 3 | 0 | 0 | 100% |
| Puthiyidamkunnu | 7 | 7 | 7 | 0 | 0 | 100% |
| Puthussery | 11 | 11 | 9 | 2 | 0 | 82% |
| Valery | 4 | 4 | 4 | 0 | 0 | 100% |
| Vanjode | 10 | 10 | 10 | 0 | 0 | 100% |
| **Total** | **108** | **106** | **102** | **4** | **2** | **96%** |
| **Kalpetta** | | | | | | |
| Charity | 6 | 6 | 6 | 0 | 0 | 100% |
| Edappetty | 8 | 8 | 4 | 4 | 0 | 50% |
| Kalathuvayal | 8 | 8 | 8 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Kalpetta | 12 | 10 | 9 | 1 | 2 | 90% |
| Kolavayal | 10 | 10 | 9 | 1 | 0 | 90% |
| Nedumpala | 10 | 10 | 10 | 0 | 0 | 100% |
| Olivumala | 3 | 3 | 3 | 0 | 0 | 100% |
| Puzhamudi | 3 | 3 | 3 | 0 | 0 | 100% |
| Rippon | 16 | 15 | 14 | 1 | 1 | 93% |
| Theneri | 21 | 21 | 20 | 1 | 01 | 95% |
| Thrikkaipetta | 4 | 4 | 4 | 0 | 0 | 100% |
| Vazhavatta | 11 | 10 | 10 | 0 | 1 | 100% |
| Vythiri | 6 | 6 | 6 | 0 | 0 | 100% |
| **Total** | **118** | **114** | **106** | **8** | **4** | **93%** |
| **Mananthavady** | | | | | | |
| Alattil | 8 | 8 | 8 | 0 | 0 | 100% |
| Boys town | 3 | 3 | 3 | 0 | 0 | 100% |
| Elapeedika | 4 | 4 | 4 | 0 | 0 | 100% |
| Kaniyaram | 37 | 37 | 35 | 2 | 0 | 95% |
| Karimani | 3 | 3 | 2 | 1 | 0 | 67% |
| Kuttimoola | 3 | 3 | 3 | 0 | 0 | 100% |
| Mtdy town | 8 | 8 | 8 | 0 | 0 | 100% |
| Muthireri | 16 | 16 | 16 | 0 | 0 | 100% |
| Parathottam | 7 | 7 | 7 | 0 | 0 | 100% |
| Peria | 6 | 6 | 6 | 0 | 0 | 100% |
| Poroor | 27 | 27 | 27 | 0 | 0 | 100% |
| Prasanthagiri | 5 | 5 | 5 | 0 | 0 | 100% |
| Puthiyidom | 9 | 8 | 8 | 0 | 1 | 100% |
| Thalapuzha | 6 | 6 | 6 | 0 | 0 | 100% |
| Thavinjal | 21 | 21 | 19 | 2 | 0 | 90% |
| Valad | 3 | 3 | 3 | 0 | 0 | 100% |
| Valiakolly | 3 | 3 | 3 | 0 | 0 | 100% |
| Yavanarkulam | 7 | 7 | 7 | 0 | 0 | 100% |
| **Total** | **176** | **175** | **170** | **5** | **1** | **97%** |

| | | | | | | |
|---|---|---|---|---|---|---|
| **Manimooly** | | | | | | |
| Manimooly | 37 | 36 | 33 | 3 | 1 | 92% |
| Marutha | 2 | 2 | 2 | 0 | 0 | 100% |
| Munderi | 5 | 5 | 5 | 0 | 0 | 100% |
| Narivalamunda | 18 | 18 | 15 | 3 | 0 | 83% |
| Palankara | 22 | 21 | 19 | 2 | 1 | 90% |
| Palemad | 4 | 4 | 4 | 0 | 0 | 100% |
| Pathiripadam | 20 | 19 | 15 | 4 | 1 | 79% |
| Thalanji | 19 | 18 | 18 | 0 | 0 | 100% |
| Thalipadam | 5 | 5 | 5 | 0 | 0 | 100% |
| **Total** | **132** | **128** | **116** | **12** | **4** | **91%** |
| **Mullenkolly** | | | | | | |
| Adikolly | 19 | 19 | 17 | 2 | 0 | 89% |
| Amarakuni | 9 | 9 | 9 | 0 | 0 | 100% |
| Irulam | 6 | 6 | 5 | 1 | 0 | 83% |
| Kabanigiri | 5 | 5 | 4 | 0 | 0 | 80% |
| Marakavu | 25 | 22 | 18 | 4 | 3 | 82% |
| Marakkadavu | 9 | 9 | 9 | 0 | 0 | 100% |
| Mullenkolly | 41 | 41 | 41 | 0 | 0 | 100% |
| Padichira | 23 | 23 | 19 | 4 | 0 | 83% |
| Pattanikoopp | 12 | 11 | 11 | 0 | 1 | 100% |
| Pulpally | 17 | 17 | 17 | 0 | 0 | 100% |
| Seethamount | 7 | 6 | 6 | 0 | 1 | 100% |
| Sisumala | 16 | 16 | 15 | 1 | 0 | 94% |
| **Total** | **189** | **184** | **171** | **12** | **5** | **93%** |
| **Nadavayal** | | | | | | |
| Arinchermala | 14 | 13 | 13 | 0 | 1 | 100% |
| Cherukattoor | 17 | 16 | 15 | 1 | 1 | 94% |
| Chundakkara | 35 | 34 | 32 | 2 | 1 | 94% |
| Kalluvayal | 16 | 15 | 13 | 2 | 1 | 87% |
| Kenichira | 20 | 20 | 18 | 2 | 0 | 90% |

| | | | | | | |
|---|---|---|---|---|---|---|
| Koolivayal | 2 | 2 | 2 | 0 | 0 | 100% |
| Kurumbala kotta | 3 | 3 | 3 | 0 | 0 | 100% |
| Nadavayal | 48 | 47 | 46 | 1 | 1 | 98% |
| Neikuppa | 4 | 4 | 4 | 0 | 0 | 100% |
| Panamaram | 8 | 8 | 8 | 0 | 0 | 100% |
| Paralikunnu | 8 | 8 | 8 | 0 | 0 | 100% |
| **Total** | **175** | **170** | **162** | **8** | **5** | **95%** |
| **Nilambur** | | | | | | |
| Chokkad | 7 | 7 | 7 | 0 | 0 | 100% |
| Edivanna | 14 | 14 | 13 | 1 | 0 | 93% |
| Mooleppadam | 3 | 3 | 3 | 0 | 0 | 100% |
| Muttiyel | 3 | 3 | 1 | 2 | 0 | 33% |
| Nilambur | 27 | 27 | 26 | 1 | 0 | 96% |
| Pookkottum padam | 13 | 13 | 13 | 0 | 0 | 100% |
| Rubynagar | 1 | 1 | 0 | 1 | 0 | 0% |
| T. K. Colony | 2 | 2 | 2 | 0 | 0 | 100% |
| Thelpara | 14 | 14 | 13 | 1 | 0 | 93% |
| Vadapuram | 6 | 6 | 5 | 1 | 0 | 83% |
| Vallikett | 2 | 2 | 2 | 0 | 0 | 100% |
| **Total** | **92** | **92** | **85** | **7** | **0** | **92%** |
| **Nilgiris** | | | | | | |
| Arulnilayam | 11 | 11 | 9 | 2 | 0 | 82% |
| Aruvankadu | 1 | 0 | 0 | 0 | 1 | 0% |
| Bekki | 2 | 2 | 2 | 0 | 0 | 100% |
| Bospara | 7 | 6 | 4 | 2 | 1 | 67% |
| Coonnoor | 4 | 4 | 4 | 0 | 0 | 100% |
| Dharmagiri | 7 | 7 | 7 | 0 | 0 | 100% |
| Kalpra | 15 | 15 | 15 | 0 | 0 | 100% |
| Kayyunni | 15 | 15 | 14 | 1 | 0 | 93% |
| Kunnalady | 9 | 9 | 9 | 0 | 0 | 100% |
| Manvayal | 2 | 2 | 2 | 0 | 0 | 100% |
| Ootty | 1 | 1 | 1 | 0 | 0 | 100% |

| | | | | | | |
|---|---|---|---|---|---|---|
| Panamchira | 6 | 6 | 6 | 0 | 0 | 100% |
| Vimalagiri | 7 | 7 | 6 | 1 | 0 | 86% |
| **Total** | **87** | **85** | **79** | **6** | **2** | **93%** |
| **Payyampally** | | | | | | |
| Appapara | 2 | 2 | 2 | 0 | 0 | 100% |
| Arattuthara | 10 | 10 | 10 | 0 | 0 | 100% |
| Bavali | 1 | 1 | 1 | 0 | 0 | 100% |
| Edayoorkunnu | 3 | 3 | 3 | 0 | 0 | 100% |
| Kammana | 14 | 13 | 11 | 2 | 1 | 85% |
| Kartikulam | 7 | 7 | 5 | 2 | 0 | 71% |
| Ondayangady | 12 | 11 | 8 | 3 | 1 | 73% |
| Padamala | 10 | 10 | 9 | 1 | 0 | 90% |
| Payyampally | 31 | 31 | 29 | 2 | 0 | 94% |
| Thrissilery | 9 | 9 | 9 | 0 | 0 | 100% |
| **Total** | **99** | **97** | **87** | **10** | **2** | **90%** |
| **Thariode** | | | | | | |
| Chennalode | 25 | 25 | 25 | 0 | 0 | 100% |
| Kavummannam | 11 | 11 | 11 | 0 | 0 | 100% |
| Kurumani | 5 | 5 | 5 | 0 | 0 | 100% |
| Kurumbala | 15 | 14 | 13 | 1 | 1 | 93% |
| Kottathara | 17 | 16 | 16 | 0 | 1 | 100% |
| Mangalam | 2 | 2 | 2 | 0 | 0 | 100% |
| Manjoora | 13 | 13 | 13 | 0 | 0 | 100% |
| Panthipoil | 3 | 3 | 3 | 0 | 0 | 100% |
| Puthusserikkadavu | 11 | 11 | 11 | 0 | 0 | 100% |
| Thariode | 25 | 23 | 23 | 0 | 2 | 100% |
| **Total** | **127** | **123** | **122** | **1** | **4** | **99%** |
| **Consolidated result Hcc 2 - forane level** | | | | | | |
| Bathery | 156 | 153 | 141 | 10 | 2 | 92% |
| Chungakkunnu | 194 | 189 | 187 | 2 | 5 | 99% |
| Dwaraka | 82 | 79 | 76 | 3 | 3 | 96% |

| | | | | | | |
|---|---|---|---|---|---|---|
| Kallody | 108 | 106 | 102 | 4 | 2 | 96% |
| Kalpetta | 118 | 114 | 106 | 8 | 4 | 92% |
| Mananthavady | 176 | 175 | 170 | 5 | 1 | 97% |
| Manimooly | 132 | 128 | 116 | 12 | 4 | 90% |
| Mullenkolly | 189 | 184 | 171 | 12 | 5 | 93% |
| Nadavayal | 175 | 170 | 162 | 8 | 5 | 95% |
| Nilambur | 92 | 92 | 85 | 7 | 0 | 92% |
| Nilgiris | 87 | 85 | 79 | 6 | 2 | 93% |
| Payyampally | 99 | 97 | 87 | 10 | 2 | 90% |
| Thariode | 127 | 123 | 122 | 1 | 4 | 99% |
| **Grand total** | **1735** | **1695** | **1604** | **88** | **39** | **95%** |

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

**അഭിനന്ദനങ്ങൾ**

ചെറുപുഷ്പ മിഷൻലീഗ് 2024- 2027 പ്രവർത്തന വർഷത്തിൽ സംസ്ഥാന പ്രസിഡണ്ടായി ശ്രീ. രഞ്ജിത്ത് മുതുപ്ലാക്കലും, ദേശീയ മാനേജിംങ് കമ്മിറ്റി അംഗമായി ബിനീഷ് തുമ്പിയാംകുഴിയും തെരഞ്ഞെടുക്കപ്പെട്ടു. ഇരുവരും മാനന്തവാടി രൂപതയിലെ ചെറുകാട്ടൂർ ഇടവകാംഗങ്ങൾ ആണ്. തെരഞ്ഞെടുക്കപ്പെട്ടവർക്ക് രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ.

അവധിക്കാല പ്രോഗ്രാമുകൾ ചെറുപുഷ്പ മിഷൻലീഗ് കുട്ടികൾക്കായി വിവിധങ്ങളായ അവധിക്കാല പ്രോഗ്രാമുകൾ ക്രമീകരിച്ചിട്ടുണ്ട്. ഏവരുടെയും സഹകരണം പ്രതിക്ഷിക്കുന്നു.

**പ്രോഗ്രാമുകൾ**

**(1) രൂപതാവാർഷികം:** ഏപ്രിൽ 10 ന് രാവിലെ 9.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ വാർഷികം നടത്തപ്പെടുന്നു. ഇതിൽ ശാഖയിൽ നിന്നും 5 പേരാണ് പങ്കെടുക്കേണ്ടത്. ശാഖയ്ക്ക് രജി. ഫീസ്-500 രൂപ.

**(2) നവമാലിക ക്വിസ് മത്സരം:** ശാഖാ തലത്തിൽ ഏപ്രിൽ 21-ന് ഓൺലൈനായും, രൂപത തലത്തിൽ മെയ് 18നും പാസ്റ്ററൽ സെന്റർ ദ്വാരകയിൽ വച്ചു നടക്കുന്നു. മെഗാ ക്വിസ് സമ്മാനങ്ങൾ 10001, 5001, 3001 രൂപയാണ്.

**(3) മിഷൻക്യാമ്പ്:** മിഷൻ ഗ്രാമങ്ങൾ സന്ദർശിക്കുവാനും മിഷനെ അറിയുവാനുമായി 9, 10, 11, ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി മിഷൻ സന്ദർശന ക്യാമ്പ്. (മേഖലയിൽ നിന്നും 1 ആൺകുട്ടിയും 1 പെൺ കുട്ടിയും) ഒരാൾക്ക് രജീസ്ടേഷൻ ഫീസ് 1500 രൂപയാണ്. മെയ് 4, 5, 6, തിയ്യതികളിൽ മണ്ഡ്യ മിഷനിൽ. 4 ന് രാവിലെ പുറപ്പെട്ട് 6 ന് വൈകുന്നേരം തിരിച്ചെത്തുന്നു.

(4) ശാഖാ ഇലക്ഷൻ മെയ് 26 ന് നടത്തുമല്ലോ.

(5) 2024-2025 രൂപത പ്രവർത്തനവർഷ ഉദ്ഘാടനവും, കൗൺസിലും - ജൂൺ 8 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കുന്നു.

**(6) എയ്ഞ്ചൽ മീറ്റ് -** ഈ വർഷ ആദ്യകുർബാന സ്വീകരിക്കുന്ന കുട്ടികൾക്കായ് മെയ് 28 ന് രാവിലെ 9.30 മുതൽ ഉച്ചവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് എയ്ഞ്ചൽ മീറ്റ്.

**(7) വാർഷിക മാനേജിംങ് കമ്മിറ്റി**: മെയ് 12 ന് ഉച്ച കഴിഞ്ഞ് 2 pm ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്. എല്ലാ മേഖലാ ഭാരവാഹികളും ഇതിൽ പങ്കെടുക്കുമല്ലോ.

**(8) റീജിണൽ ക്യാമ്പുകൾ:** (1) നിലമ്പൂർ, മണിമൂളി. മണിമൂളി പാസ്റ്ററൽ സെന്ററിൽ. (2) നടവയൽ, ബത്തേരി, നീലഗിരി. നടവയൽ കായക്കുന്ന് ലാസലെറ്റിൽ. (3) ദ്വാരക, കല്ലോടി, പയ്യംമ്പള്ളി - പാസ്റ്ററൽ സെന്റർ ദ്വാരകയിൽ. (4) കല്പറ്റ തരിയോട് - ഡി പോൾ കല്പറ്റയിൽ വച്ച്. (5) മാനന്തവാടി, ചുങ്കക്കുന്ന് - ബോയ്സ് ടൗണിൽ വച്ച്. (6) മുള്ളൻകൊല്ലി - കബനിഗിരി. ഏപ്രിൽ 15നും മെയ് 15-നു മിടയിൽ ക്യാമ്പുകൾ നടത്താൻ ഉദ്ദേശിക്കുന്നു. (തീയതികൾ ഉടൻ അറിയിക്കുന്നതാണ്.)

**(9) സമ്മർ ഫെസ്റ്റ്:** ഇടവകകളിൽ കുട്ടികൾക്കായി അവധിക്കാല ക്യാമ്പുകൾ നടത്താൻ താൽപര്യമുണ്ടെങ്കിൽ അറിയിക്കുമല്ലോ.

**(10) ക്രീസ്റ്റീൻ ധ്യാനം:** മെയ് 23, 24, 25, 26 തിയ്യതികളിൽ: സീയോൻ ധ്യാനകേന്ദ്രവും ചെറുപുഷ്പ മിഷൻലീഗും സംയുക്തമായി സംഘടിപ്പിക്കുന്നു.

**കയ്യൂന്നി**

ആദ്യ വെള്ളിയാഴ്ച ആരാധനയിലും വിശുദ്ധ കുർബാനയിലും കുട്ടികൾ സജീവമായി പങ്കുചേർന്നു. വലിയ നോമ്പിന്റെ തൊട്ടുമുമ്പുള്ള വെള്ളിയാഴ്ച സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ ധാരാളം കുട്ടികൾ വിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് പ്രാർത്ഥിച്ചു. ലൂർദ് മാതാവിന്റെതിരുനാൾ ദിനത്തിൽ എല്ലാ രോഗികൾക്കും വേണ്ടി പ്രാർത്ഥിച്ചു. തിരുബാലസഖ്യ ദിനത്തിൽ കുഞ്ഞുങ്ങൾക്കായി പ്രത്യേക പ്രാർത്ഥനയും കാഴ്ച സമർപ്പണവും നടത്തുകയും അവരെ ആദരിക്കുകയും ചെയ്തു.

**കൊട്ടിയൂർ**

പുതിയ ശാഖ ഡയറക്ടറായ ഫാ. ജോമിൻ നാക്കുഴിക്കാട്ടിലിനെ ശാഖയിലേക്ക് സ്വാഗതം ചെയ്തു. തിരുബാലസഖ്യ ദിനാചരണം

വിപുലമായ പരിപാടികളോടെ സംഘടിപ്പിച്ചു. 10,11,12 ക്ലാസിലെ വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന നടത്തി.

**പുതുശ്ശേരിക്കടവ്**

**തിരുബാല സഖ്യദിനം:** തിരുബാലസഖ്യ ദിനത്തിൽ അംഗങ്ങളെ സമർപ്പിച്ച് ബഹുമാനപ്പെട്ട പോൾ എടയകൊണ്ടാട്ടച്ചൻ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, തുടർന്ന് കുട്ടികൾക്ക് വേണ്ടി കലാകായിക മത്സരങ്ങൾ നടത്തുകയും വിജയികൾക്കും മത്സരത്തിൽ പങ്കെടുത്തവർക്കും സമ്മാനങ്ങൾ നൽകുകയും ചെയ്തു. **പരീക്ഷ ഒരുക്ക പ്രാർത്ഥന:** ഇടവക വികാരി റവ. ഫാ. പോൾ എടയകൊണ്ടാട്ടിന്റെ നേതൃത്വത്തിൽ ഇടവകയിലെ മുഴുവൻ വിദ്യാർത്ഥികൾക്കുവേണ്ടി വൈകുന്നേരം പരീക്ഷ ഒരുക്കപ്രാർത്ഥന നടത്തി. വളരെ വ്യത്യസ്തമായ ഈ പ്രാർത്ഥനാശുശ്രൂഷയിൽ മാതാപിതാക്കളുടെ സാനിധ്യം പ്രാർത്ഥനാ സന്ധ്യക്ക് മാറ്റ് കൂട്ടി. **രോഗീ സന്ദർശനം:** മതാധ്യാപകരുടെ നേതൃത്വത്തിൽ ഇടവകയിൽ വാഹനാപകടത്തിൽപ്പെട്ട സഹപാഠികളെ സന്ദർശിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു

**പാലാങ്കര**

ഇടവകയിലെ പത്ത്, പ്ലസ് വൺ, പ്ലസ് 2 പരീക്ഷയെഴുതുന്ന മുഴുവൻ വിദ്യാർത്ഥികൾക്കായി പ്രത്യേക പ്രാർത്ഥന ശാഖാ ഡയറക്ടർ ഡൊമനിക് വളകൊടിയിൽ അച്ചന്റെ നേതൃത്വത്തിൽ നടത്തി. അൾത്താര ബാലസംഘങ്ങളുടെ നേതൃത്വത്തിൽ ശനിയാഴ്ചകളിലും, CMLഅംഗങ്ങളുടെ നേതൃത്വത്തിൽ ഞായറാഴ്ചകളിലും കുരിശിന്റെവഴി നടത്തുന്നു. തിരുബാല സഖ്യം കുട്ടികൾക്കായി എയ്ഞ്ചൽസ്മീറ്റ് സംഘടിപ്പിച്ചു.

**നരിവാലമുണ്ട**

CMLമലബാർ റീജിയൺ നടത്തിയ മാർഗരേഖ മത്സരത്തിൽ പ്രോത്സാഹന സമ്മാനാർഹമായതിന്റെ പ്രശംസ പത്രം റീജിയണൽ ഓർഗനൈസർ ശ്രീ. സാന്റി പാലത്തിങ്കൽ നിന്നും ശാഖാ ഭാരവാഹികൾ ഏറ്റു വാങ്ങി. കുട്ടികൾക്കു ദൈവവിളിയെക്കുറിച്ച് കാഴ്ചപ്പാട് ഉണ്ടാകുവാൻ CML ന്റെ നേതൃത്വത്തിൽ 'ദർശൻ' സെമിനാർ നടത്തി. സി. ജെസ്സിൻ ജോസ് F.C.C. ക്ലാസ്സ് നയിച്ചു. ജ്ഞാനദീപം 10, +2 എക്സാം എഴുതാൻ ഒരുങ്ങുന്ന കുട്ടികൾക്കായി ഒരുക്കിയ പ്രാർത്ഥന വി.

കുർബാനയ്ക്ക്ശേഷം നടത്തപ്പെട്ടു . വിശുദ്ധ കുർബാനയിൽ കുട്ടികളെ സമർപ്പിച്ചു പ്രാർത്ഥിച്ചു. ദീപം തെളിച്ചു നൽകി. പേന വെഞ്ചരിച്ച് നൽകി.

**മണിമൂളി മേഖല**

'നസറത്ത് '- വളർച്ചയുടെ പടവുകളിലേക്ക് കാലെടുത്തു വയ്ക്കുന്ന കുരുന്നുകൾക്ക് ദൈവിക ജ്ഞാനത്താൽ നിറഞ്ഞു ശക്തരാകുവാൻ വഴിയൊരുക്കുന്ന തിരു ബാലസഖ്യ കലോത്സവം ഫെബ്രുവരി 3 നു മണിമൂളി ക്രൈസ്റ്റ്കിങ്ങ് സ്കൂളിൽ വച്ച് നടത്തപ്പെട്ടു.

**ചുങ്കക്കുന്ന് മേഖല**

പുതിയ മേഖല ഡയറക്ടറായി ഫാ. സെബിൻ ഐക്കരത്താഴത്ത് തെരഞ്ഞെടുക്കപ്പെട്ടു, മേഖല കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. മാനന്തവാടി രൂപത 2023-24 വർഷത്തെ മിഷൻ മാസാചരണ മത്സരത്തിൽ ചുങ്കക്കുന്ന് മേഖല മൂന്നാം സ്ഥാനം കരസ്ഥമാക്കി. തിരുബാലസഖ്യ മത്സരങ്ങൾക്ക് ഒരുങ്ങുന്ന കുട്ടികൾക്കുള്ള പരിശീലനം ഒരുക്കം 2K24 നടത്തി. പ്രതിമാസ മത്സരം സംഘടിപ്പിച്ചു.

പ്രിയ പ്രേഷിതരെ, കാൽവരിക്കുന്നിലേക്കുള്ള യാത്രയിൽ ഈശോ വീണതു പോലെ നാമും പലപ്പോഴായി പാപഭാരത്താൽ വീണു പോകുന്നു. നമ്മുടെ പാപങ്ങളെ ഉത്ഥിതനായ ഈശോയുടെ പാദാന്തികത്തിൽ സമർപ്പിക്കാം. പഴയ മനുഷ്യനെ ഉരിഞ്ഞു മാറ്റി പുതിയ മനുഷ്യനെ രൂപപ്പെടുത്തുവാൻ തുടർന്നുള്ള ജീവിതയാത്രയിലും നമുക്ക് പരിശ്രമിക്കാം. ഏപ്രിൽ, മെയ് മാസങ്ങളിൽ ചെറുപുഷ്പ മിഷൻലീഗ് അവധിക്കാല പ്രോഗ്രാമുകളുമായി നിങ്ങളോടൊത്ത് സഞ്ചരിക്കുവാൻ തയ്യാറായിരിക്കുന്നു. നിങ്ങളുടെ സാന്നിധ്യവും സഹകരണവും ഉണ്ടാകണേ. ഏവർക്കും ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിച്ചുകൊണ്ട്,

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

**Vibrant Day**

ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2024 ഫെബ്രുവരി 28 ന് രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ പുൽപ്പള്ളി സെന്റ് മേരീസ് സ്കൂളിലെ 3 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി 'VibrantDay' എന്ന പേരിൽ ഏകദിന പ്രോഗ്രാം നടത്തി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, കോർഡിനേറ്റർ സി. ആൻസി തോമസ് സി. എം. സി, മീഡിയ കോർഡിനേറ്റർ സി. ഡെൽഫി മരിയ സി. എം. സി എന്നിവർ ക്ലാസുകൾ നയിച്ചു.3, 4 ക്ലാസിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഒരു സെഷനും 5, 6, 7ക്ലാസുകളിലെ വിദ്യാർത്ഥികളുടെ മറ്റൊരു സെഷനുമായിട്ടാണ് ക്ലാസുകൾ ക്രമീകരിച്ചത്. വ്യക്തിത്വ വികസനം, സ്വഭാവ രൂപീകരണം, നല്ല ശീലങ്ങളുടെ അഭ്യസനം, പഠനത്തിനുള്ള കുറുക്കുവഴികൾ എന്നിവയെല്ലാം പ്രതിപാദിച്ചുകൊണ്ടുള്ള ക്ലാസുകളിൽ വീഡിയോ, വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി നടത്തപ്പെട്ട പ്രോഗ്രാമിൽ 410 വിദ്യാർത്ഥികൾ പങ്കെടുത്തു. ക്ലാസിനു വേണ്ട എല്ലാ സജ്ജീകരണങ്ങളും ചെയ്തുതന്ന പ്രിൻസിപ്പൽ സി. മേബിൾ ഡി. എം., അസി. പ്രിൻസിപ്പൽ സി. ജെയ്സി ഡി. എം. എന്നിവർക്കും, എല്ലാവിധ സഹായങ്ങളും ചെയ്തുതന്ന അധ്യാപകർക്കും, അനധ്യാപകർക്കും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ സ്നേഹപൂർവ്വകമായ നന്ദി.

**പിതാവിനോടൊപ്പം**

Your Neighbour Asosciation ന്റെ 2024 പ്രവർത്തന വർഷത്തെ ടീം മീറ്റിംഗ് മാർച്ച് 2 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് മാനന്തവാടി ബിഷപ്സ് ഹൗസിൽ വച്ച് നടത്തപ്പെട്ടു. സൊസൈറ്റിയുടെ ചെയർമാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വൈസ് ചെയർമാൻ മോൺ. ഫാ. പോൾ മുണ്ടോളിക്കൽ, സെക്രട്ടറി ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, ജോയിന്റ് സെക്രട്ടറി സി. ഡെൽഫി മരിയ സി. എം. സി, ട്രഷറർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, എക്സിക്യൂട്ടീവ് അംഗം സി. ആൻസി തോമസ് സി. എം. സി എന്നിവർ

പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ 2022-2023 വർഷത്തെ കണക്കുകൾ വായിച്ച അവതരിപ്പിക്കുകയും തുടർ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകൾ നടത്തുകയും ചെയ്തു.

**ലൈഫ് ട്രെയിനിംഗ് രണ്ടാം സെഷൻ പ്രവേശന പരീക്ഷ**

2024 ബാച്ചിലേക്കുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള ലൈഫ് ട്രെയിനിംഗിന്റെ രണ്ടാം സെഷൻ പ്രവേശന പരീക്ഷ മാർച്ച് 7 വ്യാഴാഴ്ച വൈകുന്നേരം 6 മണി മുതൽ 9-ാം തിയ്യതി ശനിയാഴ്ച4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ നിന്നുള്ള 87 വിദ്യാർത്ഥികൾ പങ്കെടുത്ത രണ്ടാം സെക്ഷൻ പരീക്ഷ വിദ്യാർത്ഥികൾ സ്വയം പരിചയപ്പെടുത്തിക്കൊണ്ട് ആരംഭിച്ചു. തുടർന്ന് മലയാളം, ഇംഗ്ലീഷ്, പൊതുവിജ്ഞാനം, ഗണിതം, സയൻസ്, മതബോധനം എന്നീ വിഷയങ്ങളിലും എഴുത്ത്, വായന, സർഗാത്മകകഴിവുകൾ എന്നിവയിലുള്ള വിദ്യാർത്ഥികളുടെ പ്രാവീണ്യം വിലയിരുത്താൻ തക്കവിധം വിവിധ മേഖലകളെ അടിസ്ഥാനമാക്കിയുള്ള പരീക്ഷകളും പ്രവർത്തനങ്ങളും സംഘടിപ്പിച്ചു. പ്രസ്തുത പരീക്ഷയിലൂടെ വദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ കഴിവുകളെയും സിദ്ധികളെയും കണക്കിലെടുത്ത് 2024 വർഷത്തേക്കുള്ള ബാച്ചിലേക്ക് 52 വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുകയും ചെയ്തു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത്മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ, സി. ആൻസിതോമസ് സി. എം. സി, സി. ഡെൽഫി മരിയ സി.എം.സി എന്നിവർ നേതൃത്വം നൽകിയ ത്രിദിന പരീക്ഷാ സെഷനിൽ സി. എം. സി സന്യാസിനീ സമൂഹത്തിലെ സി. അഞ്ജലി, സി. റീമ, സി. ടെസ്സിൻ, സി. ജിസ്മി, സി. ഹിത എന്നിവർ ആത്മാർത്ഥമായി സഹായിച്ചു. പ്രിയപ്പെട്ട സിസ്റ്റേഴ്സിന്റെ നിസ്വാർത്ഥ സേവനങ്ങൾക്ക് പ്രത്യേകം നന്ദി.

**രക്ഷാകർതൃയോഗം**

ലൈഫ് ട്രെയിനിംഗ് 2024 ബാച്ചിലേക്ക് വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ മാതാപിതാക്കളുമായുള്ള കൂടിക്കാഴ്ച 2024 ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച രാവിലെ 10മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 10 മണി മുതൽ11.30 വരെ മാതാപിതാക്കൾക്കായുള്ള സെമിനാർ യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുംങ്കൽ നിർവഹിച്ചു. തുടർന്ന് ഓരോ വിദ്യാർത്ഥിയും അവരുടെ മാതാ

പിതാക്കളും ഡയറക്ടർ ഫാ. ലാൽ ജേക്കബുമായും കോർഡിനേറ്റർ സി. ആൻസി തോമസുമായും കൂടിക്കാഴ്ച നടത്തി. ലൈഫ് ട്രെയിനിംഗിന്റെ രണ്ടാം സെഷൻ പരീക്ഷയിൽ സംന്ധിക്കാനെത്തിയ 87 വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും കൂടിക്കാഴ്ചയിൽ സംബന്ധിച്ചു.

**വനിതാദിനാഘോഷം**

ഈ വർഷത്തെ വനിതാദിനാഘോഷത്തിന്റെ ഭാഗമായി മാർച്ച് പത്താം തീയതി രാവിലെ 9. 30 മുതൽ 11 മണി വരെ കോട്ടയം രൂപതയുടെ ഭാഗമായ ക്രൈസ്റ്റ് നഗർ സെന്റ് ജൂഡ് ദേവാലയത്തിലെ വനിതകൾക്കായി യൂത്ത് മിനിസ്ട്രി കോർഡിനേറ്റർ സി. ആൻസി തോമസ് സി. എം.സി ബോധവൽക്കരണ ക്ലാസെടുത്തു. KCWA യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ കുടുംബത്തിൽ സ്ത്രീകൾക്കുള്ള ഉത്തരവാദിത്വവും മഹത്വവും, സമൂഹത്തിൽ സ്ത്രീകൾക്കുള്ള പങ്ക്, തലമുറകളെ വാർത്തെടുക്കുന്നതിൽ അമ്മമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചെല്ലാം ബോധ്യപ്പെടുത്തും വിധമാണ് ക്ലാസ് നയിച്ചത്. 160 പേർ പങ്കെടുത്ത ക്ലാസിന് KCWA ക്രൈസ്റ്റ് നഗർ പ്രസിഡന്റ് ശ്രീമതി ആനി സ്വാഗതവും, യൂത്ത് പ്രതിനിധി അനീറ്റ തേവർകാട്ടുകുന്നേൽ നന്ദിയും അർപ്പിച്ചു. ക്ലാസ് ക്രമീകരിച്ച ഇടവക വികാരി ഫാ. ബിബിന് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

## കെ. സി. വൈ. എം.

**ത്യാഗം 2024**

മാർച്ച് 9 ന് ക്രിസ്തുവിന്റെ പീഡാനുഭവ യാത്രയെ അനുസ്മരിച്ചുകൊണ്ട്, ത്യാഗനിർഭരമായ കുരിശിന്റെ വഴി, ത്യാഗം 2024 കെ.സി. വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ, മാനന്തവാടി മേഖലയുടെയും കണിയാരം യൂണിറ്റിന്റെയും ആതിഥേയത്വത്തിൽ, പാലാക്കുളി ജംഗ്ഷനിൽ നിന്ന് കണിയാരം ഗാഗുൽത്താ കുരിശുമലയിലേക്ക് നടത്തപ്പെട്ടു. ഫാ. റോബിൻസ് കുമ്പളക്കുഴി മുഖ്യ സന്ദേശം നൽകി. കെ.സി.വൈ.എം മാനന്തവാടി രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, മാനന്തവാടി മേഖല ഡയറക്ടർ ഫാ. നിധിൻ പാലക്കാട്ട്, കണിയാരം യൂണിറ്റ് ഡയറക്ടർ ഫാ. സോണി വാഴക്കാട്ട്, കണിയാരം സെന്റ്. ജോസഫ് കത്തിഡ്രൽ അസിസ്റ്റന്റ് വികാരി ഫാ. റിൻസൺ നെല്ലിമലയിൽ, ഫാ. ജിമ്മി ഓലിക്കൽ എന്നിവർ സന്നിഹിതരായിരുന്നു. ഇരുന്നൂറോളം യുവജനങ്ങൾ പങ്കെടുത്തു. രൂപത, മേഖല, യൂണിറ്റ് ഭാരവാഹികൾ, രൂപത സിൻഡിക്കേറ്റ് അംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**ആനിമ 2024**

മാർച്ച് 8 ന് യൂണിറ്റ് മേഖല തലങ്ങളിൽ യുവജനങ്ങളെ ഏകോപിച്ചുകൊണ്ട്, യുവത്വത്തെ ചേർത്തുപിടിക്കുന്ന ആനിമേറ്റർ സിസ്റ്റേഴ്സിന്റെ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടയ്ക്കാത്തടത്തിൽ അദ്ധ്യക്ഷത വഹിച്ച സംഗമം കെ.സി.വൈ.എം സംസ്ഥാന അസിസ്റ്റന്റ് ഡയറക്ടർ സി. റോസ് മെറിൻ എസ്. ഡി ഉദ്ഘാടനം ചെയ്തു ക്ലാസ് നയിച്ചു. 80 പേർ പങ്കെടുത്തു. രൂപത ആനിമേറ്റർ സി. ബെൻസി ജോസ് എസ്. എച്ച് ആമുഖ സന്ദേശം നൽകുകയും സംസ്ഥാന വൈസ് പ്രസിഡന്റ് കുമാരി അനു ഫ്രാൻസിസ്, രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ എന്നിവർ ആശംസകൾ അറിയിക്കുകയും ചെയ്തു. കെ. സി. വൈ. എം മുൻ സംസ്ഥാന വൈസ് പ്രസിഡണ്ട് കുമാരി ഗ്രാലിയ അന്ന അലക്സ്, രൂപത കോഡിനേറ്റർ ശ്രീ. ജോബിൻ തടത്തിൽ എന്നിവർ സംസാരിച്ചു.

**Be With 2024**

ലോക രോഗീദിനത്തിൽ കെ.സി.വൈ.എം. മാനന്തവാടി രൂപത യുടെ നേതൃത്വത്തിൽ രോഗികളുടെ കൂടെ ആയിരിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 11, ഞായറാഴ്ച കൈനാട്ടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണ വിതരണം നടത്തി. രൂപതാ പ്രസിഡന്റ് ജിഷിൻ മുണ്ടക്കാത്തടത്തിൽ, ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, കൽപ്പറ്റ മേഖലാ പ്രസിഡന്റ് ശ്രീ അനുഗ്രഹ് മാത്യു, ജോയിൻ സെക്രട്ടറി കുമാരി അഞ്ജന പാലത്തടത്തിൽ, പയ്യംമ്പള്ളി മേഖല പ്രസിഡന്റ് ശ്രീ. ജിന്റോ മത്തായി എന്നിവർ നേതൃത്വം നൽകി.

**കേശദാന ക്യാമ്പയിൻ**

SPERANZA 2K24 കേശദാന ക്യാമ്പയിന് തുടക്കം കുറിച്ചു. മാർച്ച് 8 മുതൽ ഏപ്രിൽ 8 വരെ ആണ് ക്യാമ്പയിൻ നടത്തപ്പെടുക.

**പന്തം കൊളുത്തി പ്രകടനം**

വന്യജീവി ആക്രമണങ്ങൾ തുടർക്കഥയാവുന്ന വയനാട്ടിൽ പോൾ എന്ന വനംവകുപ്പ് ഉദ്യോഗസ്ഥനെ ആന ചവിട്ടിക്കൊന്ന സാഹചര്യത്തിൽ, അതിനിഷ്ഠൂരമായ കൃത്യവിലോപനം നടത്തുന്ന സർക്കാരിനെതിരെയും വനം വകുപ്പിനെതിരെയും കെ.സി.വൈ.എം മാനന്തവാടി രൂപതയുടെയും ദ്വാരക മേഖലയുടെയും നേതൃത്വ ത്തിൽഫെബ്രുവരി 16 ന് നാലാംമയിൽ ടൗണിലേക്ക് പന്തം കൊളുത്തി പ്രകടനം നടത്തി. രൂപത പ്രസിഡന്റ് ശ്രീ ജിഷിൻ മുണ്ടക്ക ത്തടത്തിൽ,ദ്വാരക മേഖല പ്രസിഡന്റ് ശ്രീ എബിൻ ഇലവുങ്കൽ എന്നിവർ സംസാരിച്ചു. രൂപത, മേഖല ഭാരവാഹികൾ, സിന്ഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകി.

**ഐക്യദാർഢ്യം**

വയനാട് ജില്ലയിൽ ദിനംപ്രതി വർദ്ധിച്ചുവരുന്ന വന്യമൃഗ ശല്യത്തിനെതിരെ വിവിധ കർഷക സംഘടനകൾ ഫെബ്രുവരി 13 ന് ആഹ്വാനം ചെയ്ത മനസാക്ഷി ഹർത്താലിന് കെ.സി.വൈ. എം മാന ന്തവാടി രൂപത ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**ഞങ്ങൾക്കും പറയാനുണ്ട്**

വയനാട്ടിൽ വർദ്ധിച്ചുവരുന്ന വന്യജീവി പ്രശ്നത്തിനെ തിരെയും അധികാരികൾ പുലർത്തുന്ന നിസംഗതക്കെതിരെയും രൂപതയിലെ യുവജനങ്ങൾ പ്രതിഷേധ സ്വരമുയർത്തി. വന്യമൃഗശല്യ വുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അധികാരികൾ സ്വീകരിക്കേണ്ട മാർഗങ്ങൾ എന്നിവയിൽ യുവജനങ്ങളുടെ അഭിപ്രായങ്ങൾ

വീഡിയോ രൂപത്തിൽ സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തു. ഈ ഉദ്യമത്തിൽ നിരവധി യുവജനങ്ങൾ പങ്കാളികളായി.

**അഭിപ്രായ സർവ്വേ**

'തിരഞ്ഞെടുപ്പിന് മുൻമ്പൊരു വോട്ടെടുപ്പ്' എന്ന തലക്കെട്ടോടെ കെ.സി.വൈ.എം മാനന്തവാടി രൂപത അഭിപ്രായ സർവ്വേ നടത്തി. നിലവിലുള്ള വന്യമൃഗ ശല്യത്തിന് യാതൊരു പരിഹാരവും കാണാതെ വീണ്ടും ഒരു തെരഞ്ഞെടുപ്പിനെ നേരിടാൻ രാഷ്ട്രം തയ്യാറെടുക്കുന്ന അവസരത്തിൽ ജനങ്ങളുടെ ജീവിതാവസ്ഥ മനസിലാക്കാത്ത ഭരണ നിർവ്വഹണങ്ങളോടുള്ള പ്രതിഷേധമായാണ് സർവ്വേ സംഘടിപ്പിച്ചത്. രാഷ്ട്രീയ ചിന്താഗതികൾ വെടിഞ്ഞ് നിരവധി ആളുകൾ അഭിപ്രായ സർവ്വേയിൽ അഭിപ്രായം അറിയിച്ചു.

**പ്രതിഷേധറാലി**

നിരന്തരമായ വന്യജീവി ആക്രമണങ്ങൾക്കെതിരെ മാനന്തവാടിരൂപതയുടെ നേതൃത്വത്തിൽ ഫെബ്രുവരി 22 ന് നടത്തപ്പെട്ട പ്രതിഷേധറാലിയിലും ഉപവാസ സമരത്തിനും യുവജനങ്ങൾ പങ്കാളികളാകുകയും നേതൃത്വം നൽകുകയും ചെയ്തു.

**പത്ര പ്രസ്താവന**

തുടർച്ചയായ വന്യമൃഗ ശല്യം മൂലം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ അവകാശം നിഷേധിക്കുന്ന വനംവകുപ്പിനോട് വിദ്യാഭ്യാസവകുപ്പ് വിശദീകരണം തേടണം എന്ന് കെ. സി.വൈ. എം മാനന്തവാടി രൂപത പത്ര പ്രസ്താവനയിലൂടെ ആവശ്യപ്പെട്ടു. പാലാ രൂപതയിലെ പൂഞ്ഞാർ സെന്റ്. മേരീസ് ഫൊറോനാ പള്ളിയിലെ സഹവികാരി ഫാ. ജോസഫ് ആറ്റുചാലിനെ ഒരു സംഘം സാമൂഹ്യ വിരുദ്ധർ ആക്രമിച്ചതിനെതിരെയും, പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ വിദ്യാർത്ഥിയുടെ മരണത്തിൽ പ്രതിക്ഷേധിച്ച് കൊണ്ട് സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രതികരിച്ചു.

**സ്വാഗതം**

കെ.സി.വൈ.എം കല്ലോടി മേഖലയുടെ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ഫാ. അജിൻ ചക്കാലക്കലിനും, മണിമൂളി മേഖലയുടെആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ട സി. ക്രിസ്റ്റീന കളത്തിപറമ്പിൽഎസ് എച്ചിനും, മാനന്തവാടി രൂപത സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കുമാരി. അലീഷ ജേക്കബ് തെക്കിനാലിനും

(കല്ലോടി മേഖല, കല്ലോടി യൂണിറ്റ്) കെ.സി.വൈ.എം രൂപതാ കുടുംബത്തിലേക്ക് സ്വാഗതം.

**അഭിനന്ദനങ്ങൾ**

2023 പ്രവർത്തന വർഷത്തെ മികച്ച മേഖലയായി തിരഞ്ഞെടുക്കപ്പെട്ട നടവയൽ മേഖലക്കും മികച്ച യൂണിറ്റ് ആയി തിരഞ്ഞെടുക്കപ്പെട്ട മൺവയൽ യൂണിറ്റിനും അഭിനന്ദനങ്ങൾ. 2023 പ്രവർത്തന വർഷത്തെ മികച്ച മേഖലാ പ്രവർത്തകനായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ അഖിൽ അലോഷ്യസ് മാരയ്ക്കപിള്ളിക്കും (മാനന്തവാടി മേഖല), മികച്ച മേഖല പ്രവർത്തക കുമാരി മരിയ ജോമോൻ വലിയവീട്ടിലിനും (ചുങ്കക്കുന്ന് മേഖല) മികച്ച യൂണിറ്റ് പ്രവർത്തകൻ ശ്രീ. ടിന്റോ കുടിയിരിപ്പിൽ (മൺവയൽ യൂണിറ്റ്) മികച്ച പ്രവർത്തക കുമാരി സ്നേഹ ജോൺ വാഴയിൽ (കൽപ്ര യൂണിറ്റ്) നും അഭിനന്ദനങ്ങൾ. 2024 വർഷം കെ.സി.വൈ.എം സംസ്ഥാന സമിതിയ നയിക്കാൻ തിരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. ജെ ഇമ്മാനുവലിന്റെ സമിതിക്കും, ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട രഞ്ജിത്ത് മുതുപ്ലാക്കലിനും കെ.സി.വൈ.എം രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ആശംസകൾ**

ലോക റേഡിയോ ദിനം, അന്താരാഷ്ട്ര വനിതാ ദിനം ആശംസകൾ നേർന്നു.

**ജന്മദിനാശംസകൾ**

കെ.സി.വൈ.എം മാനന്തവാടി രൂപത മുൻ ട്രഷററും സംസ്ഥാന സെനറ്റ് അംഗവുമായ ശ്രീ. ബിബിൻ ജോസ് പിലാപ്പിള്ളിക്കും, എസ്.എം.വൈ.എം ഗ്ലോബൽ കൗൺസിലറും കെ.സി. വൈ.എം സംസ്ഥാന അംഗവുമായ കുമാരി ടെസിൻ തോമസ് വയലിനും രൂപതാ സിൻഡിക്കേറ്റ് അംഗം ശ്രീ. ആശിഷ് ജോബ് കാവുങ്കലിനും ജന്മദിനാശംസകൾ

**നന്ദി**

കെ.സി.വൈ.എം 2023 സംസ്ഥാന സമിതി ഉപാധ്യക്ഷയായിരുന്ന കുമാരി ഗ്രാലിയ അന്ന അലക്സ് വെട്ടുകാട്ടിലിനും, മാനന്തവാടി രൂപതാ സെക്രട്ടറിയായി കഴിഞ്ഞ നാളുകളിൽ സ്തുത്യർഹ സേവനങ്ങൾ നൽകിയ കുമാരി അമ്പിളി സണ്ണി കുറുമ്പാലക്കാട്ടിലിനും, 2023 വർഷത്തിൽ കെ.സി.വൈ.എം പ്രസ്ഥാനത്തെ നയിച്ച് സംസ്ഥാന സമിതിക്കും നന്ദി.

**ആദരാഞ്ജലികൾ**

കെ. സി. ബി. സി യൂത്ത് കമ്മീഷൻ സെക്രട്ടറിയും  കെ. സി . വൈ. എം സ്റ്റേറ്റ് ഡയറക്ടറുമായ ഫാ. സ്റ്റീഫൻ തോമസ് ചാലക്കര യുടെ പിതാവ് സി. എ. തോമസ് ചാലക്കരക്കും, കാട്ടാന ആക്രമണ ത്തിൽ ജീവൻ നഷ്ടപ്പെട്ട വെള്ളച്ചാലിൽ പോളിനും ആദരാഞ്ജ ലികൾ.

**മേഖല വാർത്തകൾ**

**മണിമൂളി**

2024 യുവജന വർഷ ഉദ്ഘാടനവും കർമ്മപദ്ധതി 'യുവജ്വാല 2024 ജ്വലിക്കുന്ന യുവത്വം ക്രിസ്തുവിനോടൊപ്പം'പ്രകാശനവും ചെയ്തു. മേഖല പ്രസിഡന്റ് ശ്രീ ബെസ്റ്റിൻ കുന്നുംഭാഗം, റീജണൽ സെഞ്ചുലൂസ് റവ.ഫാ. തോമസ് മണക്കുന്നേൽ, മണിമൂളി മേഖല ഡയറക്ടർ ഫാ. ബിജു ഉറുമ്പിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാ. അരുൺ പൊയ്കയിൽ ആനിമേറ്റർ സിസ്റ്റർ ക്രിസ്റ്റീന എസ്.എച്ച്. എന്നിവർ ആശംസകൾ അർപ്പിച്ചു. മേഖല, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

**ദ്വാരക**

ലോക പ്രണയ ദിനത്തോട് അനുബന്ധിച്ചു സ്നേഹപൂർവ്വം അമ്മക്ക് ഒരു കത്ത് എന്ന പേരിൽ വൃദ്ധസദനത്തിൽ കഴിയുന്ന അമ്മ മാർക്ക് കത്തുകൾ എഴുതുകയും അവിടെ ചെന്ന് അവർക്ക് സ്നേഹ അന്വേഷണങ്ങൾ അർപ്പിക്കുകയും ചെയ്തു. കുരിശിന്റെ വഴിയേ എന്നപേരിൽ ഓരോ യൂണിറ്റുകളിലും കുരിശിന്റെ വഴി പ്രാർത്ഥന നടത്തി.

**ബത്തേരി**

രൂപതയുടെ പ്രവർത്തനവർഷ ഉദ്ഘാടനത്തിന് ബത്തേരി മേഖലയിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു. വന്യജീവി ആക്രമണത്തി നെതിരെ രൂപതയുടെ നേതൃത്വത്തിൽ മാനന്തവാടി ടൗണിൽ സംഘ ടിപ്പിച്ച പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്തു. മേഖലയുടെ നേതൃ ത്വത്തിൽ വർദ്ധിച്ചുവരുന്ന വന്യമൃഗ ശല്യത്തിനെതിരെ ബത്തേരി ടൗണിൽ പന്തം കൊളുത്തി പ്രതിഷേധം നടത്തി. വിവിധ യൂണിറ്റു കളിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം അമ്പല വയൽ, തോമാട്ടുചാൽ, ചുള്ളിയോട് യൂണിറ്റുകളുടെ സംയുക്താഭി മുഖ്യത്തിൽ സംഘടിപ്പിച്ച പ്രതിഷേധ ജ്വാലയിൽ പങ്കെടുത്തു.

**മാനന്തവാടി**

മേഖലയിലെ യൂണിറ്റുകളിലെ പ്രസിഡന്റുമാരുടെ സംഗമം ഓൺലൈനായി നടത്തി. രൂപത പ്രവർത്തനവർഷ ഉദ്ഘാടനത്തിൽ മാനന്തവാടി മേഖല ടീം പങ്കെടുത്തു. പടമലയിലെ വന്യമൃഗ ആക്രമത്തിനെതിരെ പ്രതിഷേധപ്രകടനം നടത്തി. റേഡിയോ ദിനത്തോടനുബന്ധിച്ച് ആശംസകൾ അറിയിച്ചു. പേരിയ യൂണിറ്റിൽവച്ച് പ്രവർത്തനവർഷ ഉദ്ഘാടനം BELVOIR 2K24 യുവധാര മാർഗ്ഗരേഖ പ്രകാശനം നടത്തി. വന്യമൃഗ ശല്യത്തിനെതിരെ പേരിയ ടൗണിൽ പന്തം കൊളുത്തി പ്രതിഷേധം സംഘടിപ്പിച്ചു. രൂപതയുടെ നേതൃത്വത്തിൽവന്യ മൃഗശല്യത്തിനെതിരെ സംഘടിപ്പിച്ച പ്രതിഷേധ റാലിയിൽ മേഖല ഭാരവാഹികൾ പങ്കെടുത്തു.

**നിലമ്പൂർ**

കെ.സി.വൈ.എം നിലമ്പൂർ മേഖലയുടെ പ്രവർത്തനവർഷത്തിന്റെയും യുവജനവർഷത്തിന്റെയും ഉദ്ഘാടനം എറൈസ് 2024, റൂബിനഗർ സെന്റ് ജൂഡ്സ് ദേവാലയത്തിൽവച്ച് നടത്തപ്പെട്ടു. മേഖല പ്രസിഡന്റ് കുമാരി ആൻസല വിൽസൺ മാടക്കുന്നേൽ അധ്യക്ഷത വഹിച്ചു.

**കല്ലോടി**

ഫെബ്രുവരി 14 വാലന്റൈൻസ് ദിനത്തോടനുബന്ധിച്ച് ഫോട്ടോകണ്ടസ്റ്റ് നടത്തി. സമ്മാനം നൽകി. ഫെബ്രുവരി 17ന് വന്യമൃഗശല്ല്യത്തിൽ പ്രതിഷേധിച്ച് പന്തം കൊളുത്തി പ്രതിഷേധം നടത്തി. മേഖലാ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ഫാ. അജിൻ ചക്കാലക്കലിനും, രൂപതാ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട കുമാരി അലീഷ തെക്കിനാലിനും ആശംസകൾ അറിയിച്ചു. വുമൺസ് ഡേയോട് അനുബന്ധിച്ച് കാട്ടിമൂലയിലെ സ്നേഹാലയം സന്ദർശിച്ചു. മാർച്ച് 9 രൂപതാ കുരിശിന്റെ വഴിയിൽ മേഖലയിൽ നിന്നും എട്ടുപേർ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**ശിശുമല**

കടുവയുടെ ആക്രമത്തിനെതിരായി കെ.സി.വൈ. എം മുള്ളൻകൊല്ലി മേഖലയുടെ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. വന്യമൃഗ ശല്യത്തിനെതിരെ പുൽപ്പള്ളിയിൽ വെച്ച് നടത്തിയ പൊതു റാലിയിൽ പങ്കെടുത്തു.

**മക്കിയാട്**

രോഗീസന്ദർശനവും ഭവനസന്ദർശനവും നടത്തി. ഇടവകയിലെ ഒരു ക്യാൻസർ രോഗിക്ക് Rs. 5000 ചികിത്സാസഹായം നൽകി.

**ദ്വാരക**

ധനസമാഹരണാർത്ഥം ആക്രി സാധനങ്ങൾ ഇടവകയിലെ കുടുംബങ്ങളിൽ നിന്ന് ശേഖരിച്ച് പ്രവർത്തനങ്ങൾക്ക് പണം സമാഹരിച്ചു.

**ചുള്ളിയാന**

കെ സി വൈ എം ചുള്ളിയാന യൂണിറ്റിലെ യുവജനവർഷ പ്രവർത്തനങ്ങൾക്ക് ഫാ. ഫ്രാൻസിസ് നെല്ലിക്കുന്നേൽ തിരികൾ തെളിയിച്ച് ആരംഭം കുറിച്ചു. പ്രവർത്തന വർഷത്തിൽ ആൽഫിൻ പരിയാരത്തിന്റെ നേതൃത്വത്തിൽ ഉള്ള പുതിയ ഭാരവാഹികൾ നേതൃത്വം ഏറ്റെടുത്തു.

**തോമാട്ടുചാൽ**

വയനാട്ടിൽ വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണത്തിനെതിരായിരൂപതയും ബത്തേരി മേഖലയും സംഘടിപ്പിച്ച വിവിധ പ്രക്ഷോഭ പരിപാടികളിൽ യൂണിറ്റിൽ നിന്നും അംഗങ്ങൾ പങ്കെടുത്തു. അമ്പലവയൽ യൂണിറ്റുമായി ചേർന്ന് അമ്പലവയൽ ടൗണിൽ പന്തം കൊളുത്തി പ്രതിഷേധം നടത്തി. ഓൺലൈൻ പ്രതിഷേധത്തിന്റെ ഭാഗമായി വീഡിയോ മെസ്സേജുകൾ ഉണ്ടാക്കി ഇൻസ്റ്റാഗ്രാമിലൂടെ ഷെയർചെയ്തു. വന്യജീവി ആക്രമണത്തിൽ മരിച്ചു പോയ അജീഷേട്ടന്റെ കുടുംബത്തിൽ ഭാരവാഹികൾ സന്ദർശിച്ച് അനുശോചനം അറിയിച്ചു. ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി മീനങ്ങാടി ഗവൺമെന്റ് ആശുപത്രിയിലെ രോഗികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകി സഹായിച്ചു. ഇടവകയിലെ പാവപ്പെട്ട ഒരു കുടുംബത്തിന് ആവശ്യമായ നിത്യോപയോഗ വസ്തുക്കൾ നൽകി.

**വടപുറം**

ഫെബ്രുവരി 25 ന് ബഹുമാനപ്പെട്ട ഫാ. അജീഷ് തിരിതെളിയിച്ച് കെ.സി.വൈ.എം പ്രസിഡന്റ് ആൽബിൻ പുള്ളിക്കാത്തടത്തിന് കൈമാറിക്കൊണ്ട് ഔദ്യോഗികമായി യൂണിറ്റ് പ്രവർത്തനത്തിന് ആരംഭം കുറിച്ചു.

**തവിഞ്ഞാൽ**

പ്രസിഡന്റുമാരുടെ സംഗമം ഓൺലൈൻ ആയി നടന്നതിൽ പ്രതിനിധികൾ പങ്കെടുത്തു. വന്യമൃഗ ആക്രമണത്തിനെതിരെ നടന്ന പ്രതിഷേധ പരിപാടിയിൽ യൂണിറ്റിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു. രോഗി ദിനത്തിൽ മാനന്തവാടി മേഖലയോട് ചേർന്ന് നടന്ന പ്രവർത്തനത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. മേഖലാ വർഷ ഉദ്ഘാടനത്തിലും, മാർഗ്ഗരേഖ പ്രകാശനത്തിലും, യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. വന്യമൃഗ ശല്യത്തിനെതിരെ പന്തം കൊളുത്തി പ്രതിഷേധത്തിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു. യുവജന നേതൃത്വത്തിൽ സന്യാസജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ സി. എൽസി SABS ന് ജൂബിലിയുടെ മംഗളങ്ങൾ ആശംസിച്ചു. കുരിശിന്റെ വഴി 'ത്യാഗം 2024' തവിഞ്ഞാൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**മുള്ളൻകൊല്ലി**

നോമ്പുകാലത്ത് എല്ലാ ശനിയാഴ്ചകളിലും യുവജനങ്ങളുടെ നേതൃത്വത്തിൽ പള്ളിക്കു ചുറ്റും കുരിശിന്റെ വഴി നടത്തുന്നു. എല്ലാ ഞായറാഴ്ചയും ഇടവകയിലെ രോഗികളെ സന്ദർശിച്ച് അവരോടൊപ്പം ആയിരിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്യുന്നു.

**റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ**
ജനറൽ സെക്രട്ടറി

**കെ. സി. ബി. സി മദ്യവിരുദ്ധസമിതി**

**റീജിയണൽ മീറ്റിങ്ങ്:** കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി തലശ്ശേരിയിൽ ഫെബ്രുവരി 27 ന് സംഘടിപ്പിച്ച റീജിയനൽ യോഗത്തിൽ രൂപതയിൽ നിന്ന് ഡയറക്ടർ, പ്രസിഡന്റ് എന്നിവർ പങ്കെടുത്തു.

**ലഹരി വിരുദ്ധ ദൂത്**

വലിയകൊല്ലി ഇടവകയിൽ മാർച്ച് 03 ന് ലഹരി വിരുദ്ധ ദൂത് നടന്നു. ഇടവക വികാരി ഫാ. ജിതിൻ പീച്ചാട്ട് പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. സമിതി രൂപത ഡയറക്ടർ വിശുദ്ധ കുർബാന അർപ്പിച്ച് ക്ലാസ്സ് നയിച്ചു. മദ്യ വിരുദ്ധ സമിതി യൂണിറ്റ് ലഹരി വിരുദ്ധ ക്ലബ് എന്നിവ രൂപീകരിച്ചു.

**ക്രിസ്ത്വനുഭവ ധ്യാനം: തരിയോട് ഫൊറോന**

തരിയോട് ഫോറോനാ പള്ളിയിൽ ഫെബ്രുവരി 23 മുതൽ 25 വരെ ഇടവക അംഗങ്ങൾക്കുവേണ്ടി ധ്യാനം നടന്നു. വികാരി ഫാ. തോമസ് പ്ലാശനാൽ ധ്യാനം ഉദ്ഘാടനം ചെയ്തു. സമിതി ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ, ഫാ. റോബിൻസൺ കുമ്പളക്കുഴിയിൽ എന്നിവർ ക്ലാസ്സ് നയിച്ചു. ശ്രീ. സജി പുതുക്കാട്ടിൽ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു.

**വഞ്ഞോട്**

വഞ്ഞോട് ഇടവകയിൽ ഫെബ്രുവരി 03 മുതൽ 06 വരെ സമിതിയുടെ നേതൃത്വത്തിൽ ഇടവക ധ്യാനം സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. സുനിൽ തെക്കേപ്പെര ധ്യാനം ഉദ്ഘാടനം ചെയ്തു. സമിതി ഡയറക്ടറുടെ നേതൃത്വത്തിൽ ധ്യാനം നടന്നു. ഫാ. മാത്യു മലയിൽ, ശ്രീ. സജി പുതുക്കാട്ടിൽ എന്നിവർ ക്ലാസ്സുകൾ, ഗാനശുശ്രൂഷ എന്നിവ മനോഹരമായി ക്രമീകരിച്ചു.

**കൽപ്ര**

കൽപ്ര ഇടവകയിൽ മാർച്ച് 07 മുതൽ 09 വരെ സമിതി ഡയറക്ടർ നേതൃത്വം നൽകിയ ധ്യാനം നടന്നു. ഫാ. ലിൻസൺ ചെങ്ങനിയാടൻ CST, ഫാ. റോബിൻസൻ കുമ്പളകുഴി എന്നീ വൈദികർ സഹകാരികൾ ആയി. ശ്രീ. സജി പുതുക്കാട്ടിൽ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു. ഇടവക വികാരി ഫാ. ജോർജ്കുട്ടി കണിപ്പള്ളിൽ ധ്യാനം ഉദ്ഘാടനം ചെയ്തു.

**പറളിക്കുന്ന്**

മാർച്ച് 10 മുതൽ 12 വരെ പറളിക്കുന്ന് ഇടവകയിൽ ധ്യാനം നടന്നു. ഇടവകവികാരി ഫാ. തോമസ് ജോസഫ് തേരകം ധ്യാനം ഉദ്ഘാടനം ചെയ്തു. സമിതി ഡയറക്ടർ ധ്യാനം നയിച്ചു. ശ്രി. സജി പുതുക്കാട്ടിൽ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം വഹിച്ചു.

**നരിവാലമുണ്ട**

മാർച്ച് 17മുതൽ 20വരെ നരിവാലമുണ്ട ഇടവകയിൽ ഇടവക ധ്യാനം സമിതി സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. ബിജു ഉറുമ്പിൽ ധ്യാനത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. സമിതി ഡയറക്ടർ വചനപ്രഘോഷണം നടത്തി. ശ്രീ. സാജൻ, ശ്രി. സജി പുതുക്കാട്ടിൽ എന്നിവർ ഗാന ശുശ്രൂഷ നടത്തി.

**രൂപതാവാർഷിക സമ്മേളനം**

2024 മാർച്ച് 08 വെള്ളിയാഴ്ച രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ, കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ ഓഡിറ്റോറിയത്തിൽ വച്ച് സമിതിയുടെ വാർഷിക സമ്മേളനം നടന്നു. സമ്മേളനം മാനന്തവാടി രൂപത സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ സ്വാഗതവും, സമിതി സെക്രട്ടറി ശ്രി. ജോയി പരിയാത്ത് പ്രവർത്തന റിപ്പോർട്ടും അവതരിപ്പിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൻ തൊഴുത്തുങ്കൽ സമ്മേളനത്തിൽ അധ്യക്ഷ പ്രസംഗം നടത്തി. മതബോധന ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ, ചുങ്കക്കുന്ന് ഫൊറോന വികാരി ഫാ. പോൾ കൂട്ടാല തുടങ്ങിയ വൈദികർ ആശംസകൾ അർപ്പിച്ചു. സമ്മേളനത്തിൽ വച്ച് സമിതിയുടെ ആനിമേറ്റർ ആയി ദീർഘ കാലം പ്രവർത്തിച്ച, വയനാടിന്റെ മദ്യവിരുദ്ധ പ്രവർത്തകയായ ബഹു. സി. ജോവിറ്റ FCC യെ അലക്സ് പിതാവ് ആദരിച്ചു. ജ്വാല ലഹരി വിരുദ്ധ ക്ലബ് സംഘടിപ്പിച്ച ലഹരി വിരുദ്ധ മാസാചരണത്തിന് അവാർഡ് ലഭിച്ച ഇടവകകളെയും, വ്യക്തികളെയും മാർ അലക്സ് താരമംഗലം പിതാവ് ആദരിക്കുകയും ക്യാഷ് അവാർഡ്, ഫലകം എന്നിവ വിതരണം ചെയ്യുകയും ചെയ്തു. സമ്മേളനത്തിൽ സമിതി എക്സിക്യൂട്ടീവ് അംഗം ശ്രി. രാജു വലിയാറ നന്ദി അറിയിച്ചു. സമ്മേളത്തിൽ വിവിധ യൂണിറ്റുകളിൽ നിന്നും ബഹു. ഡയറക്ടർമാർ, ആനിമേറ്റർമാർ മദ്യ വിരുദ്ധ സമിതി അംഗങ്ങൾ, ജ്വാല ലഹരി വിരുദ്ധ ക്ലബ് ആനിമേറ്റർ എന്നിവർ പങ്കെടുത്തു.

**രൂപത സമിതികളുടെ തിരഞ്ഞെടുപ്പ്**

കെ. സി. ബി. സി മദ്യവിരുദ്ധ സമിതിയുടെ രൂപത സമിതിയുടെ തിരഞ്ഞെടുപ്പ് 2024 മാർച്ച് 08 ന് പാസ്റ്റർ സെന്ററിൽ വച്ചുനടന്നു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളായി ചുവടെ ചേർക്കുന്നവർ തിരഞ്ഞെടുക്കപ്പെട്ടു. പ്രസിഡണ്ട്: രാജു വി. ഡി വലിയാറ, വൈസ് പ്രസിഡണ്ടുമാർ: ലില്ലി മാത്യു, തോമസ് ചക്കാല, റീത്താ സ്റ്റാൻലി നെല്ലിക്കയം ജനറൽ സെക്രട്ടറി: മാത്യു ആര്യപള്ളി, സെക്രട്ടറിമാർ: ജോയി പരിയാരത്ത്, ടെസ്സി കറുത്തേടം, മരിയ ഇഞ്ചികാലായിൽ. എക്സിക്യൂട്ടീവ് അംഗങ്ങൾ: മനോജ് പാക്കാനിക്കുഴിയിൽ, കുര്യൻ കരുവള്ളിത്തറ, പി. ഐ ജെയിംസ്. സംസ്ഥാന കമ്മിറ്റി: ജോൺസൺ തൊഴുത്തുങ്കൽ. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് ആശംസകൾ.

**ജ്വാല ലഹരി വിരുദ്ധ ക്ലബ്:**

ജ്വാല ലഹരി വിരുദ്ധ ക്ലബ് രൂപതാ ആനിമേറ്റർ ആയി ബിജോയി കേളങ്ങാട്ടിൽ, സി. ജീന ചാരുപ്ലാക്കൽ SH എന്നിവരും. ഫൊറോനാ ആനിമേറ്റർമാരായി വിൽസൺ കല്ലിടയിൽ, നിമ്മി ഓതർകുന്നേൽ (ചുങ്കക്കുന്ന്), ജോണി കൊന്നയിൽ (തരിയോട്), ബിജോയി കേള ങ്ങാട്ടിൽ (മാനന്തവാടി), സി. കൊച്ചുറാണി CMC ( മുള്ളൻകൊല്ലി), സി. ജോസ്ന CMC (കൽപ്പറ്റ) സി. ജീന SH (ദ്വാരക) എന്നിവരും തിര ഞ്ഞെടുക്കപ്പെട്ടു.

**ലഹരി വിരുദ്ധ മാസം**

ജ്വാല ലഹരി വിരുദ്ധ ക്ലബിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ മാസം ആചരിച്ചു. അവാർഡിന് അർഹരായ എല്ലാവർക്കും മാർ അലക്സ് പിതാവ് വാർഷിക സമ്മേളനത്തിൽ അവാർഡ് വിതരണം ചെയ്തു. ലഹരി വിരുദ്ധ പ്രവർത്തനത്തിൽ മികവ് പുലർത്തിയ ഇടവക കൾക്ക് അഭിനന്ദനങ്ങൾ.

**ജ്വാല ലഹരിവിരുദ്ധ ക്ലബ് സംഘടിപ്പിച്ച കലാസാഹിത്യ മത്സര ങ്ങളിൽ വിജയികളായവർ**

**മികച്ച ഇടവകകൾ**

ഫാത്തിമാ മാതാ ഫൊറോന ചർച്ച്, ചുങ്കക്കുന്ന് I സെന്റ് തോമസ് ചർച്ച്, തോമാട്ടുചാൽ II ലിറ്റിൽ ഫ്ളവർ ഫൊറോന ചർച്ച്, നിലമ്പൂർ III **കവിത - സൂപ്പർ സീനിയർ:** അല ജോസ് പള്ളത്ത് കല്ലോടി, I ഷീജ സെബാസ്റ്റ്യൻ കത്തീഡ്രൽ II റോബി താണികുന്നേൽ കത്തീഡ്രൽ III, ജൂനിയർ അഷ്ന പുല്ലുവേലിൽ ആലാറ്റിൽ I എൽസിൽ മരിയ അനീഷ് ആലാറ്റിൽ II, പ്രീതി ആൻ ജോസഫ്

കത്തീഡ്രൽ III , സീനിയർ മരിയ സാന്ദ്ര വെള്ളിയാംകണ്ടത്തിൽ കല്ലോടി I, ജോഫിയ റിനീഷ് കത്തീഡ്രൽ II, ആൻലിയ ജിജി ആലാറ്റിൽ III, **പോസ്റ്റർ - സൂപ്പർ സീനിയർ:** നിമ്മി ഓതർക്കുന്നേൽ ചുങ്കക്കുന്ന് I, ആഗ്നസ് ചാക്കോ ചുങ്കക്കുന്ന് I , **സീനിയർ:** സ്റ്റീവോ ജോസഫ് കുഴിപ്പള്ളിൽ കൊട്ടിയൂർ I, ആൽവിയ സി. രാജേഷ് ബോയ്സ് ടൗൺ II, അനില സുനിൽ ചുങ്കക്കുന്ന് III, **ജൂനിയർ:** അമൽ സെബാസ്റ്റ്യൻ കൊട്ടിയൂർ I, അഞ്ജല ലിസ് ബിനോയി നിലമ്പൂർ II, അൽന മേരി ബേബി കത്തീഡ്രൽ III, **കൊളാഷ്: സൂപ്പർ സീനിയർ:** ജസ്വിൻ നിരപ്പേൽ, തോമാട്ടുചാൽ I, നിമ്മി ഓതർകുന്നേൽ, ചുങ്കക്കുന്ന് II, **സീനിയർ:** എയ്ഞ്ചലിൻ മതിയാപ്പള്ളി, തോമാട്ടുചാൽ I, സ്റ്റീവോ ജോസഫ് കുഴിപ്പള്ളിൽ കൊട്ടിയൂർ II, റെയാൻ ജോസ് പ്രസാദ്, കത്തീഡ്രൽ III, **ജൂനിയർ:** അമൽ സെബാസ്റ്റ്യൻ കൊട്ടിയൂർ I, എമ്മാനുവൽ റ്റി കുര്യൻ നിലമ്പൂർ II, അന്റീർസ് അഗസ്റ്റ്യൻ തോമാട്ടുചാൽ III, **ജലച്ഛായം സൂപ്പർ സീനിയർ:** നിമ്മി ഓതർകുന്നേൽ ചുങ്കക്കുന്ന് I, **സീനിയർ:** സെലസ്റ്റിൻ മനയ്ക്കപറമ്പിൽ ചുങ്കക്കുന്ന് I, **ജൂനിയർ:** ഫെബിൻ ആരിശ്ശേരിൽ കത്തീഡ്രൽ I, അമൽ സെബാസ്റ്റ്യൻ കൊട്ടിയൂർ II.

**എക്സിക്യുട്ടീവ് അംഗങ്ങൾക്ക് നന്ദി:**

സമിതിയുടെ തനതായ പ്രവർത്തങ്ങൾക്ക് കഴിഞ്ഞ കാലഘട്ടങ്ങളിൽ ദിശാബോധം നൽകിയ രൂപതാ പ്രസിഡന്റ് ശ്രി. ജോൺസൺ തൊഴുത്തുങ്കൽ, രൂപതാ ജനറൽ സെക്രട്ടറി ശ്രീ. ജോയി പരിയാത്ത്, എക്സിക്യൂട്ടീവ് അംഗങ്ങളായി പ്രവർത്തിച്ച ശ്രീ. ബേബി പേടപ്പാട്ട്, ശ്രി. ടോമി നെടുംകൊമ്പിൽ, ശ്രീ. ജെയിംസ് പി. ഐ, രാജു വലിയാറ, മരിയ ഇഞ്ചിക്കാലായിൽ, റീത്ത നെല്ലിക്കയം എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി.

**രാജു വി. ഡി വലിയാറ**
രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സുകൾ

മാർച്ച് മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 105 പേർ പങ്കെടുത്തു. ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 13,14,15,16 എന്നീ തിയതികളിലും മെയ് മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 6,7,8,9 എന്നീ തിയതികളിലും നടത്തപ്പെടുന്നു.

## രൂപതാ വാർത്തകൾ

## മാതൃവേദി

ഫെബ്രുവരി 16,17 തീയതികളിൽ കോഴിക്കോട് PMOC യിൽ വെച്ച് നടന്ന മാതൃവേദിയുടെ അന്തർദേശീയ ജനറൽ ബോഡിയിൽ മാനന്തവാടി രൂപത മാതൃവേദി ഡയറക്ടർ ഫാ. ബിനു വടക്കേൽ, ആനിമേറ്റർ സി. എൽസി പോൾ SKD, രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു. മാതൃത്വത്തിന്റെ വിഹ്വലതകൾ എന്ന വിഷയത്തെ ആസ്പദമാക്കി രൂപതാ ടീം അംഗങ്ങൾ സ്കിറ്റ് അവതരിപ്പിച്ചു.ഗ്ലോബൽ മീറ്റിംഗിൽ ബഹുമാനപ്പെട്ട ബിനു അച്ചൻ മലയോര ജനത നേരിടുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നിന്നും സംരക്ഷണം ലഭിക്കേണ്ടതിന്റെ ആവശ്യകതയേ പറ്റി പ്രമേയം അവതരിപ്പിക്കുകയും ഗ്ലോബൽ സമിതി പാസാക്കുകയും ചെയ്തു. വന്യമൃഗശല്യത്തിനെതിരെ മാനന്തവാടി രൂപത വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കൽപ്പറ്റ കലക്ടറേറ്റ് പടിക്കൽ നടത്തിയ ഉപവാസ സമരത്തിനും പ്രതിഷേധ ജ്വാലയിലും രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

മാതൃവേദിക്ക് ഫണ്ട് രൂപീകരിക്കുന്നതിന്റെ ഭാഗമായി സമ്മാന കൂപ്പൺ അടിക്കുകയും 29-ാം തീയതി എല്ലാ മേഖലകളിലേക്കും വിതരണം ചെയ്യുകയും ചെയ്തു. പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയും വിവാഹപ്രായമായിട്ടും വിവാഹം നടക്കാത്ത യുവതി യുവാക്കൾക്ക് വേണ്ടിയും, കുടുംബസമാധാനത്തിനുവേണ്ടി രൂപതാ ടീം അംഗങ്ങൾ കരുണക്കൊന്ത ചെയിൻ റോസറി, തിരുഹൃദയ ജപമാല എന്നിവ ചൊല്ലുന്നു. സാന്ത മോനിക്ക പ്രാർത്ഥനയിൽ എല്ലാ അമ്മമാരും പങ്കെടുക്കുന്നു. ജീവകാരുണ്യ പ്രവർത്തന ഭാഗമായി ചെറുകാട്ടൂർ ഇടവകയിലെ ഒരേ കുടുംബാംഗങ്ങളും

രോഗികളുമായ ഒരു നിർധന കുടുംബത്തെ സന്ദർശിച്ച് പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്തു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 8 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഏപ്രിൽ 17

**മേഖലാ വാർത്തകൾ**

**തരിയോട്**

മേഖലാ ടീം അംഗങ്ങൾ ഒരുമ്മൽ കോളനി സന്ദർശിച്ച് മധുരം നൽകി. വന്യമൃഗങ്ങളുടെ ശല്യത്തിന് ശാശ്വത പരിഹാരം കാണുന്നതിനു വേണ്ടി മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ കൽപ്പറ്റയിൽ വച്ച് നടന്ന ഉപവാസ സമരത്തിലും പ്രതിഷേധ ജ്വാലയിലും മേഖലാ ടീം അംഗങ്ങൾ പങ്കെടുത്തു.

**കൽപ്പറ്റ**

കൊളവയൽ ദേവാലത്തിൽ വച്ച് കൽപ്പറ്റ മേഖലയുടെ കുരിശിന്റെ വഴി നടത്തി 240 പേർ പങ്കെടുത്തു. മേഖലാ മാതൃവേദിയുടെ മാർഗരേഖ പ്രകാശനം ചെയ്തു. മാതൃത്വത്തിന്റെ മഹത്വം എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ജോൺസി സി.എം.എഫ് മേഖലാ ഡയറക്ടർ ക്ലാസ് എടുത്തു. വനിതാദിനത്തിനെയും പ്രോലൈഫിന്റെ ഭാഗമായി 50 വയസ്സിൽ താഴെയുള്ള നാല് മക്കളിൽ കൂടുതലുള്ള 23 അമ്മമാരെ ആദരിച്ചു. മികച്ച ശാഖകൾക്കുള്ള സമ്മാനവിതരണം നടത്തി.

**ബത്തേരി**

ബത്തേരി മേഖലയുടെ നേതൃത്വത്തിൽ വേളാങ്കണ്ണി തീർത്ഥാടനം നടത്തി. വിവിധ യൂണിറ്റുകളിൽ നിന്നായി 52 പേർ പങ്കെടുത്തു.

**ശാഖാ വാർത്തകൾ**

**കയ്യൂന്നി**

എക്സിക്യൂട്ടീവ്, ജനറൽ ക്ലീനിങ്,പരീക്ഷ ഒരുക്ക പ്രാർത്ഥന എന്നിവ നടത്തി. ലോക തണ്ണീർത്തട ദിനം, രോഗീ ദിനം, പഞ്ചായത്ത് ദിനം എന്നീ ദിനാചരണങ്ങൾ നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങൾ വിമലഹൃദയ പ്രതിഷ്ഠ നടത്തി. ആശയസമാഹാരത്തിൽ 25 അമ്മമാർ പങ്കെടുത്തു. നിർമ്മാണ പ്രവർത്തനത്തിനായി 2000 രൂപ നൽകി.

**മക്കിയാട്**

എക്സിക്യൂട്ടീവ് കൂടി. വികാരിയച്ചന്റെ യാത്രയയപ്പ് സമ്മേളനം നടത്തി. ക്യാൻസർ രോഗിക്ക് 7000 രൂപ ചികിത്സാ സഹാ

യമായി നൽകി. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവന സന്ദർശനം നടത്തി.

**പാടിച്ചിറ**

ഫണ്ട് ശേഖരണാർത്ഥം സ്കൂൾ വാർഷിക ദിവസം ചായ, കാപ്പി, നെയ്യപ്പം എന്നിവ വില്പന നടത്തി. കെ. സി. വൈ. എം സംഘടനയോട് ചേർന്ന് ഐസ്ക്രീം വില്പനയും നടത്തി. ഭവന നിർമാണത്തിന് 4000 രൂപയും, രോഗിസഹായമായി 3000 രൂപയും നൽകി.

**പട്ടാണിക്കൂപ്പ്**

മാതാവിന്റെ രൂപം അലങ്കരിച്ച് മേഖലയ്ക്ക് അയച്ചു കൊടുത്തു. രൂപത നടത്തിയ ഉപവാസ സമരത്തിലും പ്രതിഷേധ റാലിയിലും പങ്കെടുത്തു.

**പുതുശ്ശേരിക്കടവ്**

കിടപ്പു രോഗികളെ സന്ദർശിച്ചു. പോരൂർ സ്നേഹാലയം സന്ദർശിച്ചു. 11500 രൂപ ധനസഹായം നൽകി. വിവാഹ സഹായമായി അക്രൈസ്തവ സഹോദരിക്ക് 5000 രൂപ നൽകി. വന്യമൃഗ ആക്രമണത്തിനും മനുഷ്യ ജീവഹാനിക്കുമെതിരെ മാനന്തവാടി രൂപത നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു.

**ശിശുമല**

കിടപ്പുരോഗി സന്ദർശനം, ഏലീശ്വ സന്ദർശനം, ഭിന്നശേഷിക്കാരുടെ ഭവന സന്ദർശനം, എക്സിക്യൂട്ടീവ് മീറ്റിംഗ്, അഗതി മന്ദിര സന്ദർശനം എന്നിവ നടത്തി. വന്യജീവി ആക്രമണങ്ങൾക്കെതിരെ പുൽപ്പള്ളിയിൽ നടന്ന പ്രതിഷേധ റാലിയിലും, മാനന്തവാടി രൂപത കൽപ്പറ്റയിൽ വച്ച് നടത്തിയ ഉപവാസ റാലിയിലും പ്രതിഷേധത്തിലും പങ്കെടുത്തു.

**പുൽപ്പള്ളി**

പരീക്ഷകൾക്കായി ഒരുങ്ങുന്ന വിദ്യാർത്ഥികൾ, വിവാഹ തടസ്സം നേരിടുന്ന യുവതി യുവാക്കൾ, ഗർഭസ്ഥ ശിശുക്കൾ എന്നിവർക്ക് വേണ്ടി ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു. മാതൃത്വം നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് ആശയ സമാഹരണം നടത്തി. പ്രതിഷേധ റാലിയിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

**മരകാവ്**

എക്സിക്യുട്ടീവ് കൂടി. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ ആശയ സമാഹരണം നടത്തി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ചൊവ്വാഴ്ചകളിൽ മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി സഹായിച്ചു. പുൽപ്പള്ളി,

കൽപ്പറ്റ എന്നിവിടങ്ങളിൽ വന്യമൃഗ ശല്യത്തിനെതിരെയുള്ള പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുത്തു .

**അപ്പപ്പാറ**

ബുദ്ധിമാന്ദ്യമുള്ള കുട്ടികളുള്ള മേഴ്സി ഹോം സന്ദർശിച്ച് കലാപരിപാടികൾ അവതരിപ്പിച്ചു. സഹായം നല്കി. കിടപ്പു രോഗികളെ സന്ദർശിച്ചു.

**അസംപ്ഷൻ**

വന്യജീവി ആക്രമണത്തിൽ നിന്ന് വയനാടൻ ജനതയെ രക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് മാനന്തവാടി രൂപത നടത്തിയ ഉപവാസത്തിലും പ്രതിഷേധ റാലിയിലും പങ്കെടുത്തു. പള്ളി ക്ലിനിങ്ങിനും, വി. ഗ്രന്ഥ വായനയിലും, രോഗി സന്ദർശനത്തിനും, അഖണ്ഡ ജപമാലയിലും പങ്കുചേർന്നു.

**കുറുമ്പാല**

മേഖലാ ജനറൽബോഡിയിൽ പങ്കെടുത്തു. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് കൂടി. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി ആശയസമാഹരണം നടത്തി. കൽപ്പറ്റയിൽ വച്ച് നടന്ന ഉപവാസ സമരത്തിലും കർഷക പ്രതിഷേധറാലിയിലും പങ്കെടുത്തു.

**പ്രശാന്തിഗിരി**

മേഖല ഭാരവാഹികളുടെ സംഗമത്തിനും മാർഗ്ഗരേഖ പ്രകാശനത്തിനും പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വന്യമൃഗങ്ങളുടെ അതിക്രമത്തിനെതിരെ നടത്തിയ പ്രതിഷേധത്തിൽ പങ്കെടുത്തു. വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ട അജീഷ്, പോൾ എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. അവിവാഹിതരുടെ എണ്ണം മേഖലയ്ക്ക് നൽകി. മാതൃത്വം നേരിടുന്ന വെല്ലുവിളികളെ കുറിച്ച് 10 പോയിന്റ് എഴുതി മേഖലയ്ക്ക് നൽകി.

**സീതാമൗണ്ട്**

ഫെബ്രുവരി 9 ന് യൂണിറ്റിൽ ഉപവാസ പ്രാർത്ഥന നടത്തി. മേഖലാതലത്തിൽ നടത്തിയ ചെയിൻ റോസറിയിൽ പങ്കെടുത്തു. ശിശുമല കുരിശു മലയിലേക്ക് നടത്തിയ കുരിശിന്റെ വഴിയിൽ പങ്കെടുത്തു.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് നടത്തി. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ നടത്തിയ കർഷക സമര ജ്വാലയിൽ പങ്കെടുത്തു. കോളനി സന്ദർശനം നടത്തി. പള്ളി ക്ലീനിങ് നടത്തി.

**വാകേരി**

കിടപ്പ് രോഗികളുടെ ഭവനങ്ങൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. അർദ്ധദിന സെമിനാർ നടത്തി. ദേവാലയം നിർമ്മിക്കാനുള്ള സ്ഥലത്ത് കുരിശിന്റെ വഴി നടത്തി.

**മരക്കടവ്**

വന്യമൃഗ ശല്യത്തിനെതിരെ രൂപത നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. പ്രമേഹ രോഗത്താൽ ഇരു കാലുകളും നഷ്ടപ്പെട്ട അമ്മക്ക് 2500 രൂപയും, തലച്ചോറിലേക്കുള്ള ഞരമ്പുകൾ ചുരുങ്ങുന്ന രോഗം ബാധിച്ച മണി എന്ന രോഗിക്ക് 2000 രൂപയും ചികിത്സാ സഹായമായി നൽകി. മാതൃത്വം ഇന്ന് നേരിടുന്ന വെല്ലുവിളികളെ പറ്റി ആശയ സമാഹരണം നടത്തി.

**പനംഞ്ചിറ**

രോഗീ സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. നല്ല വസ്ത്രങ്ങൾ ശേഖരിച്ച് പാവപ്പെട്ട കുടുംബങ്ങൾക്ക് നൽകി. യൂണിറ്റടിസ്ഥാനത്തിൽ കുരിശിന്റെ വഴി നടത്തി.

**കബനിഗിരി**

വിവിധ നിയോഗങ്ങൾക്ക് വേണ്ടി ആരാധന നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വന്യമൃഗ ആക്രമണത്തിനെതിരെ പുൽപള്ളിയിലും കല്പറ്റയിലും വച്ചു നടന്ന പ്രതിഷേധ റാലിയിലും, ഉപവാസ സമരത്തിലും പങ്കെടുത്തു.

**മാനന്തവാടി ടൗൺ ചർച്ച്**

ഭാരവാഹി സംഗമത്തിൽ 5 പേർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി ഒരു ക്യാൻസർ രോഗിക്ക് 7000 രൂപ നൽകി. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ എന്ന പരിപാടിയിലേക്ക് 10 Pointകൾ അയച്ച് കൊടുത്തു. കൽപ്പറ്റയിൽ നടന്ന പ്രതിഷേധ ജ്വാലയിൽ 25 പേർ പങ്കെടുത്തു. സ്നേഹദീപം ചാരിറ്റബിൾ ട്രസ്റ്റിലേക്ക് 1000 രൂപ നൽകി.

**കാരയ്ക്കാമല**

ഇടവകയിൽ നിന്നും നിർമ്മിച്ചു കൊടുക്കുന്ന ഭവന നിർമ്മാണ ഫണ്ടിലേക്ക് 3000 രൂപ സംഭാവന നൽകി. ചികിത്സയിലായിരിക്കുന്ന ഒരു മാതൃവേദി അംഗത്തിന് ചികിത്സയ്ക്കായി 2000 രൂപ സംഭാവന നൽകി. രോഗി സന്ദർശനം നടത്തി. കൽപ്പറ്റ ഓൾഡ് ഏജ് ഹോമിലെ അന്തേവാസികളെ സന്ദർശിച്ച് ഭക്ഷണസാധനങ്ങൾ നൽകി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വന്യമൃഗ ആക്രമണത്തിൽ പ്രതിഷേധിച്ച് കൽപ്പറ്റയിൽ നടന്ന കർഷക പ്രതിഷേധ റാലിയിലും

ഉപവാസ സമരത്തിലും പങ്കെടുത്തു. രോഗി സന്ദർശനം, മരണവീട് സന്ദർശനം എന്നിവ നടത്തി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. ഭാരവാഹി സംഗമത്തിലും മാർഗ്ഗരേഖ പ്രകാശനത്തിലും പങ്കെടുത്തു. ആനയുടെ ആക്രമണത്തിൽ മരിച്ച അജീഷിന്റെ ഭവനം സന്ദർശിച്ചു. മാതൃത്വം ഇന്ന് നേരിടുന്ന വെല്ലുവിളികൾ ആശയ സമാഹരണം നടത്തി. രോഗി സന്ദർശനം നടത്തി. കർഷക സമരത്തിലും പ്രതിഷേധ റാലിയിലും പങ്കെടുത്തു.

**യവനാർകുളം**

മേഖലാ ഭാരവാഹികളുടെ സംഗമം, മാർഗരേഖ പ്രകാശനം എന്നിവയിൽ പങ്കെടുത്തു. വന്യജീവി ആക്രമണത്തിനെതിരായി നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു. ഇടവകയിലെ അവിവാഹിതരുടെ എണ്ണം മേഖലയ്ക്ക് കൊടുത്തു. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ പത്തു പോയിന്റ് എഴുതി നൽകി. അമ്മമാർ ആക്രി സാധനങ്ങൾ വീടുകളിൽ നിന്നും പെറുക്കി ഫണ്ട് ശേഖരിച്ചു. രോഗി സന്ദർശനം നടത്തി.

**നരിവാലമുണ്ട**

ചോക്കാട് അനാഥാലയ സന്ദർശനം നടത്തി. 50 പേർക്കുള്ള ഭക്ഷണം ഉണ്ടാക്കി കൊടുത്തു. രോഗീ സന്ദർശനം നടത്തി. ഇടവകയിൽ തനിച്ച് താമസിക്കുന്ന അമ്മമാരെ സന്ദർശിച്ചു. വൈദിക വിദ്യാർഥികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**അമ്പലവയൽ**

ഒരു നിർധന കുടുംബത്തിലെ കുട്ടികൾക്ക് 5500 രൂപ പഠന സഹായം നൽകി. യൂണിറ്റ് വാർഷികം നടത്തി. ബത്തേരി മേഖല നടത്തിയ വേളാങ്കണ്ണി തീർത്ഥാടനത്തിൽ പത്തുപേർ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി.

**ദ്വാരക**

ലോക ക്യാൻസർ ദിനത്തിൽ വയനാട് ജില്ല ഹോമിയോ ഹോസ്പിറ്റൽ സൂപ്രണ്ട് ഡോക്ടർ സ്മിത എടുത്ത അവയർനസ് ക്ലാസ്സിൽ പങ്കെടുത്തു. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി അമ്മമാർ തയ്യാറാക്കിയ ആശയ സമാഹരണം മേഖലയ്ക്ക് നൽകി. വന്യജീവി പ്രതിഷേധ റാലിയിൽ അമ്മമാർ പങ്കെടുത്തു.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ബൈബിൾ പാരായണം നടത്തി. മരണവീടുകൾ സന്ദർശിച്ച് പ്രാർത്ഥിച്ചു. 5000 രൂപ ഭവന നിർമ്മാണ സഹായം നൽകി. പള്ളിയും പരിസരവും സിമിത്തേരിയും വൃത്തിയാക്കി.

**വാളേരി**

എക്സിക്യൂട്ടീവ് കൂടി. വചന കവചം,സാന്ത മോനിക്ക, ചെയിൻ റോസറി, ഭവന സന്ദർശനം എന്നിവ നടത്തി. റാണി മരിയ അനുസ്മരണ ദിനത്തിൽ അമ്മമാർ ഉപവസിച്ചു പ്രാർത്ഥിച്ചു. സമരിറ്റൻ ഭവൻ സന്ദർശിച്ചു.

**പോരൂർ**

മാർഗരേഖ പ്രകാശനത്തിലും ഭാരവാഹികളുടെ സംഗമത്തിലും പങ്കെടുത്തു. ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ ആശയസമാഹരണം മേഖലയ്ക്ക് അയച്ചു. ഇടവകയിലെ 30 വയസിനു മുകളിൽ പ്രായമുള്ളവരുടെ ലിസ്റ്റ് മേഖലയ്ക്ക് നൽകി.

**കളത്തുവയൽ**

ഭവന സന്ദർശനം, രോഗി സന്ദർശനം എന്നിവ നടത്തി. എസ് എസ്എൽസി, പ്ലസ് ടു വിദ്യാർത്ഥികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥന, കുരിശിന്റെവഴി എന്നിവ നടത്തി. ദേവാലയവും പരിസരവും വൃത്തിയാക്കി.

**കരിമാനി**

മേഖല നേതൃത്വ സംഗമം, മാർഗ്ഗരേഖ പ്രകാശനം എന്നിവയിൽ പങ്കെടുത്തു. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖലയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പരീക്ഷ ഒരുക്ക പ്രാർത്ഥനയിൽ 4 പേർ പങ്കെടുത്തു. മാതൃത്വം ഇന്ന് നേരിടുന്ന വെല്ലുവിളികൾ ആശയസമാഹരണം നടത്തി പത്ത് പോയിന്റുകൾ മേഖലയ്ക്ക് നൽകി.

**ബോയ്സ് ടൗൺ**

മാർഗ്ഗരേഖ പ്രകാശനം ഭാരവാഹികളുടെ സംഗമം എന്നിവയിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. രോഗി സഹായമായി 500 രൂപ നൽകി. കൽപ്പറ്റയിൽ വച്ച് നടത്തിയ വന്യജീവി ആക്രമണത്തിനെതിരെയുള്ള ഉപവാസ സമരത്തിലും പ്രതിഷേധ റാലിയിലും പങ്കെടുത്തു. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ ആശയ സമാഹരണം 10 Pointകൾ മേഖലക്ക് നൽകി. 30 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരുടെ പേര് വിവരങ്ങൾ മേഖലക്ക് നൽകി.

**ഇരുളം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. ഒരു നിർധന കുടുംബത്തിന് 500 രൂപയുടെ ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു.ചികിത്സാ സഹായമായി 3 കുടുംബങ്ങൾക്ക് 8800 രൂപ സാമ്പത്തിക സഹായം നൽകി. പഠനസഹായമായി 2500 രൂപ നൽകി കൽപ്പറ്റയിൽ വച്ച് നടത്തിയ ഉപവാസ സമരത്തിനും പ്രതിഷേധ റാലിയിലും പങ്കെടുത്തു. സെമിനാർ നടത്തി.

**മുള്ളൻകൊല്ലി**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം നടത്തി. പുൽപ്പള്ളിയിലും കല്പറ്റയിലും നടത്തിയ വന്യമൃഗ പ്രതിഷേധ റാലിയിൽ പങ്കെടുത്തു.

**തേൾപ്പാറ**

തിരുനാളിന് പായസ സ്റ്റാൾ നടത്തി. മുത്തു കുടകളും രൂപങ്ങളും വഹിച്ചു. വന്യമൃഗ ഭീഷണിയിൽ ദുരിതമനുഭവിക്കുന്ന വയനാടൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടത്തിയ പ്രതിഷേധ റാലിയിൽ പങ്കെടുത്തു.

**വടപുറം**

മുട്ടു മാറ്റൽ ശസ്ത്രക്രിയ കഴിഞ്ഞിരിക്കുന്ന ഒരു രോഗിയെ സന്ദർശിച്ച് വേണ്ട ശുശ്രൂഷകൾ നൽകി. രോഗീ സന്ദർശനം നടത്തി. മാതൃത്വം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ ആശയസമാഹരണം നടത്തി.

**കുഞ്ഞോം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ജനറൽ ബോഡി, ക്യാൻസർ ബോധവൽക്കരണ സെമിനാർ എന്നിവ സംഘടിപ്പിച്ചു. 'നോമ്പുകാല വിചിന്തനം' രണ്ടു മിനിറ്റിൽ കഴിയാത്ത പ്രസംഗം മത്സരം നടത്തി. വന്യമൃഗ ശല്യത്തിനെതിരെ നിരവിൽപുഴ ഫോറസ്റ്റ് ഓഫീസിലേക്ക് നടത്തിയ പന്തം കൊളുത്തി പ്രകടനത്തിൽ പങ്കെടുത്തു.

**കരിമ്പിൽ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗി സന്ദർശനം നടത്തി.വചനം ചൊല്ലി പ്രാർത്ഥിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**നടവയൽ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. കൽപ്പറ്റയിൽ വച്ച് നടന്ന പ്രതിഷേധറാലിയിൽ പങ്കെടുത്തു. 30 വയസ്സിന് മുകളിൽ പ്രായമുള്ള 135 പേരെ കണ്ടെത്തി രൂപതയ്ക്ക് ലിസ്റ്റ് കൊടുത്തു. ഭവന സന്ദർശനം

നടത്തി. ഒരു സാധു കുടുംബത്തിന് ആയിരം രൂപ ഗ്യാസ് എടുക്കാൻ സഹായിച്ചു. 250 രൂപയുടെ ഭക്ഷണ സാധനം കൊടുത്തു.

**താളിപ്പാടം**

സെമിത്തേരി വൃത്തിയാക്കി. എക്സിക്യൂട്ടീവ് കൂടി.രോഗി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**നിലമ്പൂർ**

എക്സിക്യൂട്ടീവ് കൂടി. നിലമ്പൂർ ഗവ.ഹോസ്പിറ്റലിൽ ഉച്ചഭക്ഷണത്തിനായി 7000 രൂപ നൽകി. ഹോസ്പിറ്റലിൽ രോഗി സന്ദർശനം നടത്തി. 30 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരുടെ ലിസ്റ്റ് തയ്യാറാക്കി മേഖലയ്ക്ക് കൊടുത്തു.

**തലഞ്ഞി**

മാതൃത്വം നേരിടുന്ന വെല്ലുവിളികൾ എന്ന വിഷയത്തെ ആസ്പദമാക്കി ആശയ സമാഹരണം നടത്തി. വിധവകളുടെ വീടുകൾ സന്ദർശിച്ചു. ഒരു നിർധന വീട് സന്ദർശിച്ച് ഭവനവും പരിസരവും വൃത്തിയാക്കി. ഓൺലൈൻ ക്വിസ് മത്സരം നടത്തി.

**മഞ്ഞൂറ**

വനിതാ ദിനത്തിൽ ഇടവകയിൽ ഏറ്റവും നല്ല രീതിയിൽ കൃഷി ചെയ്യുന്ന അമ്മയെ ആദരിച്ചു. രോഗി സഹായമായി 5000 രൂപ നൽകി. ഭവന സന്ദർശനം നടത്തി.

സ്നേഹാശംസകളോടെ,
**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

## സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ മാർച്ച് 01 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി. സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു. മാർച്ച് 02ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. ഫാ. ലിൻസൺ ചെങ്ങിനിയാടത്ത് വചനസന്ദേശം നൽകി. ബിജു പുളിക്കൽ, സി. അന്ന FCC, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രൂഷക്കും, ബ്രദർ ജോസ് മളോല സ്തുതി ആരാധനക്കും, ബഹു. സി. സ്മിത CMC, സി. ജാൻസി SABS, എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി.

മാർച്ച് 09ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 മണിവരെ സ്പിരിചൽ ഷെയറിംഗ് നടത്തി. മാർച്ച് 14 മുതൽ 17 വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടന്നു. മാർച്ച് 22 വെള്ളി വൈകുന്നേരം 5 മുതൽ രാത്രി 10.30 വരെ ജാഗരണ പ്രാർത്ഥന നടത്തി

**ഇടവക ധ്യാനം**

മാർച്ച് 17 മുതൽ 20 വരെ കല്ലോടി ഇടവകയിലും, 22 മുതൽ 24 വരെ കരിമാനി ഇടവകയിലും, 25 മുതൽ 27 വരെ മക്കിയാട് ഇടവകയിലും സീയോൻ ടീമിന്റെ നേതൃത്വത്തിൽ ഇടവക ധ്യാനം നടത്തി. മീഡിയ കമ്മീഷൻ, സീയോൻ CRC എന്നീ യൂട്യൂബ് ചാനലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

ഏപ്രിൽ മാസത്തെ താമസിച്ചുള്ള ധ്യാനം 18 മുതൽ 21 വരെ
For Booking : 8281132195, 9544606936

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും സുഖമെന്ന് കരുതുന്നു. ഉത്ഥിതനായ യേശുവിന്റെ കൃപയും അനുഗ്രഹവും നമുക്കുണ്ടായിരിക്കട്ടെ. ദൈവത്തിന് മനുഷ്യ വർഗ്ഗത്തോടുള്ള അനന്തമായ കൃപയുടെയും സ്നേഹത്തിന്റെയും പ്രതിഫലനമാണ് യേശുവിന്റെ ഉയിർപ്പ്. യേശു ഉയിർത്തെഴുന്നേറ്റില്ലായിരുന്നെങ്കിൽ നമ്മുടെ വിശ്വാസം വ്യർത്ഥമായേനെയെന്ന പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഇത്തരുണത്തിൽ പ്രത്യേകം നമുക്ക് അനുസ്മരണീയമാണ്. ഉത്ഥിതനായ യേശു നമ്മോടൊപ്പം ഉണ്ടെന്ന വിശ്വാസം ഓരോ വിൻസെൻഷ്യനും ഉണ്ടാവണം. എനിക്ക് ശക്തി നൽകുന്ന ക്രിസ്തുവിലൂടെ എനിക്ക് എല്ലാം ചെയ്യാൻ കഴിയും (ഫിലി: 4:13 ). ഈ ബോധ്യം നമുക്കുണ്ടെങ്കിൽ നമ്മുടെ പ്രവർത്തികൾ എല്ലാം ദൈവീകമാകും – വേദനിക്കുന്നവനെ ചേർത്തുനിർത്തുവാൻ നമുക്കാകും, കഷ്ടതയനുഭവിക്കുന്നവന്റെ കണ്ണീരൊപ്പുവാൻ നമുക്കാകും. നാമെല്ലാവരും ദൈവകൃപ ലഭിച്ചവരാണ്. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് സമാധാനം (ലൂക്കാ: 2: 14). നമുക്ക് ലഭിച്ചിരിക്കുന്ന സമാധാനം നാം മറ്റുള്ളവർക്ക് പകർന്നു നൽകണം. നമ്മുടെ ഹൃദയത്തിലുള്ളതേ മറ്റുള്ളവർക്ക് പകർന്നു നൽകുവാൻ നമുക്ക് ആകൂ. അത് സമാധാനമാണെങ്കിലും, അസമാധാനമാണെങ്കിലും. അസ്വസ്ഥത പടർത്തുന്ന ഒരു സമൂഹത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. എന്തുകൊണ്ടാണ് സമൂഹത്തിന് ഈ മാറ്റം സംഭവിക്കുന്നത്? സ്വന്തം ഹൃദയത്തിൽ അസ്വസ്ഥതയും, അസമാധാനവും, തിന്മയും നിറയുന്നവർക്ക് അതേ മറ്റുള്ളവർക്കും പകർന്നു നൽകാൻ ആവൂ. അസമാധാനത്തിന്റെ ഈ ലോകത്ത് സമാധാനത്തിന്റെയും ശാന്തിയുടെയും പൊൻപ്രഭ ചൊരിയുന്നവരായി ഓരോ വിൻസെൻഷ്യനും മാറുവാൻ കഴിയട്ടെ. ദൈവം നമ്മോടു കൂടെയുണ്ട്.

**എ. സി. യോഗങ്ങൾ**

സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിലിന് കീഴിലുള്ള ഏരിയ കമ്മറ്റികളുടെ ആഭിമുഖ്യത്തിൽ യോഗങ്ങൾ നടന്നുവരികയാണല്ലോ. മണിമൂളി, പുൽപ്പള്ളി എ. സി. തല യോഗങ്ങൾ നടന്നു. സംഘടനയെ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ ഈ യോഗങ്ങളിൽ ഉയർന്നുവന്നു. കോൺഫ്രൻസ് യോഗങ്ങൾ, ഭവന - രോഗി സന്ദർശനങ്ങൾ ശക്തിപ്പെടുത്തുന്നതിനായുള്ള പ്രവർത്തന മാർഗരേഖകൾ അവതരിപ്പിക്കുകയും അവയ്ക്ക് അനുസൃതമായ പ്രവർത്തനങ്ങൾ അനുവർത്തിക്കുവാനും തീരുമാനിച്ചു. കൊട്ടിയൂർ, തരിയോട്, വാഴവറ്റ, പാടിച്ചിറ, ചുണ്ടക്കര, മാനന്തവാടി, ഗൂഡല്ലൂർ, എ.സി.കളുടെ പ്രതിമാസ യോഗങ്ങൾ ചേർന്നു.

ഓസാനം ഭവൻ ജൂബിലി ആഘോഷങ്ങൾ ഏപ്രിൽ ഏഴിന് ആരംഭിക്കുന്നതാണ്. നടവയൽ ഹോളിക്രോസ് ദൈവാലയത്തിലെ സൺഡേ സ്കൂൾ കുട്ടികൾ, അധ്യാപകർ എന്നിവർ ഇടവക സഹവികാരി റവ. ഫാദർ അനിൽ, ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് എന്നിവരുടെ നേതൃത്വത്തിൽ ഓസാനം ഭവൻ സന്ദർശിച്ചു. KMCT മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിൽ മെഡിക്കൽ ക്യാമ്പ് നടത്തി. ഡോക്ടർ ദിൽനയുടെ നേതൃത്വത്തിലുള്ള മെഡിക്കൽ ടീം രോഗികളെ പരിശോധിച്ചു മരുന്നുകൾ നൽകി.

**ഫാദർ ജോജോ കുടക്കച്ചിറ**
(സി.സി. ആധ്യാത്മിക ഉപദേഷ്ടാവ്)
**ബ്രദർ ബാബു നമ്പൂടാകം**
(സി.സി. പ്രസിഡന്റ്)

## സാമൂഹ്യ സേവനരംഗം (WSSS)

### സ്ത്രീ മുന്നേറ്റത്തിന് ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം: മാർ ജോസ് പൊരുന്നേടം

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ കീഴിൽ കേരളത്തിലെ സാമൂഹ്യ സേവന പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുന്ന കേരള സോഷ്യൽ സർവ്വീസ് ഫോറം, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ വനിതാ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ദർശൻ എന്നിവ സംയുക്തമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തിയ അന്താരാഷ്ട്ര വനിതാദിനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു പിതാവ്. സ്ത്രീകൾ കാലത്തിനൊത്തു മാറണമെന്നും ഓരോ സ്ത്രീയും അവരുടെ കഴിവ് തിരിച്ചറിഞ്ഞു പ്രവർത്തിക്കണമെന്നും ആധുനിക ലോകത്തിൽ ഏവരും പ്രയോജനപ്പെടുത്തുന്ന നൂതന സാങ്കേതിക വിദ്യ ആയ നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തണമെന്നും പിതാവ് ഓർമ്മിപ്പിച്ചു. ദർശൻ പ്രസിഡണ്ട് റാണി ചാക്കോ അദ്ധ്യക്ഷത വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം സംസ്ഥാനത്ത് 32 രൂപതകളിലെ ഏറ്റവും നല്ല സംരംഭകർക്കു വേണ്ടി ഏർപ്പെടുത്തിയ അവാർഡ് ബിഷപ്പ് മാർ ജോസ് പൊരുന്നേടം വിതരണം ചെയ്തു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ മുഖ്യപ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, കേരള ലേബർ മൂവ്മെന്റ് രൂപതാ പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, ദർശൻ വൈസ് പ്രസിഡണ്ട് ജെസ്സി റെജി, സെക്രട്ടറി പ്രമീള ജോർജ്ജ്, മാനന്തവാടി മുൻസിപ്പൽ കൗൺസിലർ ആലീസ് സിസിൽ, കേരള സോഷ്യൽ സർവ്വീസ് ഫോറം പ്രോഗ്രാം ഓഫീസർ ടോണി സണ്ണി എന്നിവർ സംസാരിച്ചു. തുടർന്ന് നൂതന സംരംഭങ്ങളിലൂടെ സ്ത്രീശാക്തീകരണം എന്ന വിഷയത്തിൽ നടന്ന പരിശീലനത്തിന് അഡ്വക്കേറ്റ് ഗ്ലോറി നേതൃത്വം നൽകി. തുടർന്ന് സ്ത്രീകളുടെ ആരോഗ്യം ക്ഷേമം സുരക്ഷ എന്ന വിഷയത്തിൽ നടന്ന പരിശീലനത്തിന് കുടുംബശ്രീ മിഷൻ കമ്മ്യൂണിറ്റി

കൗൺസിലർ സിസിലി എൻ. എൽ ക്ലാസ് എടുത്തു. തുടർന്ന് വിവിധ കലാകായിക മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികൾക്ക് കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

**കേരള കാർഷിക സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ പഠനത്തിനെത്തി**

കേരള കാർഷിക സർവ്വകലാശാലയുടെ അമ്പലവയൽ സെന്ററിലെ വിദ്യാർത്ഥികൾ 03 ദിവസത്തെ പഠനത്തിനായി വയനാട് സോഷ്യൽസർവ്വീസ് സൊസൈറ്റിയിൽ എത്തി. റൂറൽ അഗ്രികൾച്ചർ വർക്ക് എക്സിപീരിയൻസ് എന്ന പ്രായോഗിക പരിശീലനം നേടാനാണ് 22 വിദ്യാർത്ഥികൾ അടങ്ങുന്ന ടീം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ എത്തിയത്. ബയോവിൻ അഗ്രോ റിസേർച്ച്, മുള്ളൻകൊല്ലി നീരുറവ സംരക്ഷണ സമിതി, ബോയ്സ്ടൗൺ ബൊട്ടാണിക്കൽ ഗാർഡൻ, തൃശ്ശിലേരി ജോൺ മാസ്റ്ററുടെ ജൈവ കൃഷിയിടം, റേഡിയോ മാറ്റൊലി, നബാർഡ് ആട് ഗ്രാമം, നബാർഡ് വാടി പദ്ധതി തുടങ്ങിയ സ്ഥലങ്ങൾ ടീം സന്ദർശിച്ചു. കൂടാതെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നടന്ന പഠന ശില്പശാലയിലും ടീം പങ്കെടുത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, കോ-ഓർഡിനേറ്റർ ദീപു ജോസഫ്, ഫീൽഡ് ആനിമേറ്റർ മാരായ ഷീന ആന്റണി, ബിൻസി വർഗ്ഗീസ് എന്നിവർ സന്ദർശന പരിപാടിക്ക് നേതൃത്വം നൽകി.

**വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നൂറ് ടോയ്ലറ്റുകൾ നിർമ്മിക്കുന്നു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് സേവ് എ ഫാമിലി പ്ലാൻ ഇന്ത്യയുമായി സഹകരിച്ച് 100 ടോയ്ലറ്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ ടോയ്ലറ്റ് സൗകര്യം ഇല്ലാത്ത കുടുംബങ്ങളെ ആണ് ഈ പദ്ധതിക്കായി പരിഗണിക്കുക. കൂടാതെ നിലവിലുള്ള ടോയ്ലറ്റ് തീർത്തും മോശമായ അവസ്ഥയിൽ ഉള്ളവരെയും ഈ പദ്ധതിയിലേക്ക് പരിഗണിക്കാവുന്നതാണ്. വീടിന് പുറത്ത് ടോയ്ലറ്റ് നിർമ്മിക്കേണ്ടതാണ്. ടോയ്ലറ്റിന് 04 അടി വീതിയും 06 അടി നീളവും 07 അടി ഉയരവും ഉണ്ടായിരിക്കണം. ഇന്ത്യൻ ക്ലോസറ്റോ യൂറോപ്പ്യൻ ക്ലോസറ്റോ ഉപയോഗിക്കാവുന്ന

താണ്. ഫ്ളോറിങ് സിമന്റ് / റെഡ് ഓക്സൈഡ് /ടൈൽ എന്നിവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാവുന്നതാണ്. ചുമർ സിമന്റ് കൊണ്ട് തേച്ച് വൈറ്റ് വാഷ്ചെയ്യേണ്ടതാണ്. മേൽക്കൂരവാർക്കേണ്ടതാണ്. 2000 ലിറ്റർ ശേഷി ഉള്ള റെഡിമെയ്ഡ് സെപ്റ്റിക് ടാങ്ക് അല്ലെങ്കിൽ കട്ട കൊണ്ട് കെട്ടിയ സെപ്റ്റിക് ടാങ്ക് ഉപയോഗിക്കാവുന്നതാണ്. ആവശ്യത്തിന് വെള്ളം, ലൈറ്റ്, വെന്റിലേഷൻ സൗകര്യം ഉണ്ടായിരിക്കണം. ടോയ്‌ലറ്റിന് അടച്ചുറപ്പുള്ളവാതിൽ ഉണ്ടായിരിക്കണം. ഒരു ടോയ്‌ലറ്റ് നിർമ്മിക്കുന്നതിന് 30000 രൂപയാണ് ധനസഹായമായി അനുവദിക്കുക. ബാക്കിതുക ഗുണഭോക്താവ് സ്വന്തം വഹിക്കേണ്ടതാണ്.

**പച്ചക്കറി ഉത്പ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ച് നബാർഡ് നീരുറവ സംരക്ഷണ പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, മുള്ളൻകൊല്ലി നീർത്തട വികസന സമിതി എന്നിവ സംയുക്തമായി തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീരുറവ സംരക്ഷണ പദ്ധതിയിൽ അംഗങ്ങളായ മുന്നൂറോളം കുടുംബങ്ങളിൽ ജൈവ പച്ചക്കറി കൃഷി ചെയ്ത് സ്വയം പര്യാപ്തത കൈവരിച്ചിരിക്കുന്നു. നീർത്തട പ്രദേശത്തെ മുഴുവൻ കുടുംബങ്ങളും ജൈവരീതിയിൽ ആണ് പച്ചക്കറി കൃഷി അനുവർത്തിക്കുന്നത്. തക്കാളി, വെണ്ട, ചീര, മുളക്, വഴുതന, കോളിഫ്ളവർ, പാവൽ, പയർ, വെള്ളരി, മത്തൻ തുടങ്ങിയ പച്ചക്കറി ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. പച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായ തൈകൾ വിസ്മയ, ശലഭം എന്നീ തുല്യ ബാധ്യത സംഘങ്ങൾ ആണ് ഉത്പ്പാദിപ്പിച്ചത്. ഓരോ കുടുംബവും ചുരുങ്ങിയത് 05 സെന്റ് സ്ഥലത്ത് പച്ചക്കറി ചെയ്തു വരുന്നു. ഇരുപതോളം സ്വാശ്രയ സംഘങ്ങളും പച്ചക്കറി ഉത്പ്പാദിപ്പിക്കുന്നു. സ്വാശ്രയ സംഘങ്ങൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് ചെറുകിട ജലസേചനവും ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, കോ-ഓർഡിനേറ്റർ ദീപു ജോസഫ്, മുള്ളൻകൊല്ലി നീർത്തട വികസന സമിതി അംഗങ്ങൾ എന്നിവർ നേതൃത്വം നൽകുന്നു.

**ക്യാൻസർ ബോധവത്ക്കരണ സെമിനാർ നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായി യവനാർകുളം സോഷ്യൽ വെൽഫയർ

സൊസൈറ്റിയിലെ സ്വാശ്രയ സംഘാംഗങ്ങൾക്കായി ക്യാൻസർ ബോധവത്ക്കരണ സെമിനാർ നടത്തി. സെമിനാർ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ ഉദ്ഘാടനം ചെയ്തു. പ്രോഗ്രാം ഓഫീസർ ജോസ് പി. എ, റീജിയണൽ കോ-ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ സംസാരിച്ചു. സെമിനാറിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ കോ-ഓർഡിനേറ്റർ റ്റുബിൻ ജിപ്സൺ നേതൃത്വം നൽകി. എന്താണ് ക്യാൻസർ എന്നും ലക്ഷണങ്ങൾ കണ്ടാൽ ഉടനെ വിദഗ്ദ ചികിത്സ നേടേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും നമ്മുടെ ശരീരത്തിലെ വിവിധ അവയവങ്ങളെ ബാധിക്കുന്ന ക്യാൻസറുകളെ കുറിച്ചും റ്റുബിൻ ജിപ്സൺ ക്ലാസിൽ വിശദീകരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി റീജിയണൽ കോ-ഓർഡിനേറ്റർ ബിൻസി വർഗ്ഗീസ്, ജിനി ഷിനു, സോഷ്യൽ വെൽഫയർ സൊസൈറ്റി ഭാരവാഹികളായ ജോമി ഷാജി, ഉഷ കാവുങ്കൽ, റീന ജോസ് എന്നിവർ നേതൃത്വം നൽകി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

ജീവസ് & കെ.എൽ.എം പ്രവർത്തനങ്ങൾ ഇടവകാ തലങ്ങളിൽ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ക്ഷേമനിധികൾ, ഇൻഷൂറൻസുകൾ മുതലായവ ജനങ്ങളിലേക്കെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്.

**ഇടവകാതല സെമിനാറുകൾ**

കാരക്കാമല സെന്റ് മേരീസ് ഇടവകയിൽ നടന്ന സെമിനാർ ഫാ. ബെന്നി പനയ്ക്കൽ ഉദ്ഘാടനം ചെയ്തു. ജീവസ് & കെ. എൽ. എം രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ പദ്ധതികൾ വിശദീകരിച്ചു. കല്ലുവയൽ സെന്റ് മേരീസ് ഇടവകയിലെ സെമിനാർ ഫാ. ഷാജി മുളകുടിയാങ്കൽ ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ സെബാസ്റ്റ്യൻ പുരയ്ക്കൽ നേതൃത്വം നൽകി.

**ഫൊറോന മീറ്റിംഗുകൾ**

പാരീഷ് കോഡിനേറ്റർമാരുടെ ഫൊറോന തല മീറ്റീംഗുകൾ നടന്നു വരുന്നു. മുള്ളൻകൊല്ലി ഫൊറോന മീറ്റിംഗ് ഫൊറോന വികാരി ഫാ. ജസ്റ്റിൻ മൂന്നാനാൽ, ദ്വാരകയിൽ ഫൊറോന വികാരി ഫാ. മാത്യു മൂത്തേടത്ത്, ബത്തേരിയിൽ ഫൊറോന വികാരി ഫാ. ജോസഫ് പരുവുമ്മേൽ, ചുങ്കക്കുന്ന് ഫൊറോന മീറ്റിംഗ് ഫാ. പോൾ കൂട്ടാല, പയ്യമ്പള്ളി ഫൊറോന മീറ്റിംഗ് ഫാ. സുനിൽ വട്ടുകുന്നേൽ എന്നിവരുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫൊറോന തലത്തിൽ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ഫൊറോന കോ-ഓർഡിനേറ്റർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു. എല്ലാ മീറ്റിംഗുകളിലും രൂപതാ ഡയറക്ടർ സംബന്ധിച്ചു.

**ഫൊറോന കോ-ഓർഡിനേറ്റർമാർ**

മുള്ളൻകൊല്ലി - ടോമി നെടുംകൊമ്പിൽ & മാത്യു ഞൊണ്ടൻമാക്കൽ, ബത്തേരി - ജോൺസൺ തൊഴുത്തുങ്കൽ, ദ്വാരക - തങ്കച്ചൻ പിലാപ്പിള്ളി, പയ്യമ്പള്ളി - സജി ജോൺ കളപ്പുര & തോമസ് കറുത്തേടം, ചുങ്കക്കുന്ന് - സൗമ്യ മലയിൽ മറ്റുള്ള ഫൊറോനകളിൽ ഏപ്രിൽ മാസത്തിൽ മീറ്റിംഗുകൾ നടക്കുന്നതാണ്.

**പാരീഷ് ക്യാമ്പ്**

ദീപ്തിഗിരി സെന്റ് തോമസ് ഇടവകയിൽ സംഘടിപ്പിച്ച പാരീഷ് ക്യാമ്പ് ഇടവക വികാരി ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. പാരീഷ് കോഡിനേറ്റർ പോൾ കളരിക്കൽ നേതൃത്വം നൽകി. ക്ഷേമനിധി, തപാൽ വകുപ്പ്, ഫിനാൻസ് ലിറ്ററസി എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു. ക്യാമ്പിൽ വെച്ച് 41 പേർ വിവിധ സാമൂഹിക സുരക്ഷാ പദ്ധതികളിൽ ചേർന്നു.

**തയ്യൽ തൊഴിലാളി ക്ഷേമനിധികാർഡ് വിതരണം**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ പുതുതായി ചേർന്ന 30 അംഗങ്ങളുടെ കാർഡ് വിതരണം WSSSൽ വെച്ച് ഫെബ്രുവരി 26 ന് നടന്നു. രൂപതാ ഡയറക്ടർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വെച്ച് WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ കാർഡുകൾ വിതരണം ചെയ്തു. രൂപതാ കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ നന്ദി പറഞ്ഞു.

**ലേബർ കോൺക്ലേവ്**

കെ. എൽ. എം സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി സംസ്ഥാന തലത്തിൽ എറണാകുളം ആശീർഭവനിൽ വെച്ച് നടത്തിയ ലേബർ കോൺക്ലേവിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിനോടൊപ്പം രൂപതാ ഡയറക്ടർ, രൂപതാ പ്രസിഡണ്ട് ബിജുപോൾ, ടീം അംഗങ്ങളായ സാലു അബ്രഹാം മേച്ചേരിൽ, അഡ്വ. ജിജിൽ, സി. ആനീസ് SKD, ചാരിറ്റി ഇടവകാ കോഡിനേറ്റർ വിനീത മഞ്ഞാളി എന്നിവർ പങ്കെടുത്തു.

**ലേബർ ഫസിലിറ്റേഷൻ - ജന സേവന കേന്ദ്രം പ്രമോട്ടേർസ് പരിശീലനം**

ജിവസ് & കെ. എൽ. എം, ഇ-നെറ്റ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ചേർന്ന് ആരംഭിക്കുന്ന ലേബർ ഫസിലിറ്റേഷൻ & ജന സേവന കേന്ദ്രങ്ങൾ നടത്തുന്ന പ്രൊമോർട്ടേഴ്സിനുള്ള പരിശീലനം മാർച്ച് 16,17 തിയ്യതികളിൽ WSSS ൽ വെച്ച് നടന്നു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ പരിശീലനം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ അദ്ധ്യക്ഷനായിരുന്നു. ഇ-നെറ്റ് കമ്പനിയുടെ ജനറൽ മാനേജർ, സി. ഇ. ഒ, ഫാക്കൽ ടി അംഗങ്ങൾ എന്നിവർ സെഷനുകൾ നയിച്ചു. രൂപതയുടെ വിവിധ ഭാഗങ്ങളിലായി ഇരുപത് സെന്ററുകളാണ് ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്. മുപ്പത്തി അഞ്ച് പേർ പങ്കെടുത്ത പരിശീലനത്തിന് WSSS പ്രോഗ്രാം കോഡിനേറ്റർ

പി. എ ജോസ് സ്വാഗതവും കെ. എൽ. എം പ്രസിഡണ്ട് ബിജു പോൾ നന്ദിയും പറഞ്ഞു.

**അംഗത്വം പുതുക്കൽ**

കേരള ഗവൺമെന്റിന്റെ ക്ഷേമനിധികളായ നിർമ്മാണ തൊഴിലാളി, കർഷക തൊഴിലാളി ക്ഷേമനിധി എന്നിവയുടെ വാർഷിക പുതുക്കൽ പൂർത്തിയായി.

**രജിസ്ട്രേഷൻ**

തയ്യൽ തൊഴിലാളി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധിയുടെ പുതിയ രജിസ്ട്രേഷൻ മാർച്ച് 22 ന് ക്ഷേമനിധി ഓഫീസിൽ നടക്കും.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബൻ പദ്ധതിയിൽ 60 വയസ്സ് പൂർത്തിയായവരുടെ 12 അപേക്ഷകൾ സമർപ്പിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. NABARD - OFFD "Home Health Aide" ട്രെയിനിംഗ് പ്രോഗ്രാം**

Home Health Aide" ട്രെയിനിംഗ് പ്രോഗ്രാം: നബാർഡിന്റെ സഹായത്തോടുംകൂടി NDS നടപ്പിലാക്കുന്ന 67 ദിവസത്തെ പരിശീലന പരിപാടിയായ "Home Health Aide" എന്ന കോഴ്സിന്റെ പരിശീലന ക്ലാസ്സുകൾ വിജയകരമായി പുരോഗമിക്കുന്നു. NDS ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചന്റെ മേൽനോട്ടത്തിൽ, HHA കോഴ്സിന്റെ മുഖ്യ പരിശീലക ജിൻസി ജോയിയുടെ നേതൃത്വത്തിലാണ് പരിശീലന ക്ലാസ്സുകൾ നടന്നുവരുന്നത്. കൂടാതെ NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, പുഷ്പഗിരി ആശുപത്രിയിലെ ഡോ. ക്രിസ്റ്റീന, ഗൂഡല്ലൂർ GH ലെ ഹെഡ് നേഴ്സ് ശ്രീ. കുടിയരസൻ, കൗൺസിലർ തമിഴ്സെൽവി, വിവിധ PHC കളിലെ സിസ്റ്റേഴ്സ്, NDS ട്രയിനർ ജൂഡ് മാർട്ടിൻ, ശ്രീ രാമകൃഷ്ണ Old Age ഹോമിലെ സ്റ്റാംഫംഗങ്ങളായ സുശീല, മാധവി, പരമേശ്വരി, കോയമ്പത്തൂർ അപ്പോളോ ആശുപത്രിയിലെ സ്റ്റാഫംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു.

പരിശീലന പരിപാടിയുടെ ഭാഗമായി ഗൂഡല്ലൂർ ഗവൺമെന്റ് ആശുപത്രിയിലും, ബാർവുഡ്, ചേരമ്പാടി, ദേവാല, ഗൂഡല്ലൂർ, മണ്ണുവയൽ പ്രദേശങ്ങളിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും, ശ്രീ രാമകൃഷ്ണ Old Age ഹോമിലും പരിശീലനം ലഭിച്ചുകൊണ്ടിരിക്കുന്നവർ പോകുകയും, അവിടെ ഡോക്ടറുമാരുടെയും, ഹെഡ് നേഴ്സുമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും മേൽനോട്ടത്തിൽ രോഗീപരിചരണത്തെക്കുറിച്ചും, പ്രായമായവരെ പരിചരിക്കുന്നതിനെക്കുറിച്ചും അറിവും പരിശീലനവും നേടുകയം ചെയ്തു.

**2. Tamilnadu Watershed Development Agency സന്ദർശനം**

6.03.2024 ന് നബാർഡ് വാട്ടർ ഷെഡ് പ്രോജക്റ്റിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി No Objection Certificate ലഭിക്കുന്നതിന് പ്രോജക്ട് ഡോക്യുമെന്റുകൾ എല്ലാം തയ്യാറാക്കി തമിഴ്നാട് വാട്ടർ ഷെഡ്

ഡെവലപ്മെൻറ് ഏജൻസിയുടെ ചെന്നൈ ഓഫീസിൽ സ്റ്റാഫ് അംഗങ്ങളായ ജൂഡ് മാർട്ടിനും, ജോഷിയും സന്ദർശനം നടത്തുകയും ഡോക്യുമെന്റുകൾ ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു.

**3. അന്തരാഷ്ട്ര വനിതാ ദിനാചരണം**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് NDS ന്റെ വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിൽ ആഘോഷപരിപാടചകൾ സംഘടിപ്പിച്ചു. 8.03.2024 ന് ധർമ്മഗിരി യൂണിറ്റിന്റെ നേതൃത്വത്തിലും, 10.03.2024 ന് വിമലഗിരി, ബോസ്പാറ യൂണിറ്റുകളുടെ നേതൃത്വത്തിലും മീറ്റിംഗുകൾ കൂടുകയും, ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും, കലാപരിപാടികൾളും വിവിധ ആഘോഷ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്തു.

**4. District Level Seminar on Organic Farming**

നീലഗിരി ജില്ലയിലെ Horticulture Department ന്റെ നേതൃത്വത്തിൽ 21.02.2024 ന് ഓർഗാനിക് ഫാമിങ് എന്ന വിഷയത്തെക്കുറിച്ച് നാടാർ കല്യാണം മണ്ഡപത്തിൽ വച്ച് നടത്തപ്പെട്ട സെമിനാറിലും എക്സിബിഷനിലും NDS ന്റെ നേതൃത്വത്തിൽ അംഗങ്ങൾ പങ്കെടുക്കുകയും, വിമലഗിരി യൂണിറ്റിന്റെ നേതൃത്വത്തിൽ അന്നേ ദിവസം എക്സിബിഷൻ നടത്തുകയും ചെയ്തു. NDS സ്റ്റാഫ് അംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സിസ്റ്റർ സിജി, സാലി എന്നിവരും യൂണിറ്റ് ഭാരവാഹികളും MSW സ്റ്റുഡൻസും സെമിനാറിലും എക്സിബിഷനിലും പങ്കെടുത്തു. ഇതിന് നേതൃത്വം നൽകിയ വിമലഗിരി യൂണിറ്റ് ഭാരവാഹികൾക്കും അംഗങ്ങൾക്കും ഡെവലപ്മെന്റ് സൊസൈറ്റിയുടെ നന്ദി അറിയിക്കുന്നു.

**5. STAFF MEETING**

ഫെബ്രുവരി 26, മാർച്ച് 04 തീയതികളിൽ രാവിലെ 9.30ന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസിസ്റ്റൻറ് ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS സ്റ്റാഫംഗങ്ങളായ ജൂഡ് മാർട്ടിൻ, ജോഷി, സി. സിജി CMC, ജിൻസി ജോയി എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. തലേ ആഴ്ച്ചയിലെ പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. തുടർന്ന് വരുന്ന ആഴ്ച്ചകളിൽ നടപ്പിലാക്കേണ്ട വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**6. MSW Internship Training സമാപനവും, സർട്ടിഫിക്കറ്റ് വിതരണവും**

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഒന്നാംവർഷം MSW കോഴ്സിന് പഠിക്കുന്ന 4 വിദ്യാർത്ഥിനികൾക്കു വേണ്ടി, അവരുടെ കോഴ്സിന്റെ ഭാഗമായുള്ള ഒരു മാസത്തെ പരിശീലന പരിപാടികളുടെ സമാപനം 7.03.2024 ന് NDS ട്രയിനിംഗ് ഹാളിൽവെച്ച് നടത്തപ്പെട്ടു. വിദ്യാർത്ഥിനികൾ ഈ നാളുകളിൽ അവർക്ക് ലഭിച്ച പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിച്ചു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി, ട്രയിനർ ജിൻസി ജോയി എന്നിവർ അവർക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കുട്ടികളുടെ പ്രതിനിധി ജിൻഷ ഷാജി മറുപടി പ്രസംഗം പറഞ്ഞു. NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ അവരുടെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു.

**7. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവീസ്**

മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി വർഷത്തിന്റെ ഭാഗമായി നടപ്പാക്കുന്ന നീലഗിരി റിജിയൻ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റും, 'കരുണൈ ആംബുലൻസ് സർവീസും' 16.03.2024 ന് അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്ത്, ഫ്ളാഗ് ഓഫ് നിർവഹിച്ചു.'പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ ' കാലഘട്ടത്തിന്റെ ആവശ്യമാണെന്നും, വിദേശ കുടിയേറ്റത്തിന്റെ ഭാഗമായി കുട്ടികൾ മാതാപിതാക്കന്മാരെ വിട്ട് അകലങ്ങളിലേക്ക് പോകുന്ന സാഹചര്യങ്ങളിൽ പാലിയേറ്റീവ് ഹോം കെയർ സർവീസുകൾ, നീലഗിരിയിലെ, ജാതിമതഭേദമന്യേ, അനേകം ആളുകൾക്ക്, ഉപകാരപ്രദമായിരിക്കുമെന്നും, ഉദ്ഘാടന പ്രസംഗത്തിൽ, അഭിവന്ദ്യ പിതാവ് അഭിപ്രായപ്പെട്ടു. ഗോൾഡൻ ജൂബിലി മെമ്മോറിയൽ, നീലഗിരി പാക്കേജിന്റെ ഭാഗമായി, 12 ലക്ഷത്തോളം രൂപ ചെലവിൽ, നീലഗിരി റിജിയണിൽ ആരംഭിക്കുന്ന പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റ്, നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയും (NDS), പാട്ടവയൽ അമല ആശുപത്രിയും, സംയുക്തമായിട്ടാണ് നടപ്പിലാക്കുന്നത്. ഉദ്ഘാടന ചടങ്ങിൽ, എസ്.എച്ച് മാനന്തവാടി പ്രൊവിൻഷ്യൽ സുപ്പീരിയർ സിസ്റ്റർ ഗ്രേസി മാത്യു, നീലഗിരി

റീജണൽ വികാർ ഫാ. ബിജു പൊൻപാറക്കൽ, നീലഗിരി റീജിയണിലെ ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, കൈകാരന്മാർ സാമൂഹ്യ, രാഷ്ട്രീയ മേഖലയിലെ പ്രതിനിധികൾ, തുടങ്ങി നിരവധി ആളുകൾ പങ്കെടുത്തു.

**8. Tharang Animation Services and Counselling Centre**

മാനന്തവാടി രൂപത സുവർണ്ണ ജൂബിലി മെമ്മോറിയൽ നീലഗിരി പാക്കേജിന്റെ ഭാഗമായി, നീലഗിരി റീജിയണിൽ ആരംഭിക്കുന്ന 'Tharang Animation Services and Counselling Centre', മാനന്തവാടി രൂപതാ വികാരി ജനറൽ ഫാദർ പോൾ മുണ്ടോളിക്കൽ, 18.03.2024 തിങ്കളാഴ്ച്ച ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു. നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ, ഉത്തരവാദിത്വത്തിൽ, അധികാരിവയൽ, NDS ഓഫീസിലായിരിക്കും സെന്റർപ്രവർത്തിക്കുക. കുട്ടികൾ, മുതിർന്നവർ, മാതാപിതാക്കൾ, അധ്യാപകർ, തുടങ്ങിയ വിവിധ മേഖലകളിലെ ആളുകൾക്ക് ഉപകാരപ്പെടുന്ന രീതിയിലാണ് കൗൺസിലിംഗ് സെന്ററിന്റെ പരിപാടികൾ ക്രമീകരിച്ചിരിക്കുന്നത്. ഇന്നത്തെ കാലഘട്ടത്തിന്റെ അത്യാവശ്യമായ മിഷൻ പ്രവർത്തനമാണ് കുട്ടികൾക്കും കുടുംബങ്ങൾക്കും വേണ്ടിയുള്ള കൗൺസിലിംഗ് സെന്റർ എന്ന് ഉദ്ഘാടന പ്രസംഗത്തിൽ മുണ്ടോളിക്കലച്ചൻ ഓർമിപ്പിച്ചു. പ്രൊഫഷണൽ കൗൺസിലിംഗ് സൗകര്യങ്ങൾ ഇല്ലാത്ത ഗൂഡല്ലൂർ പന്തല്ലൂർ പ്രദേശങ്ങളിൽ ധാരാളം പേർക്ക് ഈ സെന്റർ ഉപകാരപ്രദമാകും.റീജണൽ വികാർ ഫാ. ബിജു പൊൻപാറക്കൽ, ഫാ. ബിനോയ് കാശാംകുറ്റിയിൽ, ഫാ. അനൂപ് കൊല്ലംകുന്നേൽ, ഫാ. ബിജു തുരുത്തേൽ, ഫാ. അനീഷ് ആലുങ്കൽ, NDS പ്രൊജക്റ്റ് കോഡിനേറ്റർ ജോഷി TP, ശ്രുതി കെ. മാർട്ടിൻ (ക്ലിനിക്കൽ സൈക്കോളജിസ്റ്റ്), ജിതിൻ ചുണ്ടക്കാട്ട്, ട്രെയിനർ ജൂഡ് മാർട്ടിൻ, ജിൻസി ഷിബു, രാഷ്ട്രീയ സാമൂഹിക മേഖലയിലെ പ്രതിനിധികൾ, വിവിധ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം , പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSA 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവ-സുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിനിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും , ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര – ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റെർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**ബയോഫാക് ട്രേഡ് ഫെയറിൽ പങ്കെടുത്തു**

ജർമനിയിലെ ന്യൂറൻബേർഗിൽ വച്ച് നടന്ന ലോകത്തിലെ തന്നെ ശ്രദ്ധേയമായ ട്രേഡ്ഫെയറായ ബയോ ഫാക്കിൽ ബയോവിൻ ഡയറക്ടർ അഡ്വ.ഫാ.ജോൺ ചൂരപ്പുഴയിൽ, അസ്സോസിയേറ്റ് ഡയറക്ടർ ഫാ.ബിനു പൈനുങ്കൽ, മാർക്കറ്റിങ് മാനേജർ ശ്രീ. തേജസ് തയ്യിൽ എന്നിവർ പങ്കെടുക്കുകയും പുതിയ കമ്പനികളെ പരിചയപ്പെടുകയും, നിലവിലെ കസ്റ്റമേഴ്സിനെ കാണുകയും മാർക്കറ്റിങ് സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനാവശ്യവുമായ ചർച്ചകൾ നടത്തുകയും ചെയ്തു. ഫെബ്രുവരി 13 മുതൽ 16 വരെ ആയിരുന്നു ട്രേഡ് ഫെയർ.

**കഫെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം നടന്നു**

ഫെബ്രുവരി 26 നു ബയോവിനിൽ വച്ച് കഫെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗം നടന്നു. കഫെ ചെയർമാൻ ഫാ.ബിനു പൈനുങ്കൽ അധ്യക്ഷനായ യോഗത്തിൽ ഫെയർട്രേഡ് ഡെവലപ്മെന്റ് പ്ലാൻ പുനർക്രമീകരണം ചെയ്യുന്നതിനാവശ്യമായ ചർച്ചകൾ നടത്തി. മാർച്ച് 15 നു കഫെ പ്രത്യേക പൊതുയോഗം നടത്തുവാൻ യോഗം തീരുമാനിക്കുകയും ചെയ്തു.

**കഫെ പ്രത്യേക പൊതുയോഗം നടന്നു**

WSSS ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗത്തിൽ ചെയർമാൻ ഫാ.ബിനു പൈനുങ്കൽ അധ്യക്ഷത വഹിക്കുകയും സെക്രട്ടറി ശ്രീ. കുര്യച്ചൻ സി വി സ്വാഗതം ആശംസിക്കുകയും ചെയ്തു. ബയോവിൻ ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ മുഖ്യ പ്രഭാഷണം നടത്തി. FTDP പുനർ ക്രമീകരണം ചർച്ച ചെയ്തു. ചർച്ചകൾക്ക് ശേഷം വൈസ് ചെയർമാൻ ശ്രീമതി സെലീനാമ്മയുടെ നന്ദിയോടെ യോഗം പിരിഞ്ഞു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യ മാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസ സ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസ രണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




ഭയമാണ് വയനാട്ടിൽ. വയനാട്ടുകാർ വിറച്ചു നിൽക്കുകയാണ്. പുറത്തിറങ്ങുവാൻ കാലുകൾക്ക് ബലവും, ചങ്കിന് ഉറപ്പും ഇല്ലാതെ നിൽക്കുകയാണ് നമ്മൾ. മണ്ണിൽ പണിയെടുത്തവൻ രാവിലെ എഴുന്നേൽക്കുമ്പോൾ മുമ്പിൽ കാണുന്നത് വന്യമൃഗങ്ങളെയാണ്. അത്താഴമേശയിൽ അന്നം എത്തിച്ച കുടുംബനാഥനും, അത്താഴം ഒരുക്കിയ അമ്മയും, ഇനി നാളെകളിൽ അത്താഴമൊരുക്കേണ്ട മക്കളും നാളിതുവരെ കഷ്ടപ്പെട്ടും നഷ്ടപ്പെടുത്തിയും സ്വന്തമാക്കി എന്ന് കരുതിയത് മുഴുവൻ നഷ്ടപ്പെട്ടു പോകുമ്പോൾ ഉണ്ടാകുന്ന നെഞ്ചിലെ തീയുടെ തീവ്രത വലുതാണ്.

കുടിയേറ്റക്കാരായ ക്രൈസ്തവരായിട്ടുള്ളവരുടെയും അക്രൈസ്തവരായിട്ടുള്ള ആളുകളുടെയും നെഞ്ചിൽ നൊമ്പരമാണ്. ഒറ്റയ്ക്ക് പറയാൻ പറ്റാത്തത് സംഘമായി പറയുകയാണ് കുടിയേറ്റ കർഷകർ. ഞങ്ങൾ ഭീതിയിലാണ്. നഷ്ടപ്പെടലിലാണ്. കൂടപ്പിറപ്പുകൾ തീർന്നു പോകുന്നതിന്റെ നൊമ്പരത്തിലാണ്. അപ്പൻ നഷ്ടപ്പെട്ട മക്കളും, അമ്മ നഷ്ടപ്പെട്ട മക്കളും, ഭാര്യ നഷ്ടപ്പെട്ട ഭർത്താക്കന്മാരും, ഭർത്താക്കന്മാർ നഷ്ടപ്പെട്ട ഭാര്യമാരും, ഒരു നാടിന്റെ താങ്ങും തണലുമായി നിന്ന സഹോദരനെ നഷ്ടപ്പെട്ട പ്രിയരും പിറന്ന മണ്ണിൽ ജീവിക്കുവാനുള്ള അവകാശ പോരാട്ടത്തിലാണ്. പിറന്ന മണ്ണിൽ ജീവിക്കുവാനുള്ള ഈ പോരാട്ട സമരത്തിന് കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി നേതൃത്വം ഏറ്റെടുത്തിരിക്കുകയാണ്.

പിറന്നുവീണ മണ്ണിൽ ജീവിക്കുവാനുള്ള അവകാശ പോരാട്ടത്തിൽ, സ്വന്തമായി കരുതിയ കൂടപ്പിറപ്പുകാർ നഷ്ടപ്പെടരുത് എന്നുള്ള ആഗ്രഹത്തിൽ, നാളെ വാകേരിയിലെ പ്രജീഷിനും, പടമലയിലെ അജീഷിനും, പാക്കത്തെ പോളിനും, സംഭവിച്ചത് നമ്മൾക്ക് സംഭവിക്കരുത് എന്നുള്ള ഉദ്ദേശത്തോടെ നമ്മൾ സമുദായ അംഗങ്ങൾ സമുദായ സംഘടനയോട് ചേർന്ന് പ്രവർത്തിക്കേണ്ട സാഹചര്യത്തിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്.

വയനാട്ടിലെ ജനത അനുഭവിക്കുന്ന വന്യജീവി ഭീതിക്കും, വന്യ ജീവി ആക്രമണത്തിനും ശാശ്വതമായ ഒരു പരിഹാരം ആവശ്യ മാണ്. നാളിതുവരെ നാം കണ്ട അവസ്ഥയല്ല നാട്ടിൽ ഉള്ളത്. രാത്രി സമയങ്ങളിൽ വയനാടിന്റെ വിവിധ കേന്ദ്രങ്ങളിൽ നിന്നും ആന , കടുവ, പുലി, പന്നി, കരടി തുടങ്ങിയവയും പകൽ സമയങ്ങളിൽ കുരങ്ങ് , മാൻ, മയിൽ തുടങ്ങിയ വന്യ മൃഗങ്ങൾ മനുഷ്യനെക്കാൾ സ്വാതന്ത്ര്യ ത്തോടെ വിഹരിക്കുന്നത് കാണുന്നു. ഒരിക്കലും ഉണ്ടാകാത്ത വന്യ മൃഗങ്ങളുടെ എണ്ണത്തിലെ വർദ്ധനവും, വനത്തിൽ വന്യമൃഗ ങ്ങൾക്ക് വേണ്ട ഭക്ഷണം ലഭ്യമാകാത്തതും, കാടും നാടും തമ്മിൽ യാതൊരു വേർതിരിവുമില്ലാത്തതും, ഫെൻസിംഗ് നിർമ്മാണ ത്തിന്റെ പേരിൽ വനാതിർത്തികളിലൂടെ നിർമ്മിച്ചിരിക്കുന്ന പാത യോരങ്ങളും വന്യജീവികൾക്ക് ജനവാസ മേഖലയിലേക്ക് പ്രവേശി ക്കുവാൻ എളുപ്പം സൃഷ്ടിക്കുന്നു. ഒരു വ്യാഴവട്ട കാലത്തിനുള്ളിൽ കേരളത്തിൽ ആകെ വന്യ മൃഗങ്ങളുടെ ആക്രമണത്തിന് ഇരയായി മരിച്ചവരുടെ എണ്ണം 1474 ആണ്. മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിയിടത്തിനും ഭീഷണിയാകുന്ന വന്യജീവികളെ, വന്യജീവി സംരക്ഷണ നിയമം സെക്ഷൻ 11/1/A പ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡനും, ജില്ലാ കളക്ടർക്കും കൊല്ലുവാനുള്ള അധികാരം ഉപയോ ഗിക്കാം എന്ന നിയമം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇത്ര യേറെ മരണങ്ങൾ. കോളർ ഐഡി ഘടിപ്പിച്ച ആനകളെ കാട്ടിൽ സ്വതന്ത്രമായി പറഞ്ഞയക്കുമ്പോൾ അതിന് പകരം ആനകളുടെ കഴു ത്തിൽ ഒരു മണി കെട്ടിയാൽ മതി എന്നും ആ മണിയുടെ ഒച്ചകേട്ട് ആളുകൾക്ക് രക്ഷപ്പെടാം എന്ന് അധികാരികളോട് പറയേണ്ട സാഹ ചര്യമാണ് ഇന്ന്. വന്യമൃഗ ആക്രമണത്തിൽ നിന്ന് ഞങ്ങളെ രക്ഷി ക്കണേ എന്ന് അധികാരികളോട് പറയുന്നതിലും ഭേദം കൊല്ലരുത് എന്ന് മൃഗങ്ങളോട് പറയുന്നതാണ് എന്ന് സാധാരണ ജനങ്ങൾ ആഗ്രഹി ക്കുന്നു. പടമലയിൽ പനച്ചിയിൽ അജീഷിന്റെ മകൾ പറയുന്നതു പോലെ ഇനി ഒരാൾക്കും എന്റെ അപ്പന്റെ ഗതികേട് വരരുത് എന്ന് പറയുവാൻ നമ്മൾ കർഷകർ സംഘടിക്കേണ്ടിയിരിക്കുന്നു. പുൽപ്പ ള്ളിയിലും, മേപ്പാടിയിലും, ബത്തേരിയിലും, നടവയലിലും, മാനന്തവാടിയിലും, ദ്വാരകയിലും കല്ലോടിയിലും എല്ലാം എല്ലാ

ദിവസവും വന്യമൃഗങ്ങളുടെ സാന്നിധ്യവും ആക്രമണവും റിപ്പോർട്ട് ചെയ്യുന്നുണ്ട്. കുടുംബങ്ങളിൽ കുടുംബനാഥന്മാർ ഉറങ്ങിയിട്ട് നാളുകൾ ഏറെയായി. സമീപത്തെ വന്യജീവിയുടെ സാന്നിധ്യം കാരണം കുടുംബാംഗങ്ങളും ഉറങ്ങാതിരിക്കുകയാണ്. എസ്. എസ്. എൽ. സി, പ്ലസ് ടു, പരീക്ഷകൾ അടുത്തിരിക്കുന്ന സാഹചര്യങ്ങളിൽ വിദ്യാർഥികൾക്ക് തുറന്ന വിദ്യാലയത്തിൽ പഠിക്കാൻ കഴിയാതെയും, ആത്മവിശ്വാസത്തോടെ വിദ്യാലയത്തിൽ എത്തിച്ചേരുവാനുള്ള സാഹചര്യങ്ങളും ഇല്ലാതാകുന്നു. ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ അടിയന്തരശ്രദ്ധയും ഇടപെടലും ഈ വിഷയത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇത് അതിജീവനത്തിനും ജീവിക്കുവാനുമുള്ള പോരാട്ടമാണ്. ആനക്കൊമ്പിലും, കടുവാ ചുണ്ടിലും വയനാട്ടിലെ കുടുംബനാഥന്മാർ ഇരയാവുകയാണ്. പറക്കമുറ്റ മക്കളുമായി നമ്മുടെ അമ്മമാർ വിധവകൾ ആകുന്നു. പുത്രന്മാരെ നഷ്ടപ്പെട്ട വൃദ്ധരായ മാതാപിതാക്കളുടെ നാടായിത്തീരുന്നു വയനാട്. ഈ മാതാപിതാക്കളുടെ ഹൃദയം പൊട്ടി നുറുങ്ങുകയാണ്. അനാഥരായ കുടുംബങ്ങളുടെ പട്ടിക നീണ്ടു വരുന്നു വയനാട്ടിൽ. കൃഷി ചെയ്യാനും ജീവിക്കാനും വയ്യാതായിരിക്കുന്നു വയനാട്ടിൽ. പിറന്നുവീണ മണ്ണിൽ അന്തിയുറങ്ങാനാകാതെ വയനാട്ടുകാർ വിഷമിക്കുകയാണ്. തെരുവ് നായുടെ വില പോലും മനുഷ്യജീവന് തരാത്ത കലികാലത്തിലൂടെ നമ്മൾ കടന്നു പോവുകയാണ്. ഒമ്പതിനായിരത്തോളം വരുന്ന വനപാലകരെ ഞങ്ങളുടെ ചോര നീരാക്കി വിയർപ്പൊലിപ്പിച്ച്തീറ്റിപ്പോറ്റുവാൻ ഞങ്ങൾക്ക് ലജ്ജ തോന്നുകയാണ്. കാടും നാടും വേർതിരിക്കപ്പെട്ട്, ഈ നാട്ടിൽ മനുഷ്യന് സ്വസ്ഥമായ ജീവിത സാഹചര്യങ്ങൾ ഉണ്ടാകണം.

വനത്തിനുള്ളിൽ ജീവിക്കേണ്ട മൃഗങ്ങൾ ഒന്നും കാടിന് പുറത്ത് ഇറങ്ങുവാൻ പാടുള്ളതല്ല. വനത്തെയും വന്യമൃഗങ്ങളെയും വനം വകുപ്പ് ജീവനക്കാർ നോക്കിക്കൊള്ളണം. മനുഷ്യൻ വസിക്കുന്ന ഇടങ്ങളിൽ വന്യമൃഗങ്ങളെ കണ്ടേക്കരുത് എന്ന മുദ്രാവാക്യവുമായി മാനന്തവാടി രൂപതാ കത്തോലിക്കാ കോൺഗ്രസ് കർഷകപക്ഷം ചേരുന്നു.

കാട്ടുമൃഗങ്ങളെ നാട്ടിലിറക്കി മനുഷ്യരുടെ സൈ്വര്യ ജീവിതം ഇല്ലാതാക്കാം എന്നും, ഭാവി തലമുറയെ നാടുകടത്താമെന്നും കരുതുന്ന

വരുടെ പ്രത്യേക ശ്രദ്ധയിലേക്ക് പിറന്നുവീണ മണ്ണിൽ ഞങ്ങൾ ജീവിക്കും. അതിജീവനത്തിനായി പോരാടും എന്ന് പ്രഖ്യാപിക്കുക യാണ്. രാഷ്ട്രീയത്തിന്റെയും, മതത്തിന്റെയും, വർണ്ണത്തിന്റെയും പേര് പറഞ്ഞ് കർഷക മക്കളെ ഭിന്നിപ്പിക്കുന്ന യാതൊരുവിധ രാഷ്ട്രീയ സംഘടനാ പ്രവർത്തനങ്ങളും ഈ നാടിനു യോജിച്ചതല്ല എന്ന് ഉറക്കെ പ്രഖ്യാപിക്കുകയാണ് രൂപതാ സമിതി. ഇനിയൊരു ജീവനും ഈ നാട്ടിൽ വന്യമൃഗത്തിന്റെ ആക്രമണത്താൽ നഷ്ടപ്പെടുവാൻ പാടു ള്ളതല്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിയമവ്യവസ്ഥകളിൽ മാറ്റം വരുത്തിയില്ലെങ്കിൽ നിയമം കുടിയേറ്റ കർഷക ജനങ്ങൾ കയ്യിലെടുക്കുമെന്ന് അധികാരികളെ അറിയിക്കുകയാണ്.

ഒരു ജനതയുടെ നിലനിൽപ്പിന്റെ ഉണർത്തുപാട്ടായി ആയിരമായിരം കരങ്ങൾ ഉയർത്തി വന്യമൃഗ ശല്യത്തിനെതിരെ അധികാരത്തിന്റെ ധാർഷ്ട്യത്തിനെതിരെ ശബ്ദമുയർത്താം.

**കർഷകർക്കെതിരായ ഭീഷണി ഉദ്യോഗസ്ഥർക്ക് ഭൂഷണമല്ല - കത്തോലിക്കാ കോൺഗ്രസ് ബത്തേരി യൂണിറ്റ്**

വർദ്ധിച്ചുവരുന്ന വന്യമൃഗ അക്രമത്തിന് ജനങ്ങൾ പ്രതിഷേധവു മായി തെരുവിലിറങ്ങുമ്പോൾ അവരെ ഭീഷണിപ്പെടുത്തുന്ന ഉദ്യോ ഗസ്ഥ നടപടി തികച്ചും അപലപനീയമാണ് എന്ന് ബത്തേരി യൂണിറ്റ് പ്രസിഡൻറ് ശ്രീ. ജേക്കബ് ബത്തേരിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിലയിരുത്തി. ശ്രീ. സജി പുലിക്കോട്ടിൽ, ശ്രീ. സെബാസ്റ്റ്യൻ ചക്കാലക്കൽ, ശ്രീ. അഗസ്റ്റിൻ കൊടിയംകുന്നേൽ, ശ്രീ. ഔസേപ്പച്ചൻ എന്നിവർ സംസാരിച്ചു.

**അധികാരികൾ ജനപക്ഷത്തു നിൽക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് ബത്തേരി മേഖല കമ്മിറ്റി**

വർദ്ധിച്ചുവരുന്ന വന്യമൃഗ ആക്രമണത്തിൽ മനുഷ്യർ ദാരുണ മായി കൊല ചെയ്യപ്പെടുമ്പോൾ അധികാരികൾ ജനത്തിന്റെ പക്ഷത്ത് നിൽക്കണമെന്ന് ശ്രീ. ജോൺസൺ തൊഴുത്തുങ്കലിന്റെ അധ്യക്ഷത യിൽ ചേർന്ന കമ്മിറ്റി വിലയിരുത്തി.

**കാട്ടാനകളുടെ നിരന്തരമായ ആക്രമണം ഭരണകൂടത്തിന്റെ അനാസ്ഥയാണെന്ന് കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത സമിതി**

ദ്വാരകയിൽ ചേർന്ന യോഗത്തിൽ രൂപത പ്രസിഡൻറ് ശ്രീ. കെ. പി സാജു, ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, ഗ്ലോബൽ മെമ്പർ അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, രൂപതാ ഡയറക്ടർ ബഹു. ജോബി മുക്കാട്ടുകാവുങ്കൽ അച്ചൻ എന്നിവർ പ്രസംഗിച്ചു.

പടമലയിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട ശ്രീ. അജീഷ് പനച്ചിയുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു കൊണ്ട് കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയുടെ വിവിധ യൂണിറ്റുകളിൽ പ്രതിഷേധ പ്രകടനങ്ങൾ സംഘടിപ്പിച്ചു . ബത്തേരി, കൽപ്പറ്റ, തരിയോട്, നടവയൽ, മേഖലകളിൽ വലിയ ജനപങ്കാളിത്തത്തോടെയാണ് ഈ പ്രതിഷേധ പ്രകടനങ്ങൾ നടന്നത്. മാനന്തവാടി രൂപത വന്യമൃഗ ശല്യത്തിനെതിരെ കൽപ്പറ്റയിൽ നടത്തിയ കർഷക പ്രതിഷേധ ജ്വാലയിൽ 501 സമുദായ അംഗങ്ങളെ ഉപവാസ സമരത്തിൽ പങ്കെടുപ്പിച്ചുകൊണ്ട് ജനകീയമായി കാർഷിക പ്രശ്നങ്ങൾ അധികാര സിരാകേന്ദ്രങ്ങളിൽ എത്തിച്ചു. ഉച്ചകഴിഞ്ഞ് നടന്ന 'കർഷക പ്രതിഷേധ ജ്വാലയിൽ' ആയിരക്കണക്കിന് ആളുകൾ പങ്കെടുക്കുകയും ചെയ്തു. മാനന്തവാടി രൂപത ഈ ഉത്തരവാദിത്വം കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതിയെ ഏൽപ്പിക്കുകയും, അഭിവന്ദ്യ പിതാക്കന്മാരുടെയും, എല്ലാ ഭക്തസംഘടനകളുടെയും, ഇടവകളുടെയും, അൽമായ പ്രതിനിധികളുടെയും ജനപ്രതികളുടെയും സാന്നിധ്യത്തിൽ കർഷക പ്രതിഷേധ ജ്വാല നടത്തപ്പെട്ടു.

2024 മാർച്ച് മാസം 23ന് മുമ്പായി തീരേണ്ട യൂണിറ്റ് തല ഇലക്ഷനുകൾ വിവിധ ഇടവകകളിൽ നടന്നുകൊണ്ടിരിക്കുന്നു.

**സെബാസ്റ്റ്യൻ പുരക്കൽ**

കത്തോലിക്കാ കോൺഗ്രസ് രൂപതാ ജനറൽ സെക്രട്ടറി

**മാർച്ച് 08 വനിതാ ദിനാഘോഷം - സ്ത്രീപക്ഷ സംവാദം**

**വനവും വന്യമൃഗങ്ങളും അതിർത്തി ഗ്രാമങ്ങളും:** സഹജീവനത്തിന്റെ സാധ്യതകൾ' എന്ന വിഷയത്തിൽ റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് വിമൻ ചേംബർ ഓഫ് കൊമേഴ്സ് മാർച്ച് 09 ന് സ്ത്രീപക്ഷ സംവാദം സംഘടിപ്പിച്ചു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനു പൊതുജനപങ്കാളിത്തത്തോടെ നയ രൂപീകരണം ആവശ്യമാണന്ന് ന്യൂമാൻസ് കോളജിൽ നടന്ന സംവാദത്തിൽ പങ്കെടുത്ത പലരും അഭിപ്രായപ്പെട്ടു. അന്തർദേശീയ വനിതാ ദിനാഘോഷത്തിന്റെ ഭാഗമായാണ് സംവാദം സംഘടിപ്പിച്ചത്. മുൻ മന്ത്രി പി.കെ. ജയലക്ഷ്മി, കാരിത്താസ് ഇന്ത്യ മുൻ മേധാവി ഫാ. വർഗീസ് മറ്റമന, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (കണ്ണൂർ) ജോസ് മാത്യു, പൂക്കോട് വൈൽഡ് ലൈഫ് സ്റ്റഡീസ് സെന്റർ സ്പെഷൽ ഓഫീസർ ഡോ. ജോർജ് ചാണ്ടി, അഡ്വ. ഗ്ലാഡിസ് ചെറിയാൻ, വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾ, വനാതിർത്തിയിൽ താമസിക്കുന്നവർ തുടങ്ങിയവർ പങ്കെടുത്തു. മാധ്യമപ്രവർത്തകൻ സി.വി. ഷിബു അവതാരകനും വിമൻ ചേംബർ ഓഫ് കൊമേഴ്സ് സെക്രട്ടറി ബിന്ദു മിൽട്ടൺ മോഡറേറ്ററുമായി. വിമൻ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് അന്ന ബെന്നി സ്വാഗതവും റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് നന്ദിയും പറഞ്ഞു.

**പങ്കാളിത്തം**

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട യുവതീയുവാക്കൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നൽകുന്ന വിവിധ സേവനങ്ങൾ സമന്വയ എന്ന സഞ്ചരിക്കുന്ന സേവന യൂണീറ്റിലൂടെ വീട്ടുപടിക്കൽ ലഭ്യമാക്കുന്നതിന്റെ ഔദ്യോഗിക ഉദ്ഘാടന ചടങ്ങിൽ അംബേദ്കർ അവാർഡ് ജേതാവും റേഡിയോമാറ്റൊലി ട്രൈബൽ പ്രോഗ്രാം പ്രൊഡ്യൂസറുമായ പൂർണിമ കെ പങ്കെടുത്തു. തവിഞ്ഞാൽ ഗ്രാമ പഞ്ചായത്ത് ഹാളിൽ ഫെബ്രു. 19 ന് ആയിരുന്നു പരിപാടി.

**ആദരവ്**

ഫെബ്രു. 19 ന് കൽപറ്റയിൽ നടന്ന വയനാട് ജില്ലാ ടൂറിസം അസോസിയേഷന്റെ സമ്മേളനത്തിൽ അവാർഡ് ജേതാക്കളായ ശ്രീകാന്ത് കെ, പൂർണിമ കെ എന്നിവരെ ആദരിച്ചു.

**ഡോക്യുമെന്ററി ഷൂട്ടിംഗ്**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെക്കുറിച്ച് ദൂരദർശൻ ചെയ്യുന്ന ഡോക്യുമെന്ററിയുടെ ഭാഗമായി ഫെബ്രുവരി 24 ന് ഷൂട്ടിംഗ് നടത്തി. എ.കെ.റ്റി.എസ് മീഡിയ ക്ലബ് റേഡിയോ മാറ്റൊലിയെക്കുറിച്ച് ഡോക്യുമെന്ററി ചെയ്യുന്നതിന്റെ ഭാഗമായി ഷൂട്ടിംഗിനു വന്നു.

**സന്ദർശനം**

അഗ്രികൾചറൽ എക്സ്റ്റൻഷൻ ഓഫീസർ കെ. മമ്മുട്ടി ഫെബ്രുവരി 20 നു വിവിധ പ്രോഗ്രാമുകൾ ചെയ്യുന്നതിനായി മാറ്റൊലി സന്ദർശിച്ചു.

**പഠന സന്ദർശനം**

ദ്വാരക സേക്രട്ട് ഹാർട്ട് ഹയർസെക്കണ്ടറി സ്കൂളിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ്സ് ഫെബ്രു. 28 ന് മാറ്റൊലി സന്ദർശിച്ചു.

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി അമ്പലവയലിലെ വിദ്യാർത്ഥികളും കോഴിക്കോട് ദേവഗിരി സെന്റ് ജോസഫ്സ് കോളേജ് വിദ്യാർത്ഥികളും പഠനത്തിന്റെ ഭാഗമായി മാർച്ച് 08 ന് മാറ്റൊലി സന്ദർശിച്ചു. മാർച്ച് 08 ന് വനിതാദിനത്തിന് പ്രമുഖ സാമൂഹ്യ പ്രവർത്തക ഉമാ പ്രേമനുമായുള്ള അഭിമുഖം പ്രക്ഷേപണം ചെയ്തു.

റംസാൻ മാസാചരണത്തോടനുബന്ധിച്ച് റംസാൻ മാറ്റൊലി എന്ന പ്രോഗ്രാം ആരംഭിച്ചു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

## Mary Matha Arts & Science College

**February – March 2024**

- Mary Matha Arts & Science College, Mananthavady organized farewell programme for the retiring teachers and the final year students on 7th March 2024. His Excellency Dr. Mar Alex Tharamangalam, Auxillary Bishop of the Diocese of Manantha vady was the Chief Guest. The function was organized to honour the retiring staffs of our college – Dr. Maria Martin Joseph, Principal, Dr. Mary Nirmala Borgia, Associate Professor, Department of Zoology, Dr. Shaju P P, Associate Professor, Department of Journalism, Mr. Jojo George, Senior Clerk and the final year students. Dr. Geetha Antony Pullen welcomed the gathering. This was followed by the presidential address of Msgr. Paul Mundolickal, Manager. Inauguration and Keynote address was delivered by His Excellency Dr. Mar Alex Tharamangalam, Auxillary Bishop of the Diocese of Mananthavady. Fr. Sibichan Chelackapallil, Associate Manager addressed the gathering. Mr. Regi Francis delivered the vote of thanks.
- Mary Matha Arts & Science College, College Union organized College Day and farewell programme for the retiring teachers and the final year students on 7th March 2024. Report was presented by the Principal and College Union Secretary. Colege Union chairman presided the function and college union advisor Mr. Regi Francis welcomed the gathering and various cultural programme was organized from 2 pm.

**Newly appointed permanent Assistant Professors**

| No. | Name | Department | Date of Appointment |
|---|---|---|---|
| 1 | Ms. Ardra S Kumar | Hindi | 29-02-2024 |

- Organized one day workshop on FYUGP Curriculum Frame-

work conducted by Mary Matha College in Association with Kerala State Higher Education Council (KSHE) on 23rd February 2024. Dr. Anil Ramachandran, Convenor of curriculum committee Kannur University was the resource person.

- **Institution Innovation Council:** Organized a webinar on "Generative AI" in association with Department of Computer Science on 15th February 2024.
- **Women Cell:** In association with IQAC celebrated Internatio nal Women's Day on 29th February 2024. 'Face to Face" with Adv. Kunhayisha, Member of Kerala Women's Commission and a seminar on Personality Development was arranged.
- **NCC:** Celebrated National Science Day on 28th February 2024.
- **Dept. of Physical Education:** Organized annual sports meet "Game Fiesta 2024" on 21st February 2024.
- **Dept. of Commerce:** In association with IQAC organized a workshop on "Basics of Stock Trading for Future Investors" on 19th February 2024. Mr. Muhammed Jisham, Research Scholar, Department of Commerce and Financial Studies, Bharathidasan University, Trichy was the resource person. Organized an extension programme "Inclusive Prosperity: Financial Inclusion Drive" on 20th February 2024. Organized an Inter Department Management Fest "Kurukshetra" on 27th February 2024.
- **Dept. of Computer Science:** Organized a webinar on "Generative AI" as a student enrichment programme in connection with world computer day on Feb 15, 2024 Farewell for outgoing UG batch was organized on 4th March 2024.
- **Ms. Sharon Rose:** Presented a paper in the Albertian Knowledge Summit: An International Conference on Multi disciplinary Research at St Albert's College (Autonomous), Ernakulam on 5th February 2024.
- **Dr. Rajitha Xavior:** Attended 2 day workshop on 'Research paper writing' on 11th and 12th of March 2024 conducted by

Research foundation of India, New Delhi.

- **Sr. Elizabeth M J:** Co-ordinated and attended one day workshop on FYUGP Curriculum Framework conducted by Mary Matha College in Association with Kerala State Higher Education Council (KSHE) on 23rd February 2024.
- **Dr. Eldho K J:** Published a paper titled **"Lung Cancer Dete ction and Severity Analysis with a 3D Deep Learning CNN Model Using CT-DICOM Clinical Dataset"** in the Web of Science SCI Indexed Journal- INDIAN JOURNAL OF SCIENCE AND TECHNOLOGY (LIST) Completed 10 days online NEP Orientation and Sensitization Programme 19th to 28th February 2024 organized by UGC MMTTC, Kannur University. Attended and Coordinated one day workshop on FYUGP Curriculam Frame work conducted by Mary Matha College in Association with Kerala State Higher Education Council (KSHE) on 23rd February 2024.

**Dr. Maria Martin Joseph**
Principal

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

പോരൂർ സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂളിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിഭാഗത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെയും ക്ലാസ് മുറികളുടെയും വെഞ്ചിരിപ്പ് കർമ്മവും ഉദ്ഘാടനവും സമുചിതമായി നടത്തപ്പെട്ടു.

**വിദ്യാലയ വാർത്തകൾ**

**എൽ. പി വിഭാഗം**

### I ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി

വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. പഠനോത്സവം സംഘടിപ്പിച്ചു.

### II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളുടെയും ഗൃഹസന്ദർശനം പൂർത്തിയാക്കി. ഒരുമയുടെ അരങ്ങ്  എന്ന പേരിൽ പ്രാദേശിക പി. ടി. എ സംഘടിപ്പിച്ചു. ഈ അധ്യായനവർഷം നാലാം ക്ലാസ്പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

### III എ. എൽ. പി സ്കൂൾ കണിയാരം

വിദ്യാലയത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷിച്ചു. പുതിയതായി നിർമ്മിച്ച പാർക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. പഠനോത്സവം സംഘടിപ്പിച്ചു.

### IV സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഫിലിം ഫെസ്റ്റ് സംഘടിപ്പിച്ചു. നിനവ് ഷോർട്ട് ഫിലിം പ്രകാശനം ചെയ്തു. സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും സമുചിതമായി നടത്തപ്പെട്ടു. നല്ലപാഠം പ്രവർത്തനങ്ങൾക്ക് A+ ഗ്രേഡ് ലഭിച്ചു.

### V സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ

ഉപജില്ലാതല ഗോത്രഫെസ്റ്റിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. മാതൃഭാഷാദിനം വ്യത്യസ്ത പരിപാടികളോടെ നടത്തപ്പെട്ടു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**VI സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

ഗോത്രവിഭാഗം വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വിതരണം ചെയ്തു. കബ്ബ് ബുൾബുൾ കുട്ടികളുടെ ഇൻവെസ്റ്റിച്ചർ സെറിമണിയും ബാഡ്ജ് വിതരണവും നടത്തി.

**VII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

പ്രീ പ്രൈമറി വിഭാഗം സ്കോളർഷിപ്പിന് അർഹരായ കുട്ടികളെ ആദരിച്ചു. പി.ടി.എ ജി= ജനറൽബോഡി കൂടി പഠനത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികൾക്ക് എൻഡോവ്മെന്റ് വിതരണം ചെയ്തു.

**VIII സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ കഥകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ ഹിമമണികൾ എന്ന പുസ്തകം പ്രകാശനം ചെയ്തു.

**IX പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

പഠനോത്സവം സംഘടിപ്പിച്ചു. വിദ്യാലയത്തിന്റെ വാർഷികവും നാലാം ക്ലാസ് വിദ്യാർത്ഥികൾക്കുള്ള യാത്രയയപ്പും സംഘടിപ്പിച്ചു. വിവിധ മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

**X സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

ഗോത്രഫെസ്റ്റ് സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ കലാപരിപാടികൾ ചടങ്ങിന് മാറ്റുകൂട്ടി.

**XI സി. കെ. എൽ. പി സ്കൂൾ മണിമൂളി**

പഠനോത്സവം സംഘടിപ്പിക്കുകയും പഠന നിർമാണ പ്രവർത്തനങ്ങളുടെ പ്രദർശനം നടത്തുകയും ചെയ്തു. നാലാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി.

**XII നിർമ്മല എൽ. പി സ്കൂൾ ആലാറ്റിൽ**

സ്കൂൾ വാർഷികം സമുചിതമായി ആഘോഷിച്ചു. കബ്ബ് ബുൾബുൾ കുട്ടികൾ 'പറവയ്ക്ക് ഒരു കുടം കുടിനീർ' പദ്ധതി ആരംഭിച്ചു. കുടിവെള്ളമെത്താത്ത കോളനികളുടെ ശോചനീയാവസ്ഥ പരിഹരിക്കാൻ നിവേദനം നൽകി. ഗൃഹസന്ദർശനം നടത്തി.

**XIII സെന്റ് ജോർജ്ജ് എൽ. പി സ്കൂൾ അമ്പായത്തോട്**

വിദ്യാർത്ഥികൾക്ക് ആരോഗ്യശുചിത്വ പരിപാലനത്തെക്കുറിച്ചു ക്ലാസ് നൽകി. വിദ്യാലയത്തിന്റെ വാർഷികാഘോഷവും നടത്തി.

**യു. പി വിഭാഗം**

**I സെന്റ് ആന്റണീസ് യു. പി സ്കൂൾ കോട്ടത്തറ**

ഉപജില്ലാതല വിജയികളെ ആദരിച്ചു. പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ കോൺവൊക്കേഷൻ ചടങ്ങ് നടത്തി.സയൻസ് പ്രൊജക്ടിൽ ഉപജില്ലാതലത്തിൽ രണ്ടാം സ്ഥാനം നേടി.

**II സെന്റ് തോമസ് എ. യു. പി സ്കൂൾ ഇടിവണ്ണ**

പ്രാദേശിക പി. ടി. എ സംഘടിപ്പിച്ചു. വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും ആഘോഷപൂർവം കൊണ്ടാടി.

**III അസംപ്ഷൻ എ. യു. പി സ്കൂൾ ബത്തേരി**

നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം നേടി. SSK നടത്തിയ സയൻസ് ഫെസ്റ്റ് പ്രൊജക്റ്റ് അവതരണത്തിൽ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം നേടി. അറബിക് ടാലന്റ് ടെസ്റ്റിൽ 6 വിദ്യാർത്ഥികൾ വിജയികളായി. NuMats പരീക്ഷയിൽ സംസ്ഥാനതലത്തിലേക്ക് യോഗ്യത നേടി. വിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുന്ന വാഹനങ്ങളുടെ ഡ്രൈവർമാരെ ആദരിച്ചു. പഠനമികവുകളുടെ അവതരണവും മാഗസിൻ പ്രകാശനവും നടത്തി.

**IV സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി**

നല്ലപാഠം പ്രവർത്തനങ്ങൾക്ക് A+ പുരസ്കാരം ലഭിച്ചു. ജില്ലാതലത്തിൽ ഇൻസ്പയർ അവാർഡ് നേടി സംസ്ഥാനതലത്തിലേക്ക് യോഗ്യത നേടി. ലോക മാതൃഭാഷാദിനം ആചരിച്ചു. വിദ്യാലയത്തിലെ പി.ടി.എ പ്രസിഡന്റ് വാട്ടർ പ്യൂരിഫയർ, ടി. വി, ഇൻസിനറേറ്റർ എന്നിവ വിദ്യാലയത്തിന് കൈമാറി. പഠനോത്സവം സംഘടിപ്പിച്ചു.

**V അമ്പായത്തോട് യു. പി സ്കൂൾ**

വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും നടത്തപ്പെട്ടു.

### VI സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ

അൽ മാഹിർ അറബിക് സ്കോളർഷിപ്പ് പരീക്ഷയിൽ വിജയം നേടി. ഉപജില്ലാതല സയൻസ് പ്രോജക്ട് മത്സരത്തിൽ വിജയിക ളായി. പ്രാദേശിക വികസന സെമിനാർ സംഘടിപ്പിച്ചു.ഓൺ ലൈൻ വായനോത്സവം, പഠനോത്സവം എന്നിവ നടത്തി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് A ഗ്രേഡ് ലഭിച്ചു.

### VII സെന്റ് ജോസഫ്സ് യു. പി സ്കൂൾ കല്ലോടി

അധ്യാപകരും രക്ഷിതാക്കളുമൊരുമിച്ചു സമ്പൂർണ ഗൃഹ സന്ദർശനം നടത്തി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് A ഗ്രേഡ് ലഭിച്ചു. വിവിധ സ്ഥലങ്ങളിലായി കോർണർ പി.ടി.എ സംഘടിപ്പിച്ചു.

### VIII സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്

വിദ്യാർത്ഥികൾ LSS, USS പരീക്ഷകളിൽ പങ്കെടുത്തു. വിദ്യാ ലയത്തിലെ വിവിധ ഭൗതിക സാഹചര്യങ്ങളുടെ വികസനം പൂർ ത്തിയാക്കി. വാർഷികം സമുചിതമായി ആഘോഷിച്ചു. ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്ക് യാത്രയയപ്പ് നൽകി. നല്ലപാഠം പ്രവർ ത്തനങ്ങൾക്ക് A ഗ്രേഡ് നേടി. പഠനോത്സവം, ഇംഗ്ലീഷ് ഫെസ്റ്റ് എന്നിവ സംഘടിപ്പിച്ചു.

### IX സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ

പഠനോത്സവം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. നല്ല പാഠം പ്രവർത്തനങ്ങൾക്ക് A ഗ്രേഡ് ലഭിച്ചു.

### X എ. യു. പി സ്കൂൾ ദ്വാരക

സുരീലി ഹിന്ദി ഉത്സവ് നടത്തി. വിവിധ പരിപാടികൾ അരങ്ങേറി. എല്ലാവർക്കും നേതൃമികവ് എന്ന ലക്ഷ്യത്തോടെ ക്ലാസ് അസം ബ്ലികൾ നടത്തിവരുന്നു. ഉറുദു ടാലന്റ് ടെസ്റ്റിലും അറബിക് ടാലന്റ് ടെസ്റ്റിലും വിജയികളായി.

### XI ടി. ടി. ഐ മാനന്തവാടി

വിദ്യാർത്ഥികൾക്കായി പഠനയാത്രകൾ നടത്തി. ലഹരി വിമുക്തകേരളത്തിന്റെ ഭാഗമായി നടത്തിയ വടംവലി മത്സരത്തിൽ ടി. ടി. ഐ യിലെ പെൺകുട്ടികൾ ഒന്നാമതെത്തി. ഗോത്രഫെസ്റ്റ് നടത്തി. അറബി ടാലന്റ് ടെസ്റ്റിൽ വിജയം നേടി. ഇൻസ്പയർ അവാർ ഡിന് വിദ്യാർത്ഥികൾ അർഹരായി. സയൻസ് ഫെസ്റ്റ് പ്രോജക്ട് അവതരണത്തിൽ മൂന്നാം സ്ഥാനം നേടി.

**XII സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

ജില്ലാതല അൽമാഹിർ സ്കോളർഷിപ്പ് പരീക്ഷയിൽ വിജയം നേടി. അന്താരാഷ്ട്ര അറബി ദിനത്തിന്റെ ഭാഗമായി തയ്യാറാക്കിയ മാഗസിൻ മികച്ച മാഗസിനായി തിരഞ്ഞെടുക്കപ്പെട്ടു. പ്ലാറ്റിനം ജൂബിലി ആലോചനയോഗം ചേർന്നു. ഗോത്രഫെസ്റ്റ് സംഘടിപ്പിച്ചു.

**XIII സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ**

സ്കൂൾ പരിസരത്തെ അപകടസാധ്യതകൾ ഒഴിവാക്കാൻ സ്പീഡ് ബ്രേക്കർ ബോർഡുകൾ സ്ഥാപിച്ചു. രക്ഷാകർതൃ ശാക്തീകരണ പരിപാടി സംഘടിപ്പിച്ചു. വോളിബോൾ കോച്ചിങ് ആരംഭിച്ചു. സ്കൂൾ വാർഷികം വിപുലമായി ആഘോഷിച്ചു.

**XIV സെന്റ് മേരീസ് യു. പി സ്കൂൾ കബനിഗിരി**

പഠനോത്സവവും ഇംഗ്ലീഷ് ഫെസ്റ്റും സംഘടിപ്പിച്ചു. നല്ല പാഠം പ്രവർത്തനങ്ങൾക്ക് ജില്ലാതലത്തിൽ A ഗ്രേഡ് ലഭിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിദ്യാലയത്തിന്റെ വാർഷികവും യാത്രയയപ്പ് സമ്മേളനവും വിപുലമായി നടത്തപ്പെട്ടു. പഠനോത്സവവും ഗോത്രഫെസ്റ്റും സംഘടിപ്പിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

ഗോത്ര ഫെസ്റ്റ് സംഘടിപ്പിച്ചു. SSLC വിദ്യാർത്ഥികൾക്കായി സഹവാസ ക്യാമ്പ് നടന്നുവരുന്നു.

**III നിർമ്മല ഹൈസ്കൂൾ കബനിഗിരി**

കോർപ്പറേറ്റ് ഏജൻസി വിദ്യാലയത്തിന് നിർമിച്ചു നൽകിയ ശുചിമുറികളുടെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടു. ലോകമാതൃഭാഷദിനത്തിൽ സന്ദേശം നൽകി. ഇംഗ്ലീഷ് ഫെസ്റ്റ് നടത്തി. വിദ്യാലയച്ചുമരുകൾക്ക് ചിത്രാലങ്കാരം നടത്തി. സന്മാർഗശാസ്ത്ര പരീക്ഷയിൽ കൂടുതൽ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്ക് ക്യാഷ് പ്രൈസ് നൽകി.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

രാജ്യപുരസ്കാർ ടെസ്റ്റിൽ മുഴുവൻ വിദ്യാർത്ഥികളും വിജയികളായി. സംസ്ഥാന പഞ്ചഗുസ്തി മത്സരത്തിൽ വിദ്യാർത്ഥി ഗോൾഡ് മെഡലോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കി. മലയാളഭാഷാദിനവും

പരിചിന്തനദിനവും ആചരിച്ചു. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ തയ്യാറാക്കിയ മാഗസിൻ പ്രകാശനം ചെയ്തു.

### V സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്

പ്രാദേശിക പി. ടി. എ നടത്തി. സമ്പൂർണ ഗൃഹസന്ദർശനം നടത്തി. ലഹരിവിരുദ്ധ നവകേരളം ഷോർട്ട് ഫിലിം ജില്ലാതലത്തിൽ മൂന്നാം സ്ഥാനം ലഭിച്ചു.

### VI സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി

ഉറുദു ദിനാചരണം, ഇംഗ്ലീഷ് ഫെസ്റ്റ്, ഗോത്ര ഫെസ്റ്റ് എന്നിവ സമുചിതമായി സംഘടിപ്പിച്ചു. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഇൻഡസ്ട്രിയൽ വിസിറ്റ് നടത്തി. ഗതാഗതം നിയന്ത്രിക്കുന്ന പോലീസുകാർക്കായി സംഭാരം വിതരണം ചെയ്തു. പത്താം തരം ഗോത്ര വിദ്യാർത്ഥികളുടെ റസിഡൻഷ്യൽ ക്യാമ്പ് തുടരുന്നു.

### VII ഐ. ജെ. എം ഹൈസ്കൂൾ കൊട്ടിയൂർ

പത്താം ക്ലാസ് വിദ്യാർത്ഥികൾക്കായി മോഡൽ പരീക്ഷ നടത്തുകയും പരിഹാര പഠന ബോധന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. സ്കൗട്ട് ആൻഡ് ഗൈഡ്സ് പരിചിന്തനദിനത്തോടനുബന്ധിച്ചു പ്രൊവിഡൻസ് ഹോം സന്ദർശിക്കുകയും നിത്യോപയോഗ സാധനങ്ങൾ നൽകുകയും ചെയ്തു. പറവകൾക്ക് പാനപാത്രം പ്രവർത്തനം ആരംഭിച്ചു.

### VIII സി. കെ. എച്ച്. എസ് മണിമൂളി

SSLC വിദ്യാർത്ഥികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് മലപ്പുറം ജില്ലയിൽ രണ്ടാം സ്ഥാനം നേടി.

## ഹയർസെക്കണ്ടറി വിഭാഗം

### I സി. കെ. എച്ച്. എസ്. എസ് മണിമൂളി

പഠനത്തിൽ പിന്നോക്കം നിൽക്കുന്ന +1 ,+2 വിദ്യാർത്ഥികൾക്കായി പ്രത്യേക പരിശീലനം നൽകി.

### II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി

പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി പഠന ക്യാമ്പ് നടത്തി. മികച്ച വോളണ്ടിയേഴ്സ് ആയി തിരഞ്ഞെടുക്കപ്പെട്ട NSS പ്രവർത്തകരായ വിദ്യാർത്ഥികൾ അവാർഡ് ഏറ്റുവാങ്ങി.

**III സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി പഠനക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പ് ദിവസങ്ങളിൽ പി.ടി.എ യോഗം ചേർന്നു.

വീണ്ടുമൊരു അധ്യയനവർഷം കൂടി അവസാനിക്കുകയാണ്. കഴിഞ്ഞ ഒരു വർഷക്കാലം അധ്യാപകർ പകർന്നേകിയതും വിദ്യാർത്ഥികൾ നേടിയതും അവരുടെ ജീവിതപാതയിൽ മുതൽക്കൂട്ടാകട്ടെ. ഈ ഒഴിവുകാലം വിരസമാക്കാതെ ഇഷ്ടമുള്ള കാര്യങ്ങൾ ചെയ്യാനും കൂടുതൽ വായിക്കാനും നല്ല യാത്രകൾ ചെയ്യാനും ഉപയോഗിക്കുക. ഏവർക്കും സന്തോഷപ്രദമായ അവധിക്കാലം ആശംസിക്കുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# *Bishop's Programme*



**April 2024**

*01 Monday-03.......Wednesday: Pala: Propaganda Gathering*
*05 Friday:..............Out of station*
*06 Saturday:..........Cathedral: Death Anniversary of*
*Bp Emmanuel Pothanamuzhy*
*07 Mon- 9 Tues......Major Seminarians' Gathering*
*Afternoon: Thavinjal: Blessing of new church*
*08 Monday:...........Engaged*
*10 Wednesday:......Nadavayal: Ordination of*
*Dn Subin Pathathanmakkil SAC*
*11 Thu:...................Major Seminarians' Gathering*
*12 Fri:... …………...Trichur: FIAT Annual Gathering*
*13 Sat……………....Dwaraka: Pastoral Council*
*14 Sun :..................Kolavayal: Platinum Jubilee of parish*
*15 Mon: …………...Mananthavady: Blessing of new Latin*
*Church*
*16 Tue: …………...Nadavayal: CMC Vestition*
*17 Wed:..................Dwaraka: SABS Jubilee*
*18 Thu:...................Morning: Dwaraka: Youth Session*
*Afternoon: St. Joseph's Hospital:*
*Blessing of Hospital Annexe*
*20 Sat:....................Dwaraka: Jubilee: SH Sisters*
*Afternoon: Thonichal :*
*Laying of foundation stone of new church*
*21 Sun: …………..Valavayal: Blessing of Chapel*
*22 Mon:.................Evening: Kartikulam:*
*FEDAR General Body Meeting*
*24 Wed: …………...Kavummannam: Ordination of Deacon*
*Jomy Maliyeckaparambil OSB*
*26 Friday:..............Parliamentary Election*
*27 Sat:...................Kunjhome: Presbytery Blessing*
*28 Sun:...................Kabanigiri: Parish Jubilee*
*29 Mon: ……….......Ernakulam: KLM Meeting*
*30 Tue: …………...WSSS: Annual General Body Meeting*

# *Auxiliary Bishop's Programme*



**April 2024**

*06 Saturday:........... Thomattuchal: Feast*

*07 Sunday:..............Kolakkad: Feast*

*07 Sun- 11 Thur:.... Major Seminarians' Gathering*

*08 Monday:............ Deepthi Bhavan: Jubilee: FCC Sisters*

*10 Wednesday:....... Dwaraka: CML*

*13 Saturday:........... Dwaraka Pastoral Council*

*14 Sunday:.............. Morning: Pathiripadam: Chapel Blessing & Holy Mass*

*Afternoon: Chokkad: First Communion*

*16 Tues- 30 Tues:.....Auditing*

*17 Wednesday:....... Engaged*

*18 Thursday:........... Kuzhinilam: Jubilee: Camillus Sisters*

*19 Friday:................Ellumandam: Holy Mass*

*20 Saturday:............Morning: Mundery: First Communion*

*Afternoon: Bhoodhanam: Baptism*

*21 Sunday:...............Santhom, Hulimavu: First Communion*

*27 Saturday:............Kabanigiri: Jubilee Mass*

*28 Sunday:...............Kaniambetta: Jubilee Year*